
# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

Vol. 13/ Issue 10
October 2022



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY


Episcopal
ORDINATION
Rev. Msgr. ALEX THARAMANGALAM
AUXILIARY BISHOP ELECT, EPARCHY OF MANANTHAVADY
01ST NOVEMBER 2022
09.30 AM, TUESDAY
PASTORAL CENTRE, DWARAKA

2022–2024

## പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി

## തിരഞ്ഞെടുക്കപ്പെട്ട



## ശ്രീ. ജോസ് മാത്യൂ പുഞ്ചയിൽ

# അഭിനന്ദനങ്ങൾ

മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 13 ഒക്ടോബർ 2022 ലക്കം 10

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ബഹു. മാത്യു അത്തിക്കൽ അച്ചന് ആദരാഞ്ജലികൾ



മാനന്തവാടി രൂപതാംഗമായ ബഹു. മാത്യു അത്തിക്കൽ അച്ചൻ 17/09/2022 ന് നിര്യാതനായി. 2015 മുതൽ ദ്വാരക വിയാനി ഭവനിൽ വിശ്രമജീവിതം നയിച്ചുവരുകയായിരുന്നു. കോതമംഗലം രൂപതയിലെ കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന ഇടവകയിൽ അത്തിക്കൽ വർക്കി - അന്ന ദമ്പതികളുടെ മകനായി 1942 ജൂൺ 11-ാം തീയതിയാണ് ബഹുമാനപ്പെട്ട മാത്യു അച്ചൻ ജനിച്ചത്. വർഗ്ഗീസ്, ഫാ. ജേക്കബ് അത്തിക്കൽ, മറിയം എന്നിവർ സഹോദരങ്ങളാണ്. കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും അറിയപ്പെടണമെന്ന ആഗ്രഹം മനസ്സിൽ സൂക്ഷിച്ച് വിൻസെൻഷ്യൻ സഭയുടെ അങ്കമാലി സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ ചേർന്നു (1959-61). മൈനർ സെമിനാരി പഠനത്തിന് ശേഷം കാർമൽഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ (1961-64) തത്വശാസ്ത്രപഠനം നടത്തി സന്യാസജീവിതത്തിന്റെ ഭാഗമായ നൊവിഷ്യേറ്റ് കാലഘട്ടത്തിലേക്ക് (1964-65) കടന്നു. തുടർന്ന് ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രപഠനവും (1965-69) പൂർത്തിയാക്കി 1969 ഫെബ്രുവരി 2-ന് മാത്യു അച്ചൻ പൗരോഹിത്യം സ്വീകരിച്ചു. വിൻസെൻഷ്യൻ സന്യാസസഭയിലെ സന്യാസജീവിതത്തിനിടയിൽ ഒട്ടേറെ ജീവിതങ്ങളെ

ക്രിസ്തു സ്നേഹത്തിലേക്ക് അടുപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ആത്മാക്കളെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിഞ്ഞിരുന്ന അത്തിക്കൽ മാത്യു അച്ചൻ തന്റെ സന്യാസജീവിതത്തിൽ നിന്നും മാറി രൂപതാ വൈദികനായി ജീവിക്കണമെന്ന ആഗ്രഹത്തോടെ 1985-ൽ മാനന്തവാടി രൂപതയിൽ അംഗമായി ചേർന്നു. തുടർന്ന് മാനന്തവാടി രൂപതയിലെ കാരയ്ക്കാമല, ശിശുമല, പോരൂർ, ചെന്നലോട്, അടയ്ക്കാത്തോട്, കല്ലോടി, പടമല, അരിഞ്ചേർമല, തവിഞ്ഞാൽ എന്നീ ഇടവകകളിൽ വികാരിയായി അച്ചൻ ശുശ്രൂഷ ചെയ്തു. ഒരു ഉജ്ജ്വല വാഗ്മിയായിരുന്ന അച്ചൻ മാനന്തവാടി രൂപതയിലെ ശുശ്രൂഷാജീവിതകാലത്ത് വർഷങ്ങളോളം രൂപതയുടെ മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ ഡയറക്ടറായിരുന്നു. 2010-12 കാലഘട്ടത്തിൽ ജഗദൽപൂർ മിഷനിൽ ജോലി ചെയ്ത മാത്യു അച്ചൻ "Deep Jwalaye, Rai Dikhaye" (വിളക്ക് കത്തിക്കുക, വഴി കാണിക്കുക) എന്ന പേരിൽ ഹിന്ദി ഭാഷയിൽ വളരെ വിശദമായ ഒരു വിശ്വാസപരിശീലന ഗ്രന്ഥം തയ്യാറാക്കിയിട്ടുണ്ട്.

വൈദിക ജീവിതത്തിൽ പ്രായം തളർത്താത്ത പോരാളിയാണെങ്കിലും വാർദ്ധക്യസഹജമായ രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും അലട്ടാൻ തുടങ്ങിയപ്പോൾ മാത്യു അച്ചൻ രൂപതയുടെ ദ്വാരകയിലെ വിയാനി ഭവനിൽ വിശ്രമജീവിതം ആരംഭിച്ചു. ക്രിസ്തുവിനുവേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കണമെന്നും ജീവിക്കണമെന്നുമുള്ള ആഗ്രഹത്തോടെ പൗരോഹിത്യ ജീവിതം ആരംഭിച്ച അത്തിക്കലച്ചൻ ഒരു യഥാർത്ഥ പ്രേഷിതനായിട്ടുതന്നെയാണ് ജീവിച്ചത്. തന്നെ ഏല്പിച്ച സ്ഥലങ്ങളിലും ഇടവകകളിലുമൊക്കെ ജീവിതംകൊണ്ട് സുവിശേഷം പ്രസംഗിച്ച് പ്രാർത്ഥനയും പരിത്യാഗപ്രവർത്തനങ്ങളും വഴി ഒട്ടേറെ ആത്മാക്കളെ അച്ചൻ നേടിയെടുത്തു. ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടായപ്പോഴും ശാന്തതയോടെ അവയെ നേരിടുവാനും പരാതികളില്ലാതെ അവയെ ക്രിസ്തുസ്നേഹത്തെ പ്രതി സ്വീകരിക്കുവാനും അച്ചൻ കാണിച്ച ധൈര്യവും ക്ഷമയും സന്നദ്ധനയും ഏവർക്കും മാതൃകാപരമാണ്.

2022 ഏപ്രിൽ 18 നു 10 മണിക്ക് വിയാനി ഭവൻ ചാപ്പലിൽ വെച്ചു അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടന്നു. തുടർന്ന് മൃതശരീരം ദ്വാരക

പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ പൊതുദർശനത്തിന് വെച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം സെപ്റ്റംബർ 19 നു രാവിലെ രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നടത്തി. തുടർന്ന് സിയോൻ ധ്യാനകേന്ദ്രത്തിലേയ്ക്ക് മൃതദേഹം സംവഹിക്കപ്പെട്ടു. ധാരാളം വൈദികരും സന്യസ്തരും, അച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നുള്ള ദൈവജനവും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. രാവിലെ 9 മണിക്ക് അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യ ബലിയർപ്പിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ, ബഹു. ഫാ. ജേക്കബ് അത്തിക്കൽ, കുടുംബാംഗങ്ങളായ മറ്റു വൈദികർ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് അച്ചന്റെ ഭൗതിക ശരീരം വൈദികരുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

നന്മയുടെയും സേവനത്തിന്റെയും ദീപം അനേകർക്ക് കൈ മാറി നിത്യതയിലേക്ക് യാത്രയായ അത്തിക്കൽ അച്ചന്റെ പാവന സ്മരണയ്ക്ക് മുൻപിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴി കളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഉള്ളടക്കം

സർക്കുലർ........................................................................... 08
പാസ്റ്ററൽ കൗൺസിൽ മെമ്പേഴ്സ് .................................... 14
രൂപതാ കച്ചേരി വാർത്തകൾ................................................ 25
മതബോധനരംഗം ................................................................... 28
ചെറുപുഷ്പ മിഷൻലീഗ്........................................................ 32
Department of Youth Ministry ....................................... 40
കെ.സി.വൈ.എം.................................................................... 43
കുടുംബപ്രേഷിതത്വം............................................................ 47
സീയോൻ വാർത്ത.................................................................. 55
വിൻസെന്റ് ഡി പോൾ സൊസൈറ്റി.................................. 57
സാമൂഹ്യ സേവനരംഗം (WSSS)......................................... 61
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ............................ 66
ബയോവിൻ അഗ്രോ റിസർച്ച്............................................... 67
റേഡിയോ മാറ്റൊലി ............................................................... 70
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി............................. 72
കത്തോലിക്കാ കോൺഗ്രസ്.................................................. 76
Mary Matha Arts & Science College.............................. 79
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ................................. 81
ബിഷപ്സ് പ്രോഗ്രാം ............................................................... 91

# സർക്കുലർ

**Prot. No. 26581 /2022**
**Circular No. 09/2022**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയ കുട്ടികളേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ. നമ്മുടെ രൂപതയ്ക്കായി നിയമിതനായിരിക്കുന്ന സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ഈ സെപ്റ്റംബർ മാസം 23 ന് വെള്ളിയാഴ്ച നമ്മുടെ രൂപതയിൽ എത്തിച്ചേർന്ന വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. അന്നേ ദിവസം ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ അദ്ദേഹത്തിന് സ്വീകരണം ഒരുക്കാനാണ് നമ്മൾ ക്രമീകരണം നടത്തിയത്. നിർഭാഗ്യവശാൽ അപ്രതീക്ഷിതമായി പ്രഖ്യാപിക്കപ്പെട്ട ഹർത്താൽമൂലം ആ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു. ആ സ്വീകരണച്ചടങ്ങിൽ സംബന്ധിക്കാൻ ക്ഷണിക്കപ്പെട്ടിരുന്ന ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതരുടെ പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ, സ്വീകരണച്ചടങ്ങ് ക്രമീകരിക്കാൻ ഏല്പിക്കപ്പെട്ടവർ തുടങ്ങി എല്ലാവർക്കും ഉണ്ടായ ബുദ്ധിമുട്ടുകളിൽ നിർവ്യാജം ഖേദിക്കുന്നു.

ഹർത്താൽ ഉണ്ടായിരുന്നെങ്കിലും മുമ്പ് അറിയിച്ചിരുന്നതുപോലെ 23 ന് വെള്ളിയാഴ്ച വൈകുന്നേരത്തോടെ തന്നെ അഭിവന്ദ്യ അലക്സ് പിതാവ് മാനന്തവാടി ബിഷപ്പ്സ് ഹൗസിൽ എത്തിച്ചേർന്നു. കൂരിയാ അംഗങ്ങളും, മൈനർ സെമിനാരി വിദ്യാർത്ഥികളും സമർപ്പിതരുടെ ഏതാനും പ്രതിനിധികളും ചേർന്ന് അദ്ദേഹത്തെയും അദ്ദേഹത്തെ അനുധാവനം ചെയ്ത തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് പാംബ്ലാനി പിതാവിനെയും മറ്റുള്ളവരെയും സ്വീകരിച്ചു. ബിഷപ്പ്സ് ഹൗസിന്റെ ചാപ്പലിൽ നടന്ന ഹ്യസ്വമായ പ്രാർത്ഥനാ ശുശ്രൂഷക്ക് ശേഷം നടന്ന സ്നേഹവിരുന്നോടുകൂടി ചടങ്ങ് സമാപിച്ചു. ഇനി മുതൽ അദ്ദേഹത്തിന്റെ താമസം മാനന്തവാടി ബിഷപ്പ്സ് ഹൗസിലായിരിക്കും. എങ്കിലും മെത്രാഭിഷേകത്തിന് ശേഷമേ ഔദ്യോ

ഗിക ചടങ്ങുകൾ ഏറ്റെടുക്കുകയുള്ളു. സഹായമെത്രാൻ എന്ന നില യിൽ അദ്ദേഹത്തിന്റെ ദൗത്യം, ഉത്തരവാദിത്വങ്ങൾ, കടമകൾ, അവകാശാധികാരങ്ങൾ തുടങ്ങിയവ സംബന്ധിച്ച് നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്. മെത്രാഭിഷേകത്തിന് ശേഷം അദ്ദേഹ ത്തിന്റെ പേരും വി. കുർബാനയിലും മറ്റ് പ്രാർത്ഥനകളിലും അനുസ്മരിക്കേണ്ടതാണ്.

നിയുക്ത സഹായമെത്രാന്റെ മെത്രാഭിഷേകം 2022 നവംബർ ഒന്നാം തിയതി ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 9:30 ന് നടത്തപ്പെടും. നമുക്കെല്ലാം ഏറെ സന്തോഷം നൽകുന്ന ആ ശുഭമുഹൂർത്തത്തിലേക്ക് നിങ്ങളെ എല്ലാവരേയും സ്നേഹപൂർവം ക്ഷണിക്കുന്നു. അതോടൊപ്പം മെത്രാഭിഷേക കർമ്മങ്ങളും അദ്ദേഹത്തിന്റെ മേൽപ്പട്ട ശുശ്രൂഷയും ഭംഗിയായി തീരാൻ ഈശോ യോട് പ്രാർത്ഥിക്കാം. നിങ്ങളുടെ പ്രാർത്ഥനകൾ എന്നും അദ്ദേഹ ത്തോടൊപ്പമുണ്ടാകണം.

മെത്രാഭിഷേക കർമ്മത്തിൽ എല്ലാവർക്കും നേരിട്ട് പങ്കെടു ക്കാൻ സാധിക്കുകയില്ലാത്തതുകൊണ്ട് സമൂഹമാധ്യമങ്ങളിലൂടെ തത്സമയം സംപ്രേഷണം ചെയ്യുന്നതാണ്. അതിന്റെ ലിങ്കുകളും മറ്റും യഥാസമയം നിങ്ങൾക്ക് ലഭ്യമാക്കാൻ സംവിധാനങ്ങൾ ചെയ് തിട്ടുണ്ട്. അതുപോലെ തന്നെ ഈ ചടങ്ങിനെത്തുന്നവരുടെ വാഹ നങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലം തുടങ്ങിയ കാര്യങ്ങളെപ്പറ്റി വിശ ദമായി പിന്നീട് അറിയിക്കും.

മെത്രാഭിഷേക ചടങ്ങുകൾ ഏകോപിപ്പിക്കാൻ ഉത്തരവാദി ത്വപ്പെട്ട ഒരു കേന്ദ്ര കമ്മിറ്റിയും ഓരോ വിഭാഗവും കൈകാര്യം ചെയ്യാൻ വിവിധ സബ്ക്കമ്മിറ്റികളും രൂപീകരിക്കപ്പെട്ട് പ്രവർ ത്തനം ആരംഭിച്ചു കഴിഞ്ഞു. അവയുടെ വിശദവിവരങ്ങൾ ഈ ബുള്ളറ്റിനിൽ അന്യത്ര ചേർത്തിട്ടുണ്ട്. കമ്മിറ്റിയംഗങ്ങൾ യഥാസ മയം സമ്മേളിക്കുകയും തങ്ങളെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദി ത്വങ്ങൾ കൃത്യമായി നിർവഹിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ. എല്ലാവർക്കും മുൻകൂട്ടി നന്ദി പറയുന്നു.

മെത്രാഭിഷേകച്ചടങ്ങുകൾ നടക്കുന്ന പാസ്റ്ററൽ സെന്ററിൽ സ്ഥലപരിമിതി ഉള്ളതുകൊണ്ടും ഇരിപ്പിടങ്ങൾ, ഭക്ഷണം എന്നിവ മുൻകൂട്ടി ക്രമീകരിക്കേണ്ടുള്ളതുകൊണ്ടും ചടങ്ങിൽ പങ്കെടുക്കാനെത്തുന്നവരുടെ എണ്ണം മുൻകൂട്ടി അറിയേണ്ടതുണ്ട്. അതിനാൽ ഔദ്യോഗികമായി പങ്കെടുക്കേണ്ടവരുടെ പ്രാതിനിധ്യ

വിവരം താഴെ കൊടുക്കുന്നു. അതനുസരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും മറ്റ് ഉത്തരവാദിത്വപ്പെട്ടവരും ചടങ്ങിൽ പങ്കെടുക്കാനുള്ളവരെ യഥാസമയം തെരഞ്ഞെടുക്കുകയും അവരെ അക്കാര്യം അറിയിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഒക്ടോബർ പത്താം തീയതിക്ക് മുമ്പ് കേന്ദ്ര ക്കമ്മിറ്റിയുടെ കൺവീനർക്ക് കൈമാറുകയും ചെയ്യേണ്ടതാണ്. അവരുടെ മൊബൈൽ നമ്പർ, വാട്ട്സ് ആപ്പ് നമ്പർ, ഈ മെയിൽ ഐ.ഡി. ഇവയും നൽകണം

അഭിവന്ദ്യ അലക്സ് പിതാവിന്റെ മേൽപ്പട്ട ശുശ്രൂഷ നമ്മുടെ രൂപതയെ കൂടുതൽ ചൈതന്യവത്താക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

2022 സെപ്റ്റംബർ മാസം 22-ാം തീയതി മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**N.B**:- ഈ സർക്കുലർ 2022 ഒക്ടോബർ മാസം 9 ന് ഞായറാഴ്ച എല്ലാ പള്ളികളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. കഴിയുന്നത്ര വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് അയച്ചുകൊടുക്കാനും അഭ്യർത്ഥിക്കുന്നു.

## നിയുക്ത സഹായമെത്രാന്റെ മെത്രാഭിഷേകം

മെത്രാഭിഷേക ചടങ്ങുകൾ ഭംഗിയായി ക്രമീകരിക്കാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് രക്ഷാധികാരിയായും, മോൺ. പോൾ മുണ്ടോളിക്കൽ സഹരക്ഷാധികാരിയായും, ബഹു. തോമസ് മണക്കുന്നേൽ അച്ചൻ ജനറൽ കൺവീനർ ആയും സംഘാടക സമിതി രൂപീകരിച്ചു. വൈദികരെയും വിവിധ സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളെയും, അത്മായരെയും ഉൾപ്പെടുത്തി വിവിധ സബ് കമ്മിറ്റികൾ രൂപീകരിച്ചു. വിവിധ കമ്മിറ്റികൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| Patron: | Bishop Jose Porunnedom |
| Co-Patron: | Msgr. Paul Mundolickal |
| General Convenor: | Rev. Fr. Thomas Manakkunnel |
| Convenors: | Fr John Ponparackal |
| | Fr Anoop Kaliyaniyil |
| | Fr Ribin Pezhakkattil |

**Various Sub Committees**

**1. Invitation**

Fr Joseph Mecheril (Chairman), Fr Shaji Mulakudiyankal, Fr Biju Mavara, Fr Vincent Mattammel O Praem, Mr. Jose Mathew Punchayil (Convenor)

**2. Reception**

Fr Sunny Madathil (Chairman), Fr Joseph Paruvummel, Fr Joy Thuruthel, Fr Linson Chenginiyath CST, Bro. Franco MMB, Sr. Jyothi Maria FCC, Mr. MC Sebastian (Convenor), Mr. Mathew Kuzhuppil

**3. Liturgy**

Fr Sony Vazhakattu (Chairman), Fr Prince Thekkethil, Sr Gracy Mathew SH (Convenor), Sr Philo SCV, MC- Fr Jose Kottaram & Fr Thomas Kachirayil

**4. Food**

Fr Jojo Kudackachira (Chairman), Fr Bivaldin Thevarkunnel,

Thomas VD (Convenor), Sr. Linsa SKD, Mr. Siju Kotholil, Mrs. Philo Chelackal

**5. Accomodation (WSSS)**

Fr Paul Koottala and Fr George Palathadathil

**6. Stage, Auditorium & Light and Sound**

Fr Manoj Ambalathinkal (Chairman), Fr Joseph Chettiyassery and Fr Augustine Chirackathottam, Mr. Tibin Parackal (Convenor), Mr. Bineesh Thumbiamkuzhy

**7. Choir**

Fr Sony Vadayaparambil

**8. Commentary**

Fr Babu Maplassery

**9. Live Telecasting & Photo**

Fr Manoj Kakkonal, Fr Akhil Kunnath

**10. Bishops' Refectory**

Fr Joshy Periappuram(Chairman), Fr Binu Vadakkel,
Sr. Jasmine CMC (Convenor), Sr Ann Mary SABS

**11. Publicity- Press**

Fr Jose Kocharackal (Chairman)
Babu Nambudakam (Convenor)

**12. Transportation and Parking**

Fr Sunil Vattukunnel (Chairman), Fr Saji Punchayil
Robin Purayidathil (Convenor), Joseph K V
Thomas Elappupara, Francis Kaliyaniyil

**13. Law & Order and Volunteers**

Fr Biju Thuruthel (Chairman), Fr Jose Thekanady, Fr Vincent Kalappura, Johnson Thozhuthunkal.
Fr Saji Nedumkallel (Chairman), Fr Jaimon Kalambukattu
Sr. Little Flower MSMI, Mr. James Mathew (Convenor)
Mr. N. K Joy Chachira, Mr. Siby Mangottu

**14. General Decoration & Outside Tent**

Fr. Joby Mukkattukavunkal (Chairman)
Fr Sijo Elamkunnappuzha
Mr. Sebastian Purackal (Convenor)

**15. Medical Assistance**
Fr Manoj Kavalakkadan

**മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുക്കേണ്ടവർ:**

1. 400 നു മുകളിൽ വീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കാവുന്ന അത്മായരുടെ എണ്ണം 15

2. 400 നു താഴെവീടുകളുള്ള ഇടവകയിൽ നിന്നും പങ്കെടുക്കാവുന്ന അത്മായരുടെ എണ്ണം 10 (ഇടവകയിൽ നിന്നും നിർബന്ധമായും ഉൾപ്പെടുത്തേണ്ടവർ: കൈക്കാരൻമാർ, കപ്യാർ, സെക്രട്ടറി, സൺഡേസ്കൂൾ പ്രധാനാധ്യാപകർ, സംഘടനാ ഭാരവാഹികൾ).

3. എല്ലാ വൈദികരും, സമർപ്പിത ഭവനങ്ങളിലെ മേജർ ആൻഡ് ലോക്കൽ സുപ്പീരിയേഴ്സ്

4. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ

5. എല്ലാ സ്കൂളുകളിലെയും (including English Medium) പ്രധാനാധ്യാപകർ

6. രൂപതാ സംഘടനാ ഭാഹവാഹികൾ

# PASTORAL COUNCIL MEMBERS 2022 - 2024

| No | Name | Designation |
|---|---|---|
| 1. | Mar Jose Porunnedom | Bishop |
| 2. | Very Rev. Fr. Paul Mundolickal | Protosyncellus |
| 3. | Rev. Fr. Thomas Manakunnel | Syncellus: Nilambur - Manimooly Region |
| 4. | Rev. Fr. Anoop Kaliyaniyil | Chancellor |
| 5. | Rev. Fr. Francis Pezhakkattil | Diocesan Office Secretary |
| 6. | Rev. Fr. John Ponparackal | Procurator |
| 7. | Rev. Fr. Mathew Madapallikunnel | Judicial Vicar |
| 8. | Rev. Fr. Jose Kocharackal | PRO |
| 9. | Rev. Fr. Sunny Madathil | Vicar, Cathedral |
| 10. | Rev. Fr. Joseph Nedumkallel | Rector, Mount Mary College |
| 11. | Rev. Fr. Joseph Elamkunnapuzha | Corporate Manager |
| 12. | Rev. Fr. Stanislaus Mavara | Protopresbyter, Kallody Forane |
| 13. | Rev. Fr. Thomas Manakkunnel | Protopresbyter, Manimooly Forane |
| 14. | Rev. Fr. Kuriakose Thuruthel | Protopresbyter,Chungakunnu Forane |
| 15. | Rev. Fr. Joseph Mecheril | Protopresbyter, Nadavayal Forane |
| 16. | Rev. Fr. Jose Thekkanady | Protopresbyter, Mullenkolly Forane |
| 17. | Rev. Fr. Mathew Periappuram | Protopresbyter, Kalpetta Forane |
| 18. | Rev. Fr. Joseph Paruvummel | Protopresbyter, Bathery Forane |
| 19. | Rev. Fr. Thomas Thuruthel | Protopresbyter, Nilambur Forane |
| 20. | Rev. Fr. Issac Vattukunnel | Protopresbyter,Payyampally Forane |
| 21. | Rev. Fr. Lucka Punchayil | Protopresbyter, Thariode Forane |
| 22. | Rev. Fr.Varghese Mulakudiyankal | Protopresbyter, Dwaraka Forane |
| 23. | Rev. Fr. Vincent Kalappurayil | Nilgiri Region |
| 24. | Rev Fr James Puthenparambil | Eparchial Consultor |
| 25. | Rev Fr Joseph Pinakkattu | Eparchial Consultor |
| 26. | Rev Fr. George Myladoor | Eparchial Consultor |
| 27. | Rev Fr.ThomasChelackapallil | Asst. Manager, Mary Matha College |
| 28. | Rev. Fr. Thomas Mukkattukavunkal | Director, AKCC |
| 29. | Rev. Fr. Joseph Karukappillil | Director, Radio Mattoli |
| 30. | Rev. Fr. Joseph Kudakkachira | Director, Family Apostolate & Pro -life |

| | |
|---|---|
| 31. Rev. Fr. Joseph Kudakkachira | Director, Pastoral Centre |
| 32. Rev. Fr.Thomas Kachirayil | Director, Catechism |
| 33. Rev. Fr. John Choorapuzhayil | Director, Biowin |
| 34. Rev. Fr. SebastianAmbalathinkal | Director, CML |
| 35. Rev. Fr. Augustin Chirackathottathil | Director, KCYM |
| 36. Rev. Fr. Lal Painumkal | Director, Youth Ministry |
| 37. Rev Fr Noble Parackal | CEO, FEDAR |
| 38. Rev. Fr. Abraham Madathil | Director, Madhyavirudha Samithi |
| 39. Rev. Fr. Joseph Vazhakattu | Director, Renewal Programmes |
| 40. Rev. Fr. Manoj Kavalakkadan | Director, St. Joseph's Hospital |
| 41. Rev. Fr. Issac Vattukunnel | Director, Wayanad Infam & Diocesan Coordinator, Deepika |
| 42. Rev. Fr. Manoj Kakkonal | Director, Media Commission |
| 43. Rev. Fr. Babu Maplassery | Convenor, History Book |
| 44. Rev. Fr. Mathew Puthenpurackal | Director, Jesus Fraternity |
| 45. Rev. Fr. Paul Koottala | Diocesan Director, Social Services |
| 46. Rev Fr Emmanuel Vadakkel | Director, Bible Apostolate, Mathruvedi, Marian Singles, Pro-Life Movement and the Matrimony Services |
| 47. Rev Fr Sebasian Kassamkuttiyil | Director, NDS |
| 48. Rev Fr Joseph Kalambukattu | Director, Vianney Bhavan |
| 49. Rev. Fr. Prince Thekkethil | Director, Jesus Youth Movement |
| 50. Rev. Fr Varghese Thattuparambil | Director, Christeen Ministry |
| 51. Mr. Benny Antony Vattakkamulayil | Secretary, Catechism |
| 52. Mr. Bineesh Thumbiamkuzhy | President, CML |
| 53. Mr. Tibin Varghese Parackal | President, KCYM |
| 54. Mr. Babu Nambudakam | President, SVDP |
| 55. Mr. Sebastian Purackal | President, AKCC |
| 56. Mr. Johnson Thozhuthunkal | President, Madhyavirudha Samithi |
| 57. Mr. George Kochukulathinkal | Secretary, Infam |
| 58. Mrs. Philo Chelackal | President, CMA |
| 59. Mr. Johny Ambatt | Delegate, Family Apostolate |
| 60. Mr. Salu Abraham Mecheril | Chairman, CCF |

| | |
|---|---|
| 61. Adv. Jose Kurumbalakatt | President, Pro-life |
| 62. Mr. P A Jose | General Coordinator, WSSS |
| 63. Mr. Biju Puikunnel | President, KLM |
| 64. Mr. Jose Malola | Organiser, Renewal Ministry |
| 65. Ms. Mary Chellanthara | President, Marian Singles |
| 66. Mrs. Gracy Chittinappilly | KCC |
| 67. Adv. Rinu Jose | Director, Safe Environment |

**Forane Council Secretaries**

| | |
|---|---|
| 68. Mr Francis Kaliyaniyil | Chungakkunnu |
| 69. Mr Thomas VD | Dwaraka |
| 70. Mr Mathew Kuzhippil | Kallody |
| 71 .Mr Joseph KV | Kalpetta |
| 72. Mr James Mathew | Mananthavady |
| 73. Mr Siju Xaviour | Manimooly |
| 74. Mr Babu Nambudakam | Mullenkolly |
| 75. Mr .M C Sebastian | Nadavayal |
| 76. Mr Joy Chachira | Nilambur |
| 77. Mr Thomas Elappupara | Payyampally |
| 78. Mr Johnson Thozhuthumkal | S. Bathery |
| 79. Mr Siby Mangottu | Thariode |
| 80. Mr Robin Purayidathil | Nilgiri Region |

**Elected Members from Presbyteral Council**

81. Rev. Fr George Alukka
82. Rev. Fr Kurian Vazhayil
83. Rev. Fr Joseph Kottayil
84. Rev. Fr Kuriakose Kunnath
85. Rev. Fr Sebastian Puthen

**Chungakkunnu Forane Parish**

| | |
|---|---|
| 86. Mr. Jins M Mekkal | Kottiyoor |
| 87. Mr. Melbin Kallidayil | Ambayathode |
| 88. Mrs. Jainy Kochuvempallil | Palchuram |
| 89. Mrs. Shiny Thodamkulam | Nelliyodi |

**Dwaraka Forane**

| | |
|---|---|
| 90. Mr.Thomas Vellaramkallil | Karackamala |

91. Mr. Bibin Pilappillil Dwaraka
92. Mrs.Lissy Kuzhikanniyil Chulliana
93. Mrs. Messina Thottathil Vilambukandam

**Kallody Forane**

94. Mr. Mathew K. K Kuzhipppil Kallody
95. Mr Jomesh Vekathanath Vanjode
96. Mr Paul Joseph Kalarickal Deepthigiri
97. Mrs. Sheena Saji Kunjhome

**Kalpetta Forane**

98. Mr. Shaji Azhakanal Nedumpala
99. Mr. Joseph KV Kalpetta
100. Mrs. Nisha Shaju Kolavayal
101. Mrs. Mini Varghese Puthoorvayal

**Mananthavady Forane**

102. Mr. Sebastian Parikkilath Thavinjal
103. Mrs. Brilly Kelangattil Valad
104. Mrs. Mini Thekkumkattil Valiyakolly
105. Mr. Albin Thenalil Alattil

**Manimooly Forane**

106. Mr. Biju Kotteparambil Thalanji
107. Mr. Bineesh Jose kurikkattukunnel Narivalamunda
108. Mrs. Tisa Karivelil Palemad
109. Mrs. Mercy Thannickal Thalanji

**Mullankolly Forane**

110. Mr. Benny Elanjickal Seethamount
111. Mr. Christy Karuvallithara Kabanigiri
112. Mrs. Sini Benny Manjadiyil Marakkadavu
113. Mrs. Sheena Mappilassery Padichira

**Nadavayal Forane**

114. Mr. Tomy Chennattu Nadavayal
115. Mrs. Sheeja Palath Valavayal
116. Mrs. Suja Kozhuppayil Cherukattoor

| | |
|---|---|
| 117. Mr.Justin Puthiyedath | Panamaram |
| **Nilambur Forane** | |
| 118. Mr. Binoy Thomas | Thelpara |
| 119. Mr. Joby Elukkunnel | Muttiel |
| 120. Mrs. Lausy Kollamparambil | pookkottumpadam |
| 121. Mrs. Asha Omalakath | Chokkad |
| **Payyampally Forane** | |
| 122. Mr. Kuriachan K.J Kalambukattu | Arattuthara |
| 123. Mr. Jesbin Joseph | Kammana |
| 124. Mrs. Jolly Mathew | Kartikulam |
| 125. Mrs. Shiji Biju | Edayoorkunnu |
| **S. Bathery Forane** | |
| 126. Mr. Jose kadayilthattila | Bathery |
| 127. Mr. Bravo Binu | Bathery |
| 128. Mrs. Smitha Xavier Adavichira | Ambalavayal |
| 129. Mrs. Molly Baby | Moolankavu |
| **Thariode Forane** | |
| 130. Mr. Shaji Vattathara | Chennalode |
| 131. Mr. Jobin Thengamthottathil | Pozhuthana |
| 132. Mrs.Selin Meppadath | |
| 133. Mrs. Sushamma George | Thariode |
| **Nilgiri Region** | |
| 134. Mr. Johnson Kalappurackal | Kalpra |
| 135. Mr. Jessin George | Kayyunni |
| 136. Mrs. Bindhu Joshy Edasseriyil | Manvayal |
| 137. Mrs. Lailamol K J | Arulnilayam |
| **Representatives of Men Religious Congregation** | |
| 138. Rev. Fr. Vincent Mattummel | O. Praem |
| 139. Rev. Fr. Linson Chenginiyath | CST |
| 140. Rev. Bro. Franko | MMB |
| 141. Rev. Bro. Tomy | CST Brothers |
| 142. Rev. Fr. Chacko Illiparambil | CMI |
| **Representatives of Women Religious Congregation** | |
| 143. Rev. Sr. Philo | SCV |

| | |
|---|---|
| 144. Rev. Sr. Ann Mary | SABS |
| 145. Rev. Sr. Jyothi Maria | FCC |
| 146. Rev. Sr. Gracy Mathew | SH |
| 147. Rev. Sr. Linsa | SKD |
| 148. Rev. Sr. Jasmine | CMC |
| 149. Rev. Sr. Little Flower | MSMI |
| 150. Rev. Sr. Navya | SD |
| 151. Rev. Sr. Gracy | LSJ |
| 152. Rev. Sr. Anila | DSC |
| 153. Rev. Sr. Gracy | BPS |

**Representatives of School Teachers**

| | |
|---|---|
| 154. Mr. Brijesh Babu | HSS Kallody |
| 155. Mr.Binu Thomas | IJMHS Kottiyoor |
| 156. Mrs. Gigi Jose V | UPS Kottathara |
| 157. Mr.Benny P J | CKLPS Manimooly |

**Nominated Members**

| | |
|---|---|
| 158. Mrs.Beena Karimamkunnel | Mullenkolly |
| 159. Mr. N.D. Appachan | Theneri |
| 160. Mrs. Mercy Aryapally | Kaniyaram |
| 161. Dr. V.J.Sebastian | Kalpetta |
| 162. Mr. Sebastian Palamparambil | Paralikunnu |
| 163. Mr. Jose Pallath | Kallody |
| 164. Mr. Joshy Mathew Palarackal | Mullenkolly |
| 165. Adv. Jijil Joseph | Niravilpuzha |
| 166. Dr. Maria Martin | Mary Matha College |
| 167. Mr. PA Mathai Puliyilakattu | Bathery |
| 168. Mrs. Annakutty Unnikunnel | Nadavayal(Sitting Block Member) |
| 169. Mr. Baby Sebastian Valayil | Kurumbalakotta |
| 170. Mr. Saji Narivelil | Marakadavu |
| 171. Mr. Jose Mathew Punchayil | Karackamala |
| 172. Mr. Vijo Kachamkodath | Manimooly |
| 173. Mr. Sunil Avirappattu | Town Church |
| 174. Mr. Soiy Kaitharam | Kaniyaram |
| 175. Adv. Rejimol John Maniparambil | Edappetty |

| | |
|---|---|
| 176. Mrs. Roshni Munduparambil | Kammana |
| 177. Mr. Jose Punnakkuzhy | Kaniyaram |
| 178. Mrs. Sheeja Kanjirathumoottil | Kaniyaram |
| 179. Mr. MC Sebastian | Nadavayal |
| 180. Mrs. Siji Varghese | Seethamount |
| 181. Mrs Lissy Joseph | Adackathode |

# റിപ്പോർട്ട് - പാസ്റ്ററൽ കൗൺസിൽ 2022

2022 - 24 വർഷത്തേയ്ക്കുള്ള പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ 2022 സെപ്റ്റംബർ 10-ാം തിയതി ചേർന്നു. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ബഹു. സിസ്റ്റർ ലിറ്റിൽ ഫ്ളവർ MSMI നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു.
പാസ്റ്ററൽ കൗൺസിലിന്റെ ചുമതലകളും അംഗങ്ങളുടെ ഉത്തരവാദിത്വങ്ങളും അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അദ്ധ്യക്ഷപ്രസംഗത്തിലൂടെ അംഗങ്ങളെ ഓർമ്മപ്പെടുത്തി. അംഗങ്ങളുടെ സത്യപ്രതിജ്ഞയും പരിചയപ്പെടലിനും ശേഷം ഭാരവാഹികളുടെ തെരെഞ്ഞെടുപ്പിന് പ്രോട്ടോ സെഞ്ചുല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ നേതൃത്വം നല്കി. പുതിയ ഭാരവാഹികളായി താഴെ പറയുന്നവരെ തെരെഞ്ഞെടുത്തു.

**പുതിയ ഭാരവാഹികൾ**

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി -
ജോസ് മാത്യു പുഞ്ചയിൽ

**സ്റ്റാൻഡിംങ്ങ് കമ്മിറ്റി അംഗങ്ങൾ**

1. മാർ ജോസ് പൊരുന്നേടം - ബിഷപ്പ്
2. മോൺ. പോൾ മുണ്ടോലിക്കൽ - പ്രോട്ടോ സിഞ്ചുല്ലൂസ്
3. റവ. ഫാ. തോമസ് മണക്കുന്നേൽ - സെഞ്ചുല്ലൂസ്
4. റവ. ഫാ. അനൂപ് കാളിയാനിയിൽ - ചാൻസിലർ
5. റവ. ഫാ. ഫ്രാൻസീസ് പേഴക്കാട്ടിൽ - സെക്രട്ടറി
6. റവ. ഫാ. ജോൺ പൊൻപാറയ്ക്കൽ - പ്രൊക്കുറേറ്റർ
7. റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ
8. റവ. ഫാ. ജോജോ കുടക്കച്ചിറ
9. റവ. ഫാ. മനോജ് തോട്ടുങ്കൽ O.Praem
10. റവ. സി. ഫിലോ SCV
11. റവ. സി. ലിറ്റിൽ ഫ്ളവർ MSMI
12. സെബാസ്റ്റ്യൻ പാലംപറമ്പിൽ
13. ജോൺസൺ തൊഴുത്തുങ്കൽ
14. ക്രിസ്റ്റി കരുവള്ളിത്തറ
15. ജോസ് മാത്യു പുഞ്ചയിൽ

തുടർന്ന് സിഞ്ചുല്ലൂസ് ഫാ. തോമസ് മണക്കുന്നേൽ നിയുക്ത സഹായ മെത്രാൻ റവ. ഫാ. അലക്സ് താരാമംഗലത്തിന് 23-09-2022 ന് നൽകുന്ന സ്വീകരണത്തെക്കുറിച്ചും, 1 -11 - 2022ന് നടക്കുന്ന മെത്രാഭിഷേകത്തിന്റെ ഒരുക്കത്തെ കുറിച്ചും നടന്ന ചർച്ചക്ക് നേതൃത്വം നല്കി. രൂപതാ പ്രൊക്യുറേറ്റർ റവ. ഫാ. ജോൺ പൊൻപാറക്കൽ രൂപതയുടെ സാമ്പത്തിക സ്ഥിതി വിവരങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സാമ്പത്തിക സ്ഥിതിയുടെ അവലോകനം നടത്തി. തുടർന്ന് ഇടവകയിൽ നിന്നുള്ള സ്ഥിതിവിവരങ്ങൾ പാരീഷ് ആപ്പിൽ ഉൾപ്പെടുത്തേണ്ട രീതി FEDARനു വേണ്ടി ലിബിൻ വിശദീകരിച്ചു. രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നടന്നതും തുടർന്ന് നടത്തുവാനായി ആസൂത്രണം ചെയ്തതുമായ കാര്യങ്ങൾ ജനറൽ കൺവീനർ റവ. ഫാ. ബിജു മാവറ അവതരിപ്പിച്ചു. തുടർന്ന് പൊതു ചർച്ച നടക്കുകയുണ്ടായി. യോഗത്തിൽ ഉരുത്തിരിഞ്ഞ പൊതു നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1. രൂപതയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഇതിനായി സ്ഥലം വിൽക്കേണ്ടിവന്നാൽ റൂറൽ ഏരിയായിലുള്ള വസ്തു ഇതിനായി പരിഗണിക്കണം.

2. ന്യൂമാൻസ് കോളേജിൽ കുട്ടികൾ കുറയുന്ന സാഹചര്യത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം.

3. നമ്മുടെ വിദ്യാലയങ്ങളിൽ അറബി, ഉറുദു വിഷയങ്ങൾ പഠിപ്പിക്കുവാൻ നമ്മുടെ ഉദ്യോഗാർത്ഥികളെ കണ്ടെത്തുവാൻ ഈ കോഴ്സുകൾ പഠിക്കുവാൻ യുവജനങ്ങളെ ബോധവൽക്കരിക്കണം

4. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന്റെ അപകടസാധ്യതകൾ ഗൗരവമായി കണ്ട് ബോധവൽക്കരണം നൽകണം.

5. വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുള്ള ചെലവുകൾ ഇടവകകൾ നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം.

6. ഉദ്യോഗതലത്തിലും മത്സരപരീക്ഷകളിലും നമ്മുടെ കുട്ടികളും യുവജനങ്ങളും വിജയത്തിലെത്തുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ആരംഭിക്കണം.

7. മതബോധനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ആലോചനകൾ നടത്തണം.

8. പെൻഷനേഴ്സ് ഗിൽഡ് പ്രവർത്തനങ്ങൾ, ഊർജ്ജസ്വലമാക്കണം

9. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അജണ്ടകൾ നിശ്ചയിക്കുമ്പോൾ ചർച്ചയ്ക്ക് ആവശ്യമായ സമയം ഉറപ്പാക്കണം.

പൊതുചർച്ചയിൽ റവ. ഫാ. കുര്യാക്കോസ് കുന്നത്ത്, തോമസ് വെള്ളാംരംകല്ലിൽ, സിജി വർഗ്ഗീസ് ഇലഞ്ഞിക്കൽ, ജോസ് പുന്നക്കുഴി, ജെയിംസ് മാത്യു, റവ. സിസ്റ്റർ ബിൻസി CMC എന്നിവർ സംസാരിച്ചു.

**പ്രമേയങ്ങൾ**

പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ ബഫർ സോൺ പ്രശ്നത്തിൽ മലയോര കർഷകരുടെ പ്രശ്നങ്ങളും ആശങ്കകളും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടും വിഴിഞ്ഞത്തു നടക്കുന്ന മത്സ്യതൊഴിലാളി സമരത്തെ പിന്തുണച്ചു കൊണ്ടുള്ള രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചത് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗത്തിന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ . ജോസ് മാത്യു പുഞ്ചയിൽ നന്ദി രേഖപ്പെടുത്തി. രൂപതാ ഗാനത്തോടെ യോഗം അവസാനിച്ചു.

**ജോസ് മാത്യു പുഞ്ചയിൽ**

സെക്രട്ടറി, രൂപതാ പാസ്റ്ററൽ കൗൺസിൽ

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാമികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലി കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 23**

ഒക്ടോബർ മാസം 23-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം ശക്തിപ്പെടുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗ പൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാകട്ടെ.

**അനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും, നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

# സുവർണ്ണജൂബിലി

## തിരുസ്വരൂപ പ്രയാണം

ദൈവമാതാവായ പരിശുദ്ധ കന്യാമറിയത്തിന്റെ പ്രത്യേക മാദ്ധ്യസ്ഥത്തിൽ 50 വർഷങ്ങളായി ദൈവം കരുണയോടെ പരിപാലിക്കുന്ന മാനന്തവാടി രൂപതാകുടുംബം സുവർണ്ണ ജൂബിലി വർഷത്തിലെത്തിയിരിക്കുന്നു. കാരുണ്യവാനായ ദൈവം പരിശുദ്ധ അമ്മവഴി നൽകിയ എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് നമുക്കും പറയാം ''എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു'' (ലൂക്ക 1:4647).

ഒക്ടോബർ 1 മുതൽ പരി. അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് രൂപതയിലെ എല്ലാ ഇടവകകളിലൂടെയും നടത്തുന്ന പ്രയാണം, മുഴുവൻ ദൈവജനത്തിനും ദേശത്തിനും വലിയ അനുഗ്രഹമാകട്ടെ. അമ്മ കടന്നുചെന്നതും പ്രത്യക്ഷപ്പെട്ടതുമായ എല്ലാ ഇടങ്ങളും പോലെ പരിശുദ്ധ മാതാവിനോടുള്ള ആദരവും നന്ദിയും പ്രകടമാക്കുന്ന ഈ തിരുസ്വരൂപപ്രയാണം കടന്നുപോകുന്ന ഇടങ്ങളിലെല്ലാം സമൃദ്ധമായ ദൈവാനുഗ്രഹത്തിന്റെ നീർച്ചാലായി ഭവിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

ഒക്ടബോർ 1 ന് ആരംഭിച്ച് 2023 മാർച്ച് 25 ന് അവസാനിക്കുന്ന വിധത്തിലാണ് പ്രയാണം സംഘടിപ്പിച്ചിരിക്കുന്നത്. തിരുസ്വരൂപ പ്രയാണത്തിന്റെ ക്രമീകരണങ്ങൾ താഴെ കൊടുത്തിരിക്കുന്നവിധമാണ്.

**1.** ഒക്ടോബർ 1 ന് ഉച്ചകഴിഞ്ഞ് 3.30ന് ബിഷപ്സ് ഹൗസിൽനിന്നും തിരുസ്വരൂപപ്രയാണം ആരംഭിച്ച് 4.30 ന് ചുങ്കക്കുന്ന് ഫൊറോനാ പള്ളിയിൽ എത്തിച്ചേരുന്നു.

**2.** തിരുസ്വരൂപ സ്വീകരണം (അലങ്കാരം, പ്രദക്ഷിണം, വാദ്യമേളങ്ങൾ, യുണിഫോം, മുത്തുക്കുട തുടങ്ങിയവ)

**3.** ദൈവാലയത്തിൽ മാതാവിന്റെ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന, ജപമാല, വി. കുർബാന, തിരുസ്വരൂപ വണക്കം, നേർച്ച (രൂപതയുടെ ജൂബിലി പൊതുചെലവിലേക്ക്)

**4.** രൂപതാ ചരിത്ര വായന

**5.** ഒരു ഇടവകയിൽ തിരുസ്വരൂപം വണക്കത്തിന് വയ്ക്കുന്നത് ഒരു

ദിവസം മാത്രമായിരിക്കും. വൈകുന്നേരത്തോടെ (4.30/5.00 pm) അടുത്ത ഇടവകയിലേക്ക് പ്രയാണം തുടരുന്നു. ഓരോ ഇടവക യിലും മേൽപറഞ്ഞവിധത്തിൽ സ്വീകരണം നടത്തുന്നു.

**6.** തിരുസ്വരൂപപ്രയാണം ഓരോ ഫൊറോനയിലും ക്രമീകരിക്കു ന്നതിനായി എല്ലാ ഫോറോനകളിൽ നിന്നും ഓരോ വൈദികർ (Co- ordinator) ഉണ്ടായിരിക്കണം.

**7.** 2023 മാർച്ച് 25 ന് (മംഗളവാർത്ത തിരുനാൾ) തിരുസ്വരൂപ പ്രയാണം ദ്വാരക ഫൊറോന പള്ളിയിൽ സമാപിക്കുന്നു.

**തിരുസ്വരൂപ പ്രയാണം നടക്കുന്ന ഫൊറോനകളുടെ ക്രമം താഴെ കൊടുക്കുന്നു:-**

1. ചുങ്കക്കുന്ന്
2. മാനന്തവാടി
3. കല്ലോടി
4. പയ്യമ്പള്ളി
5. നടവയൽ
6. പുൽപ്പള്ളി
7. ബത്തേരി
8. ഗൂഡല്ലൂർ
9. മണിമൂളി
10. നിലമ്പൂർ
11. കല്പറ്റ
12. തരിയോട്
13. ദ്വാരക

# അഭിനന്ദനങ്ങൾ

2022 – 2024 വർഷത്തേയ്ക്കുള്ള രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി ശ്രീ. ജോസ് മാത്യു പുഞ്ചയിലിനെ 10/09/2022 ന് കൂടിയ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം തെരഞ്ഞെടുത്തു. കാരയ്ക്കാമല ഇടവകാംഗവും, എടത്തന G.H.S.S. സ്കൂളിൽ പ്രധാനാധ്യാപകനുമായ ജോസ് സാറിന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എന്ന പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും അനുമോദനങ്ങളും നേരുന്നു.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**അർദ്ധവാർഷിക പരീക്ഷ നവംബർ 6**

ഈ വർഷത്തെ അർദ്ധവാർഷിക പരീക്ഷ നവംബർ ആറാം തീയതിയാണ്. നമ്മുടെ എല്ലാ ഇടവകകളിലും ഒരേ സമയത്താണ് പരീക്ഷ നടത്തേണ്ടത്. രാവിലെ 11 മണി മുതൽ 1 മണിവരെയാണ് പരീക്ഷയുടെ സമയം. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻ വേ ണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. നവംബർ 4-ാം തീയതി വെള്ളിയാഴ്ച്ച 10 മണി മുതൽ 4 - 30 വരെ രൂപത മതബോധന കേന്ദ്രത്തിലും (മണിമൂളി, നിലമ്പൂർ, നീലഗിരി ഒഴികെ) മാനന്തവാടി സെന്റ് ജോസഫ്ബുക്ക് സ്റ്റാളിലും (മാനന്തവാടി, പയ്യംപള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

**മാർക്ക് വിഭജനം**

1, 2 ക്ലാസുകൾക്ക് 25 മാർക്കിന്റെയും, 3,4 ക്ലാസുകൾക്ക് 50 മാർക്കിന്റെയും, 5 മുതൽ 12 വരെയുള്ള ക്ലാസുകൾക്ക് 100 മാർക്കിന്റെയും ചോദ്യങ്ങളാണ് ഉണ്ടാകുക.

1,2,3 ക്ലാസുകൾക്ക് part 1 ൽ 70 ശതമാനവും (പാഠപുസ്തകം), part 2 ൽ 30 ശതമാനവും (വചനപഥം, നമസ്കാരം) ചോദ്യങ്ങൾ ഉണ്ടാകും.

4-ാം ക്ലാസ്സിൽ part 1 ൽ 70 ശതമാനവും (പാഠപുസ്തകം) ), part 2 ൽ 30 ശതമാനവും (ഓ ദിവ്യകാരുണ്യമേ - 10, നമസ്കാരം - 10, പൊതുവിജ്ഞാനം -10 )

5 മുതൽ 12 വരെ ക്ലാസുകൾക്ക് part 1 ൽ 70 മാർക്കിന്റെയും (പാഠപുസ്തകം) part 2 ൽ 30 മാർക്കിന്റെയും (ഉപപാഠം - 10, നമസ്കാരം - 10, ബൈബിൾ - 5, പൊതുവിജ്ഞാനം (GK) - 5 ചോദ്യങ്ങൾ ഉണ്ടാകും.

## CATECH QUIZ

നമ്മുടെ രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് മതബോധനകേന്ദ്രം നമ്മുടെ രൂപതയിലെ മതാധ്യാപകർക്കായി CATECH QUIZ എന്ന പേരിൽ ഒരു മെഗാ ക്വിസ് ഒരുക്കുന്നു. എല്ലാ

അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പ്രോഗ്രാം ആണ് ഇത്. ഇടവക, ഫൊറോന രൂപത എന്നീ മൂന്ന് തലങ്ങളിലായിട്ടാണ് ഇത് നടത്തപ്പെടുന്നത്.

**ഇടവകാതലം - മത്സരതിയതി ഒക്ടോബർ 16**

* സിലബസിൽനിന്നും ഒബ്ജക്ടീവ് ടൈപ്പിലുള്ള 20 ചോദ്യങ്ങളാണ് ഉണ്ടാവുക.

* ഇടവകാതലത്തിൽ വികാരിയച്ചന്റെയും ഹെഡ് മാസ്റ്ററുടെയും നേതൃത്യത്തിൽ മത്സരം നടത്തേണ്ടതാണ്.

* ഇടവകാതലത്തിൽ എല്ലാ അധ്യാപകരും പങ്കെടുക്കുക.

* അതിൽനിന്നും ഒന്നും രണ്ടും സ്ഥാനത്ത് എത്തുന്ന 2 പേർ അടങ്ങുന്ന ടീം ഒക്ടോബർ 30 ന് നടക്കുന്ന ഫൊറോനാതല മത്സരത്തിൽ പങ്കെടുക്കുക.

**ഫൊറോനാതലം**

* ഇടവകയിൽ നിന്നുള്ള 2 പേരടങ്ങുന്ന ടീം ആണ് ഫൊറോനാ തലത്തിൽ മത്സരിക്കേണ്ടത്. * ഉത്തരങ്ങൾ എഴുതുന്ന രീതിയിൽ മത്സരങ്ങൾ നടത്തപ്പെടുന്നതാണ്. * മേഖല ഡയറക്ടറുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ മത്സരം നടത്തേണ്ടതാണ്. * വിജയിച്ച ടീമിന്റെ വിവരങ്ങൾ ഒക്ടോബർ 31 ന് രൂപതയിൽ തരണം.

**രൂപതാതലം**

* മേഖലയിൽ വിജയിച്ച ഒരു ടീം ആണ് രൂപതയിൽ മത്സരിക്കേണ്ടത്. * സിലബസിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി ചോദ്യരൂപത്തിൽ വ്യത്യസ്ത തരം റൗണ്ടുകളോടുകൂടിയായിരിക്കും മത്സരം. * സിലബസിലെ ഭാഗങ്ങളുമായി ബന്ധപ്പെട്ട ആനുകാലിക ചോദ്യങ്ങളും രൂപതാതലത്തിൽ ഉണ്ടാകാം * നവംബർ 12 ന് ആയിരിക്കും രൂപതാമത്സരം നടക്കുന്നത്.

ഫൊറോനയിൽനിന്നും വിജയിച്ച് രൂപതാ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ ടീമിനും ട്രോഫി നൽകും. ആദ്യ 3 സ്ഥാനത്ത് എത്തുന്ന ടീമിന് ക്യാഷ് അവാർഡും അവരുടെ ഇടവകയ്ക്ക് ട്രോഫിയും നൽകും.

**പഠനവിഷയം**

1. മാനന്തവാടി രൂപതയെക്കുറിച്ച് മന്നയിലും, ഒൻപതാം ക്ലാസിലെ ഉപപാഠപുസ്തകത്തിലും (വഴിയും വെളിച്ചവും) പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ

2. രക്ഷയുടെ പാതയിൽ ( 4 മുതൽ 12 വരെ ക്ലാസിലെ പുസ്തകങ്ങൾ)

3 .വി.ബൈബിൾ (മന്ന അധിഷ്ഠിതം) പങ്കെടുക്കുവാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കണേ.

**Mission Quest**

സീറോമലബാർ മിഷൻ ഓഫിസും മതബോധന കമ്മീഷനും ചേർന്ന് സഭയുടെ പ്രേഷിതദൗത്യത്തെ ആഴത്തിൽ മനസ്സിലാക്കാൻ ആഗോളതലത്തിൽ മതബോധന വിദ്യാർഥികൾക്കും, മുതിർന്നവർക്കുമായി നടത്തുന്ന ഒരു ഓൺലൈൻ ക്വിസ് ആണ് Mission Quest. 2022 ഒക്ടോബർ 30 ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 40 മിനിറ്റ് സമയം ഗൂഗിൾഫോമിലൂടെയാണ് ഈ ക്വിസ് നടത്തപ്പെടുന്നത്. പഠനവിഷയങ്ങൾക്കും, നിർദേശങ്ങൾക്കും, മത്സരത്തിനുമായുള്ള ഇതിന്റെ ലിങ്ക് www.syromalabarmission.com എന്ന സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും. മൽസരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദുരീകരിക്കാൻ missionquest2022@gmail.com എന്ന ഇമെയിൽ പ്രയോജനപ്പെടുത്തുക.

**മേഖലാ മതാധ്യാപക കൺവെൻഷൻ**

**കല്ലോടി**

കല്ലോടി മേഖലയിലെ മതാധ്യാപകരുടെ സെമിനാർ 18.9.22 ഞായറാഴ്ച വഞ്ഞോട് ഇടവകയിൽ വച്ച് നടന്നു. രാവിലെ 9.30 ന് വികാരി ഫാ. സുനിൽ തെക്കേപ്പേര അർപ്പിച്ച വി. കുർബാനയോടെ ആരംഭിച്ചു. രൂപതാ മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ ഉദ്ഘാടനം നിർവഹിക്കുകയും തുടർന്ന് 10.30 മുതൽ വൈകുന്നേരം 4.30 വരെ ഫാ. നോബിൾ തോമസ് പാറക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു. മേഖലയിൽ നിന്ന് 145 അധ്യാപകർ പങ്കെടുത്തു. മേഖല സെക്രട്ടറി ശ്രീ. സജേഷ് മുക്കത്ത്, പ്രധാനാധ്യാപകർ, വഞ്ഞോട് ഇടവകയിലെ കൈക്കാരന്മാർ എന്നിവർ നേതൃത്വം നൽകി. സഹകരിച്ച അധ്യാപകർക്കും, വഞ്ഞോട് ഇടവക അംഗങ്ങൾക്കും നന്ദി.

**ദ്വാരക**

18.09.2022 ന് ഞായറാഴ്ച രാവിലെ 9 മണിക്ക് സീയോൻ ചാപ്പലിൽ വികാരി ജനറാൾ ബഹു. പോൾ മുണ്ടോളിക്കൽ അച്ചന്റെ കാർമികത്വത്തിൽ നടന്ന വി. കുർബാനയോടുകൂടി ദ്വാരക മേഖല

യിലെ മതാധ്യാപക കൺവെൻഷന് തുടക്കമായി. തുടർന്ന് കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ വച്ച് തേവര കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ ബഹു. സാബു കുമ്പുക്കൽ അച്ചൻ ക്ലാസ്സുകൾ നയിച്ചു. മേഖല ഡയറക്ടർ ബഹു. ലാൽ പൈനുങ്കൽ, സെക്രട്ടറി ശ്രീ. വിൻസെന്റ് മയിലംവേലിൽ, കോർഡിനേറ്റർ ശ്രീ. ജോൺസൺ ചിറായിൽ, പ്രധാനധ്യാപകർ, മേഖല ടീമംഗങ്ങൾ എന്നിവർ നേതൃത്വം കൊടുത്തു. രൂപതാ ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ സമാപന സന്ദേശം നൽകി. എല്ലാ ഇടവയിലെയും അധ്യാപകർ പങ്കെടുത്തു. വൈകുന്നേരം 4 മണിക്ക് കൺവെൻഷൻ സമാപിച്ചു. എല്ലാവർക്കും നന്ദി.

**മതാധ്യാപകദിനം, നവംബർ 13**

ഈ വർഷത്തെ മതാധ്യാപകദിനം, നവംബർ. 13 നായിരിക്കും.

## DCT (HDC) Contact Class

സെപ്റ്റംബർ 10 വെള്ളിയാഴ്ച 2020 - 22 ബാച്ചിന്റെ ക്ലാസ് പാസ്റ്റർ സെന്ററിൽ വച്ച് രാവിലെ 9 - 30 മുതൽ വൈകുന്നേരം 3-30 വരെ നടത്തപ്പെട്ടു. ക്ലാസുകൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട സജി നരിവേലിൽ സാറിനും പങ്കെടുത്തവർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ള മിഷൻ ലീഗ് പ്രവർത്തകരെ,

ഒക്ടോബർ മാസം ഓരോ മിഷൻ ലീഗ് അംഗത്തെ സംബന്ധിച്ചും ഏറ്റവും പ്രധാനപ്പെട്ട മാസമാണല്ലോ. മിഷൻ മാസമായും ജപമാല മാസമായും ആചരിക്കുമ്പോൾ പ്രേഷിത സഭയെ ഓർക്കുവാനും പ്രാർത്ഥിക്കുവാനും സഹായിക്കുവാനുമുള്ള കാലഘട്ടം ആണല്ലോ. അതോടൊപ്പം നമ്മിലെ പ്രേഷിത വ്യക്തിത്വം ഉണർത്താനും ഉജ്ജ്വലിപ്പിക്കാനും നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന നമ്മുടെ കർത്താവിന്റെ ആഹ്വാനം ഏറ്റുവാങ്ങാനും നല്ല പ്രേക്ഷിതരെ രൂപപ്പെടുത്തുവാനും നമുക്ക് തയ്യാറാകാം. നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

മിഷൻ പ്രയർ ബാങ്ക് : പഞ്ചാബ് മിഷൻ

**അഭിനന്ദനങ്ങൾ**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസംഖ്യത്തിലെ കുഞ്ഞുങ്ങൾക്കായ് നടത്തിയ മോണോ ആക്ട് മത്സരത്തിൽ അഹാന ബി.ജോൺ (മഞ്ഞൂറ), സേറ ജോസഫ് (ചുങ്കക്കുന്ന്), ആഞ്ചലീന ജോസഫ് (മണിമൂളി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

വിയാനി ദിനത്തോടനുബന്ധിച്ച് നടത്തിയ സ്റ്റാറ്റസ് വീഡിയോ മത്സരത്തിൽ അമൽ (ചെന്നലോട്), ആൻ മരിസ്സ ജോൺ പുരക്കോറിൽ (ചിത്രഗിരി), അമേയ എലിസ റോബിഷ് (കുറുമ്പാല) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. അതോടൊപ്പം ഇടവകകളിൽ ശുശ്രൂഷ ചെയ്തവരും ചെയ്തുകൊണ്ടിരിക്കുന്നവരുമായ വൈദീകരെ ഉൾകൊള്ളിച്ചുകൊണ്ടുള്ള വീഡിയോ നിർമ്മാണ മത്സരത്തിൽ നരിവാലമുണ്ട, മൂലങ്കാവ്, നടവയൽ എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും

സ്ഥാനങ്ങൾക്കും അർഹരായി. മത്സരങ്ങളിൽ പങ്കെടുത്തവർക്കും പ്രത്യേകിച്ച് വിജയികളായവർക്കും സി.എം.എൽ രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത നടത്തിയ സാഹിത്യ മത്സരത്തിൽ പയ്യമ്പള്ളി, കല്ലോടി, മുള്ളൻകൊല്ലി, എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി. വിജയത്തിനു പിന്നിൽ അത്യദ്ധ്വാനം ചെയ്ത ശാഖ, മേഖല നേതൃത്വങ്ങൾക്ക് അഭിനന്ദനങ്ങൾ.

**വീട്ടിൽ ഒരുഗ്രോട്ടോ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആഗസ്റ്റ് 15-ന് മാതാവിന്റെ സ്വർഗ്ഗാരോപണം, ഭാരതസ്വാതന്ത്ര്യദിനം, ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലി എന്നിവയോടനുബന്ധിച്ച് വീട്ടിൽ ഒരുഗ്രോട്ടോ എന്ന പേരിൽ മത്സരം നടത്തി.

**ഡയറക്ടേഴ് ഡേ**

സെപ്റ്റംബർ 9-ാം തീയ്യതി ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ ചരമദിനം ഡയറക്ടേഴ് ഡേ ആയി ആചരിക്കുന്നതിന്റെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗ് എന്ന സംഘടനയ്ക്കു രൂപതയിയുടെ വിവിധ തലങ്ങളിൽ ദിശാബോധം നൽകി നയിക്കുന്ന എല്ലാ ഡയറക്ടേഴ്സിനേയും ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. അന്നേ ദിനം സംസ്ഥാന തലത്തിൽ നടത്തിയ മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ജോ. ഡയറക്ടർ സി. ക്രിസ്റ്റീന, സെക്രട്ടറി ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ പങ്കെടുത്തു.

**പഠനസഹായം**

ഉപരി പഠനത്തിനായ് പോയ ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായ ടോണി ചെമ്പോട്ടിക്കലിനും (10000) ലിബിയ പുരയിടത്തിനും (5000) പഠന സഹായാർത്ഥം മിഷൻ ലീഗ് രൂപത കുടുംബത്തിന്റെ ചെറിയൊരു ഉപഹാരം നൽകുകയും വിജയാശംസകൾ നേരുകയും ചെയ്തു.

**ജീവന 2022**

17 ശനിയാഴ്ച വൈകുന്നേരം 5.30ന് ജീവന 2022 എന്ന പേരിൽ രൂപത ടീം മീറ്റിംഗും, എക്സിക്യുട്ടീവ് മീറ്റിംഗും സംയുക്തമായി ദ്വാരകയിൽ കൂടി. എല്ലാവരെയും കാണാനും പരിചയപ്പെടാനുമുള്ള അവസരവും, പുതു ചിന്തകളാൽ സംഘടനയെ വളർത്താനും ഈ ഒത്തുചേരൽ സഹായിച്ചു.

**സാഹിത്യ ശിൽപശാല**

സംസ്ഥാന മത്സരത്തിനൊരുക്കമായി രൂപതാതല സാഹിത്യ മത്സരത്തിൽ വിജയികളായവർക്കായി സെപ്റ്റംബർ 20 ചൊവ്വാഴ്ച വൈകുന്നേരം 6 മണിമുതൽ ദ്വാരക യു.പി സ്കൂളിൽ വച്ച് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സാഹിത്യ ശില്പശാല നടത്തി. ഇരുപതോളം പേർ പങ്കെടുത്തു.

**സംസ്ഥാന സാഹിത്യ മത്സരം**

ചെറുപുഷ്പ മിഷൻ ലീഗ് 22-23 വർഷത്തെ സംസ്ഥാന തലത്തിലുള്ള സാഹിത്യമത്സരത്തിൽ മാനന്തവാടി രൂപതയിൽ നിന്നുള്ള മത്സരങ്ങൾ 21-ാം തീയ്യതി ദ്വാരക യു. പി സ്കൂളിൽ വച്ച് നടത്തി. സംഘടനയുടെ ചൈതന്യം നഷ്ടപ്പെടുത്താതെ ചിട്ടയോടെ കാര്യങ്ങൾ ക്രമീകരിക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**മിഷൻ സഹായം**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത മിഷൻ സഹായാർത്ഥം 25000 രൂപ അദിലാബാദ് രൂപതയ്ക്കുവേണ്ടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ അഥിലാബാദ് രൂപതാധ്യക്ഷൻ പ്രിൻസ് പിതാവിനു കൈമാറി.

**രൂപതാ കലാ മത്സരങ്ങൾ**

വളർന്നുവരുന്ന പുതുതലമുറയുടെ സർഗ്ഗവാസനകളെ വളർത്തി ഉത്തമ വ്യക്തിത്വത്തിലേക്ക് വളരാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ 2022-23 വർഷത്തെ കലാമത്സരങ്ങൾ ഒക്ടോബർ 8 ന് കണിയാരത്ത് വച്ച് നടത്തുന്നു. മേഖല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് അർഹരായവരാണ് രൂപത മത്സരങ്ങളിൽ പങ്കെടുക്കേണ്ടത്.

**ശാഖാ വാർത്തകൾ**

**ഇടിവണ്ണ:** പള്ളിയിൽ എല്ലാ ദിവസവും മിഷൻ ലീഗ് അംഗങ്ങൾ ബൈബിൾ വായിക്കുന്നു. സ്വർഗ്ഗാരോപണ തിരുനാളിനൊരുക്കമായി ഒന്നാം ഗ്രൂപ്പിന്റെ പ്രോഗ്രാം നടത്തി. എല്ലാ ഞായറാഴ്ചകളിലും ലോഗോസ് ക്വിസ് പരിശീലനം നടത്തിവരുന്നു.

**ബത്തേരി :** വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുന്നാളിനോടനുബന്ധിച്ച് ബഹു. വൈദികർക്ക് ആശംസകൾ അറിയിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിനോടനുബന്ധിച്ചുള്ള മരിയൻ കൺവെൻഷനിൽ അംഗങ്ങൾ സജീവമായി പങ്കുചേർന്നു. തിരുനാൾ ദിനത്തിൽ ബൈബിൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഓണത്തിനോടനുബന്ധിച്ച് പഴൂർ സെന്റ് മാത്യൂസ് ഭവൻ സന്ദർശിച്ച്

അനുദിന ഉപയോഗ സാധനങ്ങൾ കൈമാറുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു.

**കൊട്ടിയൂർ:** ഭവന സന്ദർശനം, രോഗീ സന്ദർശനം മിഷൻ ലീഗ് ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ എയ്ഞ്ചൽ മീറ്റ് സംഘടിപ്പിച്ചു. വി. കുർബാനയും, കുമ്പസാരവും ഉണ്ടായിരുന്നു. സി.ലിസ എസ്.കെ.ഡി ക്ലാസ് നയിച്ചു. കുഞ്ഞേട്ടൻ അനുസ്മരണത്തോടനുബന്ധിച്ച് മേഖലയിലെ അല്മായ നേതൃത്വത്തിന് സ്നേഹാദരവും ആശംസകളും അറിയിച്ചു. ഗ്രൂപ്പ് ലീഡേഴ്സിന് നേതൃത്വ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. മിഷൻ ലീഗ് മുൻ രൂപതാ ഡയറക്ടർ റവ. ഫാ ബെന്നി മുതിരക്കാലായിൽ, മുൻ രൂപത റീജിയണൽ ഓർഗനൈസർ ശ്രീ.റോയി പാറയ്ക്കൽ എന്നിവർ ക്ലാസുകൾ നൽകി. വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, സ്വാതന്ത്ര്യദിനം എന്നീ വിഷയങ്ങളെ മുൻനിർത്തി മിഷൻ ക്വിസ് സംഘടിപ്പിച്ചു. 2021-22 വർഷത്തെ പഞ്ചായത്തിലെ മികച്ച കുട്ടി കർഷകൻ ആൽബറ്റ് മറ്റത്തിലിനെ ആദരിച്ചു. വിയാനി ദിനവും, അൽമായ നേതൃദിനവും ആഘോഷിച്ചു.

**വാളേരി:** വിയാനി ദിനം ആചരിച്ചു.വിയാനി ഭവനം സന്ദർശിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. ഭാരവാഹികളെ അനുമോദിച്ചു.

**മഞ്ഞൂറ:** വി. ജോൺ മരിയ വിയാനി ദിനത്തിൽ വികാരി അച്ചനു ആശംസകൾ നേർന്നു.വി. ജോൺ ബർക്കുമാൻസിന്റെ തിരുന്നാൾ ദിനത്തിൽ അൾത്താര കുട്ടികൾ ഒരുമിച്ചു കൂടി ജപമാല ചൊല്ലി. വിശുദ്ധനെ പരിജയപ്പെടുത്തികൊടുത്തു. രോഗി സന്ദർശനം നടത്തി.

**അമ്പായത്തോട്:** വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു. വിശുദ്ധ ജോൺ വർക്കുമാൻസ് അനുസ്മരണവും അൾത്താര ശുശ്രൂഷകൾക്കായുള്ള ക്ലാസും നടത്തി. ഓഗസ്റ്റ് 15-മിഷൻ ലീഗിന്റെ നേതൃത്വത്തിൽ പ്രൗഢ ഗംഭീരമായി ആഘോഷിച്ചു. പതാക ഉയർത്തൽ, സ്വാതന്ത്ര്യ ദിന റാലി, വിവിധ കലാപരിപാടികൾ എന്നിവ നടത്തി.

**കേളകം:** വിയാനി ദിനത്തിൽ കമ്മില്ലസ് സഭാംഗമായ ദീപു അച്ചൻ കുട്ടികൾക്ക് വി. കുർബാനയെക്കുറിച്ചും ദൈവവിളിയെക്കുറിച്ചും ക്ലാസ് എടുത്തു. അൽമായ നേതൃ ദിനത്തോടനുബന്ധിച്ച് ശാഖാ ഭാരവാഹികൾക്ക് ആശംസകൾ നേർന്നു. ദൈവവിളി പ്രോത്സാഹന സെമിനാർ നടത്തി. *'മിഷനെ അറിയുക- മിഷനറിയാവുക '*

എന്ന വിഷയത്തെ ആസ്പദമാക്കി പഞ്ചാബിലെ മിഷനനുഭവം റ്റിബിനച്ചൻ പങ്കുവച്ചു.

**പുതിയിടംകുന്ന്:** ഫാ. ജെയിംസ് ചക്കിട്ടുക്കുടിയിൽ അച്ചന് വിയാനിപുണ്യാളന്റെ തിരുനാൾ ആശംസകൾ അറിയിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിൽ ഗ്രൂപ്പ് പ്രോഗ്രാമുകൾ നടത്തി.

**കയ്യൂന്നി:** രോഗീ സന്ദർശനം നടത്തി. രോഗീസഹായമായി 5000 രൂപ നൽകി. മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ വെയിറ്റിംങ്ങ് ഷെഡ് വൃത്തിയാക്കി. കപ്പാല ഹോസ്പിറ്റൽ സന്ദർശിക്കുകയും ആശുപത്രി പരിസരവും അടുത്തുള്ള വെയിറ്റിങ്ങ് ഷെഡും വൃത്തിയാക്കുകയും ചെയ്തു. സിമിത്തേരി ക്ലീനിങ് നടത്തി ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുട്ടിയ്ക്കു പഠന സഹായമായി 5300 രൂപ നൽകി. ആഗസ്റ്റ് 15 നോട് അനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുട്ടികൾക്ക് പ്രസംഗമത്സരം നടത്തി

**പാലാങ്കര:** ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടത്തി. കുട്ടികൾക്കായി രാവിലെ മുതൽ വൈകുന്നേരം വരെ വിവിധ മത്സരങ്ങളും വിഭവ സമൃദ്ധമായ ഓണസദ്യയും ഒരുക്കിയിരുന്നു. 1 മുതൽ 12 വരെ ക്ലാസുകളിൽ വിജയികളായവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. മാതാവിന്റെ ജനന തിരുനാൾ ശാഖയിൽ ആഘോഷിച്ചു. ഭക്തിനിർഭരമായ പ്രദക്ഷിണവും വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.

**ചിത്രഗിരി:** ചെറുപുഷ്പ മിഷൻ ലീഗ് പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് മിഷനെ അറിയാനും, മിഷനു വേണ്ടി പ്രാർത്ഥിക്കാനുമായി ശാഖയിലെ എല്ലാ കുടുംബങ്ങളിലേക്കും ഛായചിത്ര പ്രയാണത്തിനു തുടക്കം കുറിച്ചു.

**കല്ലോടി:** വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ബൈബിൾ മാരത്തോൺ ക്വിസ് മത്സരം നടത്തി. മാനന്തവാടി രൂപത സുവർണ്ണ ജൂബിലി ഭൂമിദാന ചടങ്ങിൽ അംഗങ്ങൾ സംബന്ധിച്ചു. വി. ജോൺ ബെർക്കുമാൻസിന്റെ തിരുനാൾ ദിനത്തിൽ അൾത്താര സംഘത്തേയും മുൻ കപ്യാർമാരേയും ആദരിച്ചു. സ്വർഗ്ഗാരോപണ തിരുനാൾ സ്വാതന്ത്ര്യ ദിനം ഇവ സമുചിതമായി ആഘോഷിച്ചു. ശാഖതല കലാ മത്സരം നടത്തി.

**കരിമ്പിൽ:** ശാഖാ കലാമത്സരം നടത്തി. രോഗീ സഹായ പദ്ധതി പ്രകാരം സി.എം.എൽ അംഗങ്ങൾ വീടുകൾ സന്ദർശിച്ച് ശേഖരിച്ച 11300 രൂപ നിർധനരായ 4 കുടുംബങ്ങളിൽ

എത്തിച്ചു കൊടുത്തു. വി.മോനിക്കയുടെ തിരുനാളിനോടനു ബന്ധിച്ച് സി.എം.എൽ–ന്റെ നേതൃത്വത്തിൽ അമ്മമാരെ ആദരിച്ചു. അൾത്താര സംഘത്തിന് പരിശീലനം നൽകി. മിഷൻപ്രവർത്തന ഫണ്ട് ശേഖരണാർത്ഥം കുട്ടികൾക്ക് സമ്മാനകൂപ്പൺ വിതരണം ചെയ്തു. ബ. മാലിപ്പറമ്പിലച്ചന്റെ ഓർമദിനത്തോടനുബന്ധിച്ച് മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം നടത്തി. ഓണത്തോടനു ബന്ധിച്ച് വിവിധ മത്സരങ്ങളും ഓണസദ്യയും നടത്തി.

**ദ്വാരക:** സി.എം.എൽ അംഗങ്ങൾക്കായി വിശുദ്ധ മത്തായി യുടെ സുവിശേഷം മുതൽ ബൈബിൾ പഠന ക്ലാസ് ആരംഭി ച്ചുണ്ട്. ഇതിനോട് അനുബന്ധിച്ച് ക്വിസ് മത്സരവും നടത്തുന്നുണ്ട്. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണ തിരുനാളിനോട് അനുബ ന്ധിച്ച് മിഷൻ ലീഗിന്റെ വിവിധ ഗ്രൂപ്പുകൾക്കായി ജപമാല നിർ മ്മാണ മത്സരം സംഘടിപ്പിച്ചു. ഏറ്റവും മികച്ച ജപമാല നിർമ്മിച്ച ഗ്രൂപ്പിന് സമ്മാനം നൽകി. ഗ്രൂപ്പുകൾ നിർമ്മിച്ച ജപമാല ദേവാല യത്തിൽ പ്രദർശിപ്പിച്ചു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സി എം എൽ അംഗങ്ങൾ ദ്വാരക ടൗണിലേക്ക് റാലി നടത്തി. ബഹുമാന പ്പെട്ട ഷിൽസൻ കോക്കണ്ടത്തിൽ സാർ സ്വാതന്ത്ര്യദിന സന്ദേശം നൽകി. എല്ലാ ഞായറാഴ്ചയും മതബോധന ക്ലാസിനു ശേഷം അരമണിക്കൂർ നേരം വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസു കൾ നൽകി വരുന്നു. വിശുദ്ധ കുർബാന, ജപമാലയുടെ പ്രാധാന്യം, മീഡിയയുടെ ഉപയോഗം തുടങ്ങി വിവിധ വിഷയങ്ങളിൽ ക്ലാസ് നൽകി വരുന്നു. ശാഖ ഡയറക്ടർ പ്രിൻസ് അച്ചനും മതാധ്യാപ കരും ആണ് ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുന്നത് .

**അമ്പലവയൽ:** സെപ്റ്റംബർ 4 ഞയറാഴ്ച്ച ഓണാഘോഷം നടത്തി. വാർഡ് അടിസ്ഥാനത്തിൽ പൂക്കള മത്സരവും മറ്റു മൽസ രങ്ങളും സംഘടിപ്പിച്ചു

**മൂലങ്കാവ്:** പഠനത്തിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി. കുഞ്ഞേട്ടന്റെ സമർപ്പിത വഴിയിലായിരി ക്കുന്ന മക്കളൊടൊപ്പം കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. അൾത്താര ബാലകർക്കായി ഒരു ദിവസത്തെ സെമിനാർ നടത്തി. പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും സംയു ക്തമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി ആൺകുട്ടികൾക്ക് ഗാന്ധിയുടെയും പെൺകുട്ടികൾക്ക് മാതാവിന്റെയും പ്രച്ഛന്നവേഷ മൽസരം നടത്തി. 'മരിച്ചാലും മറക്കില്ലാട്ടോ' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി. സ്കൂൾ ജീവിതത്തിൽ നിന്നു വിരമിച്ച അധ്യാപകരെ ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. തെരുവുനായയുടെ കടിയേറ്റ് മരണമടഞ്ഞ അഭിരാമിയുടെ ഛായാ

ചിത്രത്തിൽ പുഷ്പാർച്ചന നടത്തി വേദനയിൽ പങ്കുചേർന്നു. ഓണാഘോഷത്തോടനുബന്ധിച്ച് ക്ലാസ്സ് തലത്തിലും ഗ്രൂപ്പ് തലത്തിലും മത്സരങ്ങൾ നടത്തി.

**പ്രശാന്തിഗിരി:** ത്രിദിന ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. സി.എം.സി സിസ്റ്റേഴ്സ് നേതൃത്വം നൽകി. പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ കലാ പരിപാടികൾ നടത്തി. വിവിധ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു.

**ചുള്ളിയോട്:** സെപ്റ്റംബർ 5 ന് മദർ തെരേസായുടെ ജീവചരിത്രം പഠന വിഷയമാക്കി. അമ്പലവയലിലുള്ള വൃദ്ധ മന്ദിരം സന്ദർശിച്ചു.

**കളത്തുവയൽ:** കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ കുട്ടികൾക്ക് കുഞ്ഞേട്ടനെ പരിചയപ്പെടുത്തികൊണ്ട് സെമിനാർ നടത്തുകയും അൽമായ നേതൃത്വത്തിന് ആശംസകൾ നേരുകയും ചെയ്തു. വീട്ടിൽ ഒരു ഗ്രോട്ടോ നിർമ്മാണ മൽസരത്തിൽ പങ്കെടുത്തു. മേഖലയിൽ നടന്ന കൊളാഷിനും പ്രസംഗത്തിനും ശാഖ ഒന്നാം സ്ഥാനം നേടി. അനുദിന വിശുദ്ധരെ പരിചയപ്പെടുത്തി. അൾത്താര ബാലസംഘത്തെ ആദരിച്ചു. 13 മണി ആരാധനയിൽ സി.എം.എൽ അംഗങ്ങൾ പങ്കു ചേർന്നു.

**നരിവാലമുണ്ട :** വി. ജോൺ ബർക്കുമാൻസിന്റെ തിരുനാളിനോടനുബന്ധിച്ച് എല്ലാ അൾത്താര ശുശ്രൂഷകർക്കും സമ്മാനം നൽകി ആദരിച്ചു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കലാപരിപാടികൾ നടത്തി. രോഗി സന്ദർശനം നടത്തി. അന്താരാഷ്ട്ര ഫോട്ടോഗ്രാഫി ദിനത്തോടാനുബന്ധിച്ച് കേറിംഗ് എന്ന പേരിൽ ഫോട്ടോഗ്രാഫി കോൺടെസ്റ്റ് സംഘടിപ്പിച്ചു. കുഞ്ഞേട്ടൻ അനുസ്മരണവും, ആഗസ്റ്റ് 15 ഉം സമുചിതമായി നടത്തി. ദേശഭക്തിഗാന മത്സരം നടത്തി. മേഖലാ ബൈബിൾ സാഹിത്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

ദൈവവിളി പ്രോത്സാഹന സെമിനാർ സംഘടിപ്പിച്ചു. സി. കൊച്ചുറാണി എം.എസ്.എം.ഐ സെമിനാർ നയിച്ചു. മേഖല മാനേജിംഗ് കമ്മറ്റിയും, 'എന്റെ മിഷൻ ലീഗ് – അടിസ്ഥാന അറിവ്' സെമിനാറും നടത്തി. ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ ക്ലാസ് നയിച്ചു. ചുങ്കക്കുന്ന് മേഖലയുടെയും ചുങ്കക്കുന്ന് ശാഖയുടെയും സംയുക്താഭിമുഖ്യത്തിൽ അറയങ്ങാട് വൃദ്ധസദനം സന്ദർശിച്ചു. സാമ്പത്തിക സഹായം, ഭക്ഷണ സഹായം, പ്രാർത്ഥനാ സഹായം നൽകി. വിയാനി

ദിനവും, അൽമായ നേതൃ ദിനവും ആഘോഷിച്ചു. പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടും, ഇന്ത്യയുടെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് പ്രസംഗ മത്സരം, കൊളാഷ് മത്സരം എന്നിവ സംഘടിപ്പിച്ചു.

**തരിയോട്**

ആഗസ്റ്റ് 15-നോടനുബന്ധിച്ച് മാതാവിന്റെ പാട്ട്, പ്രസംഗം., പ്രച്ഛന്ന വേഷം, എന്നി മൽസരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. മേഖല കലാ മൽസരങ്ങൾ നടത്തി. മഞ്ഞൂറ, തരിയോട്, പുതുശ്ശേരികടവ് എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സെപറ്റംബർ 10-ാം തിയതി കാവുംമന്ദം പള്ളിയിൽ വെച്ച് ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയും മാനന്തവാടി രുപതയുടെ സുവർണ്ണ ജുബിലിയും തരിയോട് മേഖലയുടെ വാർഷിക ആഘോഷവും സംയുക്തമായി നടത്തി. കുഞ്ഞേട്ടൻ പുരസ്കാര ജേതാവ് തോമസ് ഏറണാട്ട് സാറിനെയും, പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മേഖല ഡയറക്ടർ ഫാ. പോൾ എടയകൊണ്ടാട്ട്, ഫാ. സജി പുഞ്ചയിൽ എന്നിവരെയും ആദരിച്ചു.

**ബത്തേരി**

ബത്തേരി മേഖലയിൽ കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. മേഖല ഡയറക്ടർ ഫാ. അനീഷ് കാട്ടാംക്കോട്ടിലിന്റെ നേതൃത്വത്തിൽ മേഖലയിലെ അല്മായ നേതാക്കളെ ആദരിച്ചു. മിഷൻലീഗ് അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. ശാഖ ഭാരവാഹികൾക്കായി നേതൃത്വപരിശീലന സെമിനാർ നടത്തി. ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യദിനവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ചു.

ജൂബിലി നിറവിൽ പ്രേഷിതാവേശത്തോടെ ചെമ്മഞ്ഞ കൊടികീഴിൽ വീണ്ടും അണിനിരക്കാം

സ്നേഹപൂർവ്വം,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് - ഓണക്കാല പരിശീലനം**

2022 സെപ്റ്റംബർ 5 തിങ്കളാഴ്ച രാവിലെ ഒമ്പതു മണിമുതൽ സെപ്റ്റംബർ 7 ബുധനാഴ്ച വൈകിട്ട് മൂന്നു മണിവരെ 2018,19,20,21 എന്നീ ബാച്ചുകാർക്കുള്ള ലൈഫ് ട്രെയിനിംഗ് സംഗമവും അവധിക്കാല പരിശീലനവും മാനന്തവാടി ന്യൂമാൻസ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. 49 വിദ്യാർത്ഥികൾ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. പ്രശസ്ത സൈക്കോളജിസ്റ്റും, തെറാപ്പിസ്റ്റും ട്രെയിനറുമായ ഫാ. ടോബി എസ്.ജെ. വിദ്യാർത്ഥികൾക്ക് സൈക്കോളജി ട്രെയിനിംഗ് നൽകി. 5, 6 ദിനങ്ങളിൽ വൈകുന്നേരങ്ങളിലായി (6 pm to 10 pm) നടത്തിയ പരിശീലനം കുട്ടികൾക്ക് വ്യക്തിത്വ വളർച്ചയ്ക്കുള്ള സാഹചര്യം ഒരുക്കി. ആറാം തീയതി ചൊവ്വാഴ്ച പത്തുമണി മുതൽ 4 മണി വരെ ബഹു. ഫാ. ബിജു മാധവത്ത് OFM. cap ക്ലാസുകൾ നയിച്ചു. മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റ് എടുത്തിരിക്കുന്ന അദ്ദേഹം കുട്ടികളുടെ മാനസിക-ശാരീരിക-ആത്മീയ മേഖലകളെ എപ്രകാരം ഏകീകൃതമാക്കി രൂപപ്പെടുത്താമെന്നതിന് പരിശീലനം നൽകി. വളർച്ചയുടെ പാതയിൽ ഇത് വിദ്യാർത്ഥികൾക്ക് ഏറെ കരുത്തായി. പരിശീലന ദിനങ്ങളിൽ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കലും കോർഡിനേറ്റർ സി. ആൻസി തോമസ് സി. എം. സി., സി. ഡെൽഫി മരിയ സി. എം. സി., യൂത്ത് മിനിസ്ട്രി റിസോഴ്സ് ടീം അംഗമായ ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൻ സാറും വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി.

ഏഴാം തീയതി പ്രഭാതത്തിൽ വിദ്യാർത്ഥികൾ കുമ്പസാരത്തിനായി ഒരുങ്ങി. ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ഫാ. ബിവാൾഡിൻ എന്നിവർ വിദ്യാർത്ഥികളെ കുമ്പസാരിപ്പിച്ചു.

അതിനുശേഷം ന്യൂമാൻസ് കോളേജ് പ്രിൻസിപ്പൽ ഫാ. ജസ്റ്റിൻ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകി. പഠനത്തിൽ കുട്ടികൾ സ്വീകരിക്കേണ്ട മുൻകരുതലുകളും ഉത്തരവാദിത്വബോധവും കടമകളും അച്ചൻ ക്ലാസ്സിൽ ഊന്നിപ്പറഞ്ഞു. ലൈഫ് ട്രെയിനിങ് പരിശീലനത്തിനായി ന്യൂമാൻസ് കോളേജ് ക്രമീകരിച്ചുതന്ന ഫാ.

ജസ്റ്റിനും, സഹായിച്ച  വിനീതിനും ഒരുപാട് നന്ദി.

6, 7 ദിനങ്ങളിൽ പുലർച്ചെ ആറുമണി  മുതൽ യോഗ ട്രെയിനിങ് ബഹുമാനപ്പെട്ട ജെയിൻ പുതിയിടംകുന്ന് സാറിന്റെ നേതൃത്വത്തിൽ നൽകി. സ്വയംരക്ഷ, ആരോഗ്യപരിരക്ഷ  എന്നിവയിൽ വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്നതായിരുന്നു ഈ പരിശീലനം. സീനിയേഴ്സും ആദ്യ ബാച്ചുകാരുമായ ജോയേൽ പി.ജോണി അമൽ ജോസ് എന്നിവരും ക്യാമ്പിൽ സന്നിഹിതരായിരുന്നു. ആരംഭം മുതൽ ഇന്നുവരെ ലൈഫ് ട്രെയിനിംഗിലൂടെ ലഭ്യമായ വളർച്ചയും അനുഭവസമ്പത്തും ലൈഫിലെ മറ്റു ബാച്ചുകാർക്കായി ജോയേൽ പി. ജോണി പങ്കുവെച്ചു. ഈ ക്യാമ്പിനു സഹായിച്ച സീനിയർ ലൈഫ് വിദ്യാർത്ഥികൾ ജോയേലിനും അമലിനും പ്രത്യേകം നന്ദി.

**ക്രിസ്റ്റീൻ ധ്യാനം**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയും സി. എം. സി. ഡിവൈൻ സ്മാർട്ട് ടീമും സംയുക്തമായി ചെന്നലോട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ സെപ്റ്റംബർ 9,10,11 തിയ്യതികളിൽ ത്രിദിന ക്രിസ്റ്റീൻ ധ്യാനം നടത്തി. എൽ.പി., യു.പി., ഹൈസ്ക്കൂൾ വിഭാഗങ്ങൾക്കായിട്ടാണ് ധ്യാനം സംഘടിപ്പിച്ചത്. 160 വിദ്യാർത്ഥികൾ പങ്കെടുത്ത ധ്യാനം നയിച്ചത്  യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസി തോമസ് സി.എം. സി., സി. ഫിൽസി എവുപ്രാസ്യ, സി. ഡെൽഫി മരിയ സി.എം.സി., സി. ഷിനി, സി. ജിൻസി, സി. എമിലിയ എന്നിവരാണ്. കൂടാതെ സ്പിരിച്ചൽ ഷെയറിംഗിന് സി. ഡീന റോസ്, സി. ലിന്റ, സി. റീസ, സി. വിനയ, സി. ഡീന ലിസ്, സി. മെറീന പോൾ, സി. സെറിൻ, സി. ഉദയ, സി. റോസിൻ മരിയ  എന്നിവർ സഹായിച്ചു.

ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തുതന്ന ചെന്നലോട് ഇടവക വികാരി ഫാ. ജോസ് മൊളോപ്പറമ്പിലിനും സഹായ സഹകരണങ്ങൾ ചെയ്തുതന്ന എല്ലാവർക്കും പ്രത്യേകിച്ച് കപ്യാർ, കൈക്കാരന്മാർ, മതാധ്യാപകർ, വിൻസെന്റ്ഗിരി സിസ്റ്റേഴ്സ് എന്നിവർക്കും ആത്മാർത്ഥമായ നന്ദി.

**കുട്ടികൾക്കുള്ള സെമിനാർ**

സെപ്റ്റംബർ 18 ഞായറാഴ്ച കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയത്തിൽ 8 മുതൽ 12 വരെ ക്ലാസുകളിലെ മതബോധനം വിദ്യാർത്ഥികൾക്കായി യൂത്ത് മിനിസ്ട്രി ആനിമേറ്റർ

സി. ആൻസി തോമസിന്റെ നേതൃത്വത്തിലും ചുള്ളിയാന ഗുഡ് ഷെപ്പേർഡ് ദേവാലയത്തിൽ 1 മുതൽ 12 വരെ ക്ലാസുകാർക്കായി സി. ഡെൽഫി മരിയ സി.എം.സി. യുടെ നേതൃത്വത്തിലും അർദ്ധ ദിന സെമിനാർ നടത്തി. ക്ലാസ് ക്രമീകരിച്ച കല്ലോടി ഫൊറോന വികാരി ഫാ. ബിജു മാവറയ്ക്കും അസി. വികാരി ഫാ. ജെറിൻ പൊയ്കയ്ക്കും ചുള്ളിയാന വികാരി ഫാ. ഫ്രാൻസിസ് നെല്ലിക്കു ന്നേലിനും സ്നേഹപൂർവ്വം നന്ദി.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ആനിമ 2022**

കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ മേഖല-യൂണിറ്റ് ആനിമേറ്റേഴ്സ് സംഗമം ആനിമ 2022 നടത്തപ്പെട്ടു. ആഗസ്റ്റ് 18 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന സംഗമത്തിന് രൂപത പ്രസിഡന്റ് ശ്രീ റ്റിബിൻ വർഗീസ് പാറയ്ക്കൽ അധ്യക്ഷത വഹിച്ചു. തീരദേശ ജനതയുടെ ജീവിതപ്രശ്നങ്ങൾ, ബഫർ സോൺ വിഷയം എന്നിവയിൽ ശക്തമായ ഇടപെടൽ നടത്തുന്ന യുവജനങ്ങളെ അഭിനന്ദിക്കുകയും, പ്രാർത്ഥനയുടെ ചൈതന്യം കൂടുതലായി യുവത്വത്തിന് പകർന്നു നൽകുന്ന ആനിമേറ്റേഴ്സിന്റെ സേവനം സഭയ്ക്ക് അനിവാര്യമാണെന്ന് ഊന്നിപ്പറഞ്ഞുകൊണ്ടും മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നുമായി 90 ഓളം ആനിമേറ്റർ സിസ്റ്റേഴ്സ് ഒന്നുചേർന്ന സംഗമത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ ആനിമേറ്റർ സിസ്റ്റർ സാലി ആൻസ് സി.എം.സി ആമുഖ പ്രഭാഷണം നടത്തി. യുവജനശുശ്രൂഷയെ വർണ്ണാഭമാക്കാനുള്ള വ്യത്യസ്ത ചിന്താശകലങ്ങളുമായി കെ.സി.ബി.സി ജാഗ്രത കമ്മീഷൻ കോർഡിനേറ്റർ ശ്രീ. വിനോദ് നെല്ലാക്കൽ സെഷൻ നയിച്ചു.

**ജനകീയ ഒപ്പ് ശേഖരണം**

സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം തീരദേശ ജനതയുടെ ആവശ്യങ്ങൾ ഉൾകൊണ്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ അടിയന്തിര ഇടപെടലുകൾക്കായി പരാതി സമർപ്പിക്കുന്നതിന് നടത്തിയ ജനകീയ ഒപ്പ് ശേഖരണത്തിൽ യൂണിറ്റ് - മേഖല സമിതികളുടെ സഹകരണത്തോടെ ഇരുപത്തി അയ്യായിരത്തോളം പേർ പങ്കുചേർന്നു. വിഴിഞ്ഞം സമരപന്തലിൽ വെച്ച് ജനകീയ ഒപ്പ് ശേഖരണം മാനന്തവാടി രൂപതാ നേതൃത്വം സംസ്ഥാന സമിതിക്ക് കൈമാറി.

**പരാതി നൽകി**

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ തെരുവുനായകൾ മനുഷ്യർക്ക് ഭീഷണിയാകുകയും അനേകം പേർ ചികിത്സയിലാ

കുകയും, ചിലരുടെ ജീവൻ തന്നെയും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സർക്കാരിന്റെ നിസ്സംഗത അവസാനിപ്പിക്കണമെന്നും, ജനങ്ങളെ മരണത്തിലേക്ക് വരെ തള്ളിവിടുന്ന തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ വേണ്ടി നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മേഖലാ-യൂണിറ്റ് സമിതികൾ തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളിൽ പരാതി സമർപ്പിച്ചു.

**തീരദേശ ജനതയുടെ സമരപോരാട്ടത്തിന് പിന്തുണയുമായി കെ.സി.വൈ.എം മാനന്തവാടി രൂപത**

അതിജീവനത്തിനായി പോരാടുന്ന തീരദേശ ജനതയുടെ സമരപോരട്ടങ്ങൾക്ക് നീതി ലഭിക്കും വരെ പിന്തുണ അറിയിച്ചുകൊണ്ട് കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഏകദിന ഉപവാസ സമരത്തിൽ മാനന്തവാടി രൂപതയിൽ നിന്ന് പ്രതിനിധികൾ ഉപവാസമനുഷ്ഠിച്ചു. തീരദേശ ജനതയുടെ ആവശ്യങ്ങൾ പരിഗണിച്ച് സംസ്ഥാന സർക്കാർ അടിയന്തര ഇടപെടലുകൾ നടത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം നടത്തിയ ജനകീയ ഒപ്പ് ശേഖരണത്തിൽ മാനന്തവാടി രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി ഇരുപത്തി അയ്യായിരത്തോളം പേർ പങ്കുചേർന്നു. തീരദേശ ജനതയുടെ നിലനിൽപ്പിനുമേൽ വിലങ്ങുതടിയായി തുടരുന്ന ആശാസ്ത്രീയമായ നടപടികൾക്ക് ഉടനടി പരിഹാരം കാണമെന്ന ആവശ്യവുമായി ശേഖരിച്ച ഒപ്പുകൾ വിഴിഞ്ഞം സമരപന്തലിൽ വെച്ച് മാനന്തവാടി രൂപത നേതൃത്വം സംസ്ഥാന സമിതിക്ക് കൈമാറി. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപത പ്രസിഡന്റ് ശ്രീ റ്റിബിൻ പാറക്കൽ, ജനറൽ സെക്രട്ടറി ശ്രീ. ഡെറിൻ കൊട്ടാരത്തിൽ, സെക്രട്ടറി ശ്രീ. ലിബിൻ മേപ്പുറത്ത്, കോർഡിനേറ്റർ ശ്രീ. ബ്രാവോ പുത്തൻപറമ്പിൽ, ആനിമേറ്റർ സി. സാലി സി.എം.സി, സംസ്ഥാന സിൻഡിക്കേറ്റ് അംഗം കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ, സംസ്ഥാന സെനറ്റ് അംഗം കുമാരി റ്റെസിൻ തോമസ് വയലിൽ എന്നിവർ സമരപോരാട്ടത്തിന് ഐക്യദാർഢ്യം അറിയിച്ചു.

**പേൾ 2022**

കെ.സി.വൈ.എം മാനന്തവാടി രൂപത പേൾ 2022 സാഹിത്യ മത്സരം സെപ്റ്റംബർ നാലിന് വിവിധ മേഖല കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.10 ഇനങ്ങളിൽ, 13 മേഖലകളിൽ നിന്നായി 1100 ലേറെ

യുവപ്രതിഭകൾ പങ്കെടുത്തു.

**ആശംസകൾ**

പിതൃവാത്സല്യത്തോടെ അജഗണത്തെ നയിക്കാൻ മാനന്തവാടി രൂപതയുടെ സഹായ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മോൺ. അലക്സ് താരാമംഗലം അച്ചന് ആശംസകൾ.

**പത്ര പ്രസ്താവന**

വനനിയമങ്ങളിൽ ജനവാസമേഖലകൾ നിർവചിക്കപ്പെട്ടിട്ടില്ല എന്ന വനം വകുപ്പിന്റെ മറുപടി ആശങ്കാജനകം.

മലയോര ജനതയുടെ ജീവിതത്തിനു മേൽ കരിനിഴൽ വീഴ്ത്തുന്ന ബഫർ സോൺ പ്രഖ്യാപനത്തിൽ നിന്ന് ജനവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കി പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന ആവശ്യം ഉയരുമ്പോഴും ജനവാസ മേഖല എന്ത് എന്നതിൽ പോലും വ്യക്തതയില്ലാത്ത സർക്കാർ നടപടികൾ അപലപനീയമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത. ജനവാസ മേഖലകൾ കൃത്യമായി കണ്ടെത്തി, അവയെ പരിസ്ഥിതിലോല മേഖലയിൽനിന്ന് ഒഴിവാക്കാനുള്ള നടപടിക്രമങ്ങൾ ചെയ്യാൻ സർക്കാരാൽ നിയുക്തരായിരിക്കുന്നവരാണ് വനംവകുപ്പ് എന്നാൽ, വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന് വന നിയമങ്ങളിൽ ജനവാസമേഖലകളെ പ്രത്യേകമായി നിർവചിച്ചിട്ടില്ലയെന്ന മറുപടി ആശങ്ക ഉയർത്തുന്നതാണ്. വനംവകുപ്പ് നിയമ പ്രകാരം ജനവാസമേഖലഎന്ന പദത്തിനു തത്തുല്യമായി നിലകൊള്ളുന്നതാണ് കൈവശഭൂമിയും റവന്യൂ ഭൂമിയും. സ്വകാര്യ വ്യക്തികളുടെ കൈവശഭൂമി, റവന്യൂ ഭൂമി എന്നിവ മാറ്റിനിർത്തിക്കൊണ്ട് ബഫർസോൺ പുനർനിർവ്വചിക്കാൻ വനംവകുപ്പും സർക്കാർ സംവിധാനങ്ങളും തയ്യാറാകണമെന്ന് രൂപതാ പ്രസിഡന്റ് ശ്രീ റ്റിബിൻ പാറക്കൽ ആവശ്യപ്പെട്ടു. ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന ബഫർ സോൺ വിഷയത്തിൽ പുനഃപരിശോധന ഹർജ്ജി നൽകിയതും കത്തിടപാടുകൾ നടത്തിയതും ജനവാസ മേഖല നിർവചിക്കാതെയാണെന്നത് സംശയം ജനിപ്പിക്കുന്നതാണെന്ന് രൂപത സമിതി വിലയിരുത്തി.

**തെരുവ് നായ ശല്യം രൂക്ഷം:**
**സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കണം**

സംസ്ഥാനത്ത് പലയിടങ്ങളിലായി വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിനെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കണ

മെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത. വിവിധയിടങ്ങളിൽ വീണ്ടും തെരുവുനായകൾ മനുഷ്യർക്ക് ഭീഷണിയാകുന്ന സാഹ ചര്യത്തിൽ സർക്കാർ സംവിധാനങ്ങൾ തുടരുന്ന അനാസ്ഥ അവസാനിപ്പിക്കണം. അനേകം പേർ ചികിത്സയിലാകുകയും, ചില രുടെ ജീവൻ തന്നെയും നഷ്ടപ്പെടുന്ന ഈ സാഹചര്യത്തിൽ സർക്കാ രിന്റെ നിസ്സംഗത അവസാനിപ്പിക്കണമെന്നും, തെരുവുനായ് ക്കളെ നിയന്ത്രിക്കാൻ വേണ്ട നടപടികൾ അടിയന്തിര പ്രാധാന്യ ത്തോടെ സ്വീകരിക്കണമെന്നും കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറക്കൽ ആവശ്യപ്പെട്ടു. ജില്ലയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിതീകരിച്ച സാഹചര്യത്തിൽ സാമ്പി ളുകൾ പോലും നോക്കാതെ, പാവപ്പെട്ട കർഷകരുടെ പന്നികളെ കൊന്നൊടുക്കിയ സർക്കാരിന്റെ തീക്ഷ്ണത പേപ്പട്ടി വിഷബാധ പരത്തിക്കൊണ്ടിരിക്കുന്ന തെരുവുനായ്ക്കളുടെ കാര്യത്തിലും ഉണ്ടാകണമെന്നും, ചികിത്സിക്കായി ഉപയോഗിക്കുന്ന വാക്സിനേ ഷന്റെയും മറ്റും ഗുണനിലവാരം സർക്കാർ പരിശോധന വിധേയമാക്കണമെന്നും രൂപതാ സമിതി ആവശ്യപ്പെട്ടു.

**അഭിനന്ദനങ്ങൾ**

ലണ്ടൻ ബർമിംഗ്ഹാമിൽ വെച്ച് നടന്ന കോമൺവെൽത്ത് ഗെയിംസിൽ ഫെൻസിങ് ഇനത്തിൽ വെങ്കല മെഡൽ നേടിയ വാഴ വറ്റ ഇടവകാഗം കുമാരി. ജോസ്ന ക്രിസ്റ്റി ജോസിന് അഭിന്ദന ങ്ങൾ.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപത വൈദികൻ ഫാ. മാത്യു അത്തിക്കലിന് ആദരാഞ്ജലികൾ.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

സെപ്റ്റംബർ മാസത്തെ ഓഫ്ലൈൻ വിവാഹ ഒരുക്ക കോഴ്സിൽ 59 പേർ സംബന്ധിച്ചു.

ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ഒക്ടോബർ 8,9,10,11 തിയതികളിലും നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് നവംബർ 13,14,15,16 തിയതികളിലും ആണ് നടത്തപ്പെടുന്നത്.

**മാതൃവേദി**

മാനന്തവാടി രൂപതയുടെ സഹായമെത്രാൻ ആയി സ്ഥാനമേൽക്കുന്ന അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന് മാതൃവേദി കുടുംബത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും.

മാതൃവേദിയുടെ സഹ മധ്യസ്ഥയായ വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ വി. മോനിക്ക പുണ്യവതിയുടെ ജീവചരിത്രം ഓൺലൈനായി അവതരിപ്പിച്ചു.

മാതൃവേദി അമ്മമാർക്കുള്ള സാഹിത്യരചന മത്സരങ്ങൾ 28/8/2022 ന് ഉച്ചക്ക് 2.30-ന് നടത്തപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

പരിശുദ്ധ കന്യാമറിയത്തിന്റെ ജനന തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പാചരണവും ജനനത്തിരുന്നാളും അമ്മമാർ ആചരിച്ചു. പരിശുദ്ധ അമ്മയിൽ നിറഞ്ഞുനിന്ന ആത്മീയ ചൈതന്യവും, നിർമ്മലതയും, വിശ്വാസ തീക്ഷണതയും എല്ലാ അമ്മമാർക്കും ലഭിക്കുന്നതിനായി പ്രാർത്ഥിച്ച് ഒരുങ്ങി.

കൽപ്പറ്റ, നടവയൽ, മുള്ളൻകൊല്ലി, ദ്വാരക എന്നീ മേഖലകളിൽ നേതൃത്വ പരിശീലന ക്ലാസുകൾ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഫാദർ ബിനു വടക്കേൽ, ആനിമേറ്റർ സി. എമിലിൻ, ശ്രീമതി ബ്രില്ലി കേളങ്ങാട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**ചെയിൻ റോസറി:** ഒക്ടോബർ മാസം നടവയൽ മേഖല. നിയോഗം: സൺഡേസ്കൂൾ വിദ്യാർത്ഥികളും, മതാധ്യാപകരും.

രൂപതയിലെ എല്ലാ യൂണിറ്റുകളിലും ഒക്ടോബർ മാസം ജപ മാല റാലി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

ഇടവകകളിൽ 50 വയസ്സിൽ താഴെ 4–ലും അതിൽ കൂടുതലും മക്കളുള്ള ദമ്പതികളുടെ ലിസ്റ്റ് രൂപതയിൽ എത്തിക്കാൻ ശ്രദ്ധി ക്കണേ.

എല്ലാ യൂണിറ്റുകളിലും മാതൃവേദി പ്രവർത്തനങ്ങൾ സജീവ മാക്കാൻ താല്പര്യമുള്ള അമ്മമാരെ കണ്ടെത്തി അംഗത്വം നൽകി കൂട്ടായ പ്രവർത്തനങ്ങൾ സജീവമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 10 അംഗങ്ങൾ പങ്കെടുത്തു. വിയാനി ഭവൻ സന്ദർശിച്ചു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 26.

## മേഖലാ വാർത്തകൾ

**മണിമൂളി**

ക്വിസ് മത്സരം നടത്തി. രോഗി സന്ദർശനം നടത്തി. ലോഗോസ് ക്വിസിന് പേരുകൾ രജിസ്റ്റർ ചെയ്തു. വൈദിക ദിനം, വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ, വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. വചന കുടുംബം 2k22 മത്സരത്തിലേക്ക് പേരു കൾ രജിസ്റ്റർ ചെയ്തു. സാഹിത്യ മത്സരം നടത്തി 52 പേർ പങ്കെടുത്തു. മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ നാലും അതിൽ കൂടുതലും മക്കൾ ഉള്ളവരുടെ സംഗമം നടത്തി. അഗതി മന്ദിരം സന്ദർശനം നടത്തി. ഭക്ഷണം, സാമ്പത്തിക സഹായം എന്നിവ നൽകി.

**നിലമ്പൂർ**

വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വൈദിക ദിനം, വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. വൈദികരുടെ ഗുണങ്ങൾ എഴുതിയ പോസ്റ്റ് കാർഡു കൾ ഉണ്ടാക്കി വൈദീകർക്കു നൽകി. ആനിമേറ്റർ സി. റെജി മരിയ യ്ക്ക് സ്വീകരണം നൽകി. സാഹിത്യമത്സരം നടത്തി. എല്ലാ ശാഖ കളിൽ നിന്നുമായി 49 പേർ പങ്കെടുത്തു.

**പയ്യമ്പള്ളി**

പയ്യമ്പള്ളി രണ്ടാം മേഖലാ സംഗമം ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ നഗർ പള്ളിയിൽ വച്ച് നടത്തി. ഏറ്റവും കൂടുതൽ ദൈവവി ളിയും ഏറ്റവും കൂടുതൽ മക്കളുള്ള കുടുംബത്തെയും ആദരിച്ചു.

**നടവയൽ**

വൈദിക ദിനം ആചരിച്ചു. ആശംസകൾ നേർന്നു. ഭാരവാഹികൾക്കായി നേതൃത്വ പരിശീലനം നടത്തി. സാഹിത്യ രചനാമത്സരം നടത്തി, യുണിറ്റുകളിൽ നിന്നു വിജയികളായവർ പങ്കെടുത്തു. വിയാനി ഭവനം സന്ദർശിച്ചു. പറളിക്കുന്നു ശാഖ വാഴവറ്റ മാനസികാരോഗ്യ കേന്ദ്രം സന്ദർശിച്ചു. ഇടവകയിലെ പട്ടാളക്കാരെ ആദരിച്ചു. വിധവ സഹായമായി 1000/- രൂപയുടെ ഭക്ഷണ കിറ്റ് നൽകി. രോഗീ സഹായമായി 3700/- രൂപയും സാധുജന സഹായമായി 1000/- രൂപയും നൽകി.

**മുള്ളൻകൊല്ലി**

ആദ്യ വെള്ളിയാഴ്ച ഓരോ ഇടവകകളും ക്രമമനുസരിച്ച് ഓരോ മണിക്കൂർ അഖണ്ഡ ജപമാല നടത്തി. ക്വിസ് പ്രോഗ്രാം നടത്തി. മേഖലാ എക്സിക്യൂട്ടീവ് കൂടി. മേഖല രൂപതാതല സാഹിത്യ മത്സരങ്ങൾ നടത്തി. 71 അംഗങ്ങൾ പങ്കെടുത്തു.

**തവിഞ്ഞാൽ**

വൈദിക ദിനം, വിശുദ്ധ അഗസ്തിനോസിന്റെ തിരുനാൾ, മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**പട്ടാണിക്കൂപ്പ്**

രോഗി സന്ദർശനം നടത്തി. ഒരു നിർധന കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. മേഖലാ രൂപതാതല രചന മത്സരങ്ങളിൽ പങ്കെടുത്തു.

**ചുള്ളിയാന**

സ്വർഗ്ഗാരോപണ തിരുന്നാളിനോടനുബന്ധിച്ച് 'പരി. മറിയം കുടുംബ ജീവിതത്തിന്റെ മാതൃക' എന്ന വിഷയത്തിൽ പ്രസംഗ മത്സരം സംഘടിപ്പിച്ചു. വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പാലാങ്കര**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. മേഖല മത്സരത്തിൽ 6 പേർ പങ്കെടുത്തു. വിശുദ്ധ മോനിക്കയുടെ തിരുനാളിൽ വിശുദ്ധ കുർബാനയിൽ കാഴ്ച സമർപ്പണം നടത്തി.

**പൂളപ്പാടം**

രോഗീ സന്ദർശനം നടത്തി. ഒരു നിർധന കുടുംബത്തിന് സഹായമായി 5000/- രൂപ നൽകി. വി. മോനിക്കാ പുണ്യവതി

യുടെ തിരുന്നാൾ ആചരിച്ചു. സെമിനാർ നടത്തി.

**വലിയ കൊല്ലി**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**മാനന്തവാടി**

വൈദിക ദിനം, വി. അഗസ്തിനോസിന്റെ തിരുനാൾ, സ്വർഗ്ഗാരോപണ തിരുനാൾ, മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. സാഹിത്യ മൽസരത്തിൽ 4 പേർ പങ്കെടുത്തു.

**തലപ്പുഴ**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. മേഖല സാഹിത്യ മത്സരത്തിൽ ഒരാൾ പങ്കെടുത്തു.

**കുഞ്ഞോം**

ജനറൽബോഡി കൂടി. വി. മോനിക്കാ പുണ്യവതിയുടെ തിരുന്നാൾ ആചരിച്ചു. സാന്താ മോനിക്ക മധ്യസ്ഥ പ്രാർത്ഥന അയച്ചുകൊടുത്തു. തിരുവചന പാഥേയം ദിവസവും അയക്കുന്നു. 60 വയസ്സിന് മുകളിലുള്ള അമ്മമാർക്കായി മറിയത്തിന്റെ സ്തോത്ര ഗീത മത്സരം നടത്തി.വിഴിഞ്ഞം മത്സ തൊഴിലാളികൾക്ക് ഐക്യ ദാർഢ്യം പ്രഖ്യാപിച്ച് പള്ളിമുറ്റത്ത് കറുത്ത ബാഡ്ജ് ധരിച്ച് പ്ലക്കാർഡ് ഉയർത്തി കരിദിനം ആചരിച്ചു.

**പേര്യ**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. പള്ളിയും, പരിസരവും വൃത്തിയാക്കി. കോളയാട് വൃദ്ധ സദനം സന്ദർശിച്ചു. ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ നൽകി. രോഗീസന്ദർശനം നടത്തി. മേഖല സാഹിത്യമത്സരത്തിൽ 4 പേർ പങ്കെടുത്തു.

**പോരൂർ**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**പുതിയിടം**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു ജനറൽ ബോഡി, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ കൂടി. മേഖലാതല സാഹിത്യ മത്സരത്തിൽ 5 പേർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

പള്ളിയും പരിസരവും വൃത്തിയാക്കി.

**ഇരുളം**

2 നിർധന കുടുംബത്തിന് 4000/- രൂപ നൽകി. മേഖല തല സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**യവനാർകുളം**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി.

**തലഞ്ഞി**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. കലാ സാഹിത്യ മത്സരങ്ങൾ നടത്തി. മേഖലാ തല മത്സരത്തിൽ പങ്കെടുത്തു. ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തിയാക്കി. ക്വിസ് മത്സരത്തിൽ പങ്കെടുത്തു. മുതിർന്ന മാതാപിതാക്കളെ ആദരിച്ചു. രൂപതയുടെ ഭവന നിർമ്മാണ ഫിലേക്ക് 10000/രൂപ നൽകി.

**പ്രശാന്തിഗിരി**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് യോഗം കൂടി. സാഹിത്യമത്സരത്തിൽ 4 പേർ പങ്കെടുത്തു. വചനം ആവർത്തിച്ച് ചൊല്ലുന്ന വചനകവചം നടത്തി.

**മണിമൂളി**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. അഗതി മന്ദിരം സന്ദർശിച്ചു. ഒരു നേരത്തെ ഭക്ഷണവും സംഭാവനയും നൽകി. രക്തദാന ക്യാമ്പ് നടത്തി. 51 പേർ രക്തദാനം ചെയ്തു. മേഖലാ തലത്തിൽ നടത്തിയ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**നരിവാലമുണ്ട**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. ക്ലാര പുണ്യവതിയുടെ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. Psc പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയ വ്യക്തിയെ അഭിനന്ദിച്ചു. മേഖല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**ബത്തേരി**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പ് രൂപീകരിച്ചു. ജനറൽ ബോഡി കൂടി. 4 വർഷം ആനിമേറ്റർ ആയി

സേവനമനുഷ്ഠിച്ച ബഹു. സി. റ്റീനയ്ക്ക് യാത്രയയപ്പ് നൽകി. ബഫർസോണിനെതിരെയുള്ള പ്രതിഷേധറാലിയിൽ പങ്കെടുത്തു. മേഖല കൺവെൻഷനിൽ 33 പേർ പങ്കെടുത്തു. മേഖലാ തല സാഹിത്യ മത്സരങ്ങളിൽ 4 പേർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചനകവചം - വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**ഏലപ്പീടിക**

വൈദികദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. Executive മീറ്റിങ്ങ് നടത്തി.

**മൺവയൽ**

വൈദികദിനം, രൂപാന്തരീകരണതിരുനാൾ, സ്വർഗ്ഗാരോപണ തിരുനാൾ, സ്വാതന്ത്ര്യ ദിനം, വി. മോനിക്കയുടെ തിരുനാൾ, വി. അഗസ്തിനോസ് തിരുനാൾ എന്നിവ ആചരിച്ചു. സാഹിത്യ മത്സരം രചനാ മത്സരം എന്നിവയിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 20000/- രൂപ നല്കി. വിദ്യാഭ്യാസ സഹായം 500/- രൂപ നല്കി.

**മരകാവ്**

വൈദിക ദിനം,സ്വർഗ്ഗാരോപണ തിരുനാൾ, വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ, വി. മോനിക്കയുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിനാർ നടത്തി. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. മേഖലാ തല സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. സമ്പൂർണ ബൈബിൾ വായന ദിനം നടത്തി. മാതൃവേദി മാർഗ്ഗരേഖ തയ്യാറാക്കി.ഭവന നിർമ്മാണ ഫണ്ട് രൂപതയ്ക്ക് നൽകി

**ബോസ്പര**

സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു. മേഖല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**വാളേരി**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കാ പുണ്യവതിയുടെ തിരുന്നാൾ, വി. ഏവുപ്രാസ്യാമ്മയുടെ തിരുന്നാൾ എന്നിവ ആചരിച്ചു. ചേന, ഇഞ്ചി കൃഷികൾക്ക് വളമിട്ടു മണ്ണുകൂട്ടി. ഒരു നിർധന കുടുംബത്തിന് 27700 /- രൂപ ചികിത്സാ

സഹായം നൽകി. വാഴക്കുഞ്ഞ് വിതരണം ചെയ്ത് ഫണ്ട് ശേഖരിച്ചു. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. ഇഞ്ചി വിളവെടുപ്പ്, വചന കവചം, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി. സാന്താമോനിക്കാ പ്രാർത്ഥനയിൽ പങ്കെടുത്തു.

**മഞ്ഞൂറ**

മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. എമ്മാവൂസ് വില്ലാ സന്ദർശിച്ചു, ഭക്ഷണ സാധനങ്ങൾ വാങ്ങിച്ചു നൽകി.

**വഞ്ഞോട്**

എക്സിക്യുട്ടീവ് യോഗം ചേർന്നു. പള്ളി പരിസരം വൃത്തിയാക്കി. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**വടപുറം**

വൈദിക ദിനം, സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്കാ പുണ്യവതിയുടെ തിരുന്നാൾ എന്നിവ ആചരിച്ചു. ഒരു നിർധന രോഗിയെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി. മേഖലാതല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു.

**ചിത്രഗിരി**

രോഗീ സന്ദർശനം നടത്തി. ഫണ്ടിന് വേണ്ടി ചിട്ടി ആരംഭിച്ചു. അധ്യാപകരെ ആദരിച്ചു.

**സീതാമൗണ്ട്**

അഖണ്ഡ ജപമാലയിൽ പങ്കെടുത്തു. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ തലത്തിൽ നടത്തിയ സാഹിത്യമത്സരം, ബൈബിൾ ക്വിസ് എന്നിവയിൽ പങ്കെടുത്തു.

**കളത്തുവയൽ**

ശാഖാഎക്സിക്യൂട്ടീവ് ചേർന്നു മേഖലയുടെ ജനറൽ ബോഡിയോഗത്തിൽ പങ്കെടുത്തു. അഖണ്ഡ ജപമാല നടത്തി. ഭവന നിർമ്മാണ ഫണ്ടിലേക്ക് 2000/- രൂപ നൽകി മേഖലാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു.

**പനംഞ്ചിറ**

രോഗീ സന്ദർശനം നടത്തി. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. കരുണക്കൊന്ത ചൊല്ലി വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു.

**കുറുമണി**

സ്വർഗ്ഗാരോപണ തിരുന്നാളിനോട് അനുബന്ധിച്ച് ഇടവക

യിൽ വിവിധ മത്സരങ്ങൾ നടത്തി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മേഖല സാഹിത്യമത്സരങ്ങളിൽ 4 പേർ പങ്കെടുത്തു. സെമിനാറിൽ സംബന്ധിച്ചു.

**കേളകം**

പഠനത്തിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു. ഒരു നിർധന കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. രോഗി സന്ദർശനം നടത്തി.

**കയ്യൂന്നി**

വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഭവന സന്ദർശനം, കോളനി സന്ദർശനം എന്നിവ നടത്തി. ഒരു നിർധന രോഗിക്ക് ചികിത്സാസഹായമായി 6000/- രൂപ നൽകി. സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തു. വിശുദ്ധരുടെ തിരുനാളുകൾ അനുസ്മരിച്ചു. സിമിത്തേരി, റോഡിന്റെ വശങ്ങൾ, ബസ്സ്റ്റാൻഡ്, പള്ളി പരിസരം എന്നിവ വൃത്തിയാക്കി

**ദ്വാരക**

വിവിധ നിയോഗങ്ങൾക്കായി ആരാധന നടത്തി.സെമിത്തേരി വൃത്തിയാക്കി. മേഖലാ തല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി.

**പുതുശ്ശേരിക്കടവ്**

സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു. കാഴ്ചവെപ്പ്, സ്നേഹ വിരുന്ന് എന്നിവ നടത്തി. ഒരു നിർധന രോഗിക്ക് ഓണക്കിറ്റ് നൽകി.

**കോട്ടത്തറ**

ശാഖ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം, കോളനി സന്ദർശനം എന്നിവ നടത്തി. മേഖലാ തലത്തിൽ നടത്തിയ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. കർഷകദിനം ആചരിച്ചു

**നെടുമ്പാല**

8 നോമ്പെടുത്തു പ്രാർത്ഥിച്ചു. ജപമാലയ്ക്ക് നേതൃത്വം നൽകി. മരിയൻ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

സെപ്റ്റംബർ മാസത്തെ ഏകദിന കൺവെൻഷന് ഒരുക്കത്തിന്റെ ഭാഗമായി ശുശ്രൂഷകർ രണ്ടാം തീയ്യതി വെള്ളിയാഴ്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥനയും ആരാധനയും നടത്തി. മൂന്നാം തീയതി ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ച കഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം സിയോൻ ഹാളിൽ നടന്നു. ബ്ര. ജോസ് മാളോല ജപമാലക്കും  സ്തുതിയാരാധനക്കും നേതൃത്വം നൽകി. ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് ദിവ്യബലിയർപ്പിച്ചു.

തൃശ്ശൂർ നിന്നുള്ള ബഹു. ബ്ര. അലി മുഹമ്മദ് ഫിലിപ്, മുസ്‌ലിം സമുദായത്തിൽ നിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതിന്റെ 35 വർഷത്തെ ജീവിത സാക്ഷ്യം പങ്കുവെച്ചു, വചനപ്രഘോഷണം നടത്തി. അസി. ഡയറക്ടർ  റവ. ഫാ. പ്രിൻസ് തെക്കേതിൽ ആരാധനക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനങ്ങൾ ആലപിച്ചു.

സെപ്റ്റംബർ 9 ന്, രണ്ടാം വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ (എല്ലാ രണ്ടാം വെള്ളിയാഴ്ചയും) സിയോൻ ടീമിന്റെ നേതൃത്വത്തിൽ അഖണ്ഡ ജപമാല നടത്തി.

സെപ്റ്റംബർ 10 ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിചൽ ഷെയറിംങ്ങിന് ബ്ര. പൈലി പെലക്കുടി, ശ്രീമതി എൽസി കുളത്തിങ്കൽ, സി. ആൽഫി SH, സി. ക്രിസ്റ്റി മരിയ SABS, സി. മരിന SH എന്നിവർ നേതൃത്വം നൽകി. റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വാഴകാട്ട് എന്നിവർ എല്ലാ ഞായറാഴ്ചകളിലും ഓൺലൈൻ സുവിശേഷവിചിന്തനങ്ങൾ പങ്കുവെച്ചു. സെപ്റ്റംബർ 11 മുതൽ 23 വരെ നടന്ന വൈദീകരുടെ വാർഷിക ധ്യാനത്തിന് സിയോൻ ടീമംഗങ്ങൾ ചാപ്പലിൽ പ്രത്യേക മാധ്യസ്ഥപ്രാർത്ഥന നടത്തി.

സെപ്റ്റംബർ 23 ന് നാലാം വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ രാത്രി 12 വരെ സിയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടന്നു.

കോർഡിനേറ്റർ, ബ്ര. ജോസ് മാളോല, എന്നിവർ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. ഫാ. പ്രിൻസ് തെക്കേതിൽ വചനശുശ്രൂഷ നടത്തി, വി. ബലിയർപ്പിച്ചു. സെപ്റ്റംബർ 25 മുതൽ 28 വരെ തീയതികളിൽ സിയോൻ ധ്യാനകേന്ദ്രത്തിൽ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനം നടന്നു.

**Nb:**

അടുത്ത ഏകദിന കൺവെൻഷൻ ഒക്ടോബർ 1 ന് രാവിലെ 9 മണിക്ക് ആരംഭിക്കുന്നു. ഒക്ടോബർ മാസത്തെ താമസിച്ചുള്ള ധ്യാനം 13 ന് വ്യാഴാഴ്ച്ച വൈകിട്ട് 4 ന് ആരംഭിച്ച് 16 ന് ഞായറാഴ്ച്ച ഉച്ചക്ക് സമാപിക്കും. ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. നേരത്തെ ബുക്ക് ചെയ്യുന്നവർക്ക് തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ Spiritual Sharing ന് സൗകര്യം ഉണ്ടായിരിക്കും.

സിയോൻ ധ്യാനകേന്ദ്രം

**ഫാ. സോണി വാഴകാട്ട്**

ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

''കർത്താവാണ് എല്ലാ നന്മയും നല്കുന്നത്'' (തോബി.4.19)

നാമെല്ലാവരും ജീവിതം കരുപ്പിടിപ്പിക്കുവാനുള്ള ഓട്ടത്തിലാണല്ലൊ. ഈ ഓട്ടത്തിനിടയിൽ നാം പലപ്പോഴും മറക്കുന്ന ചിലതുണ്ട്. നമ്മെ നെഞ്ചോടു ചേർത്തു പിടിച്ച് വാക്കുകൊണ്ടും സ്നേഹംകൊണ്ടും താങ്ങും തണലുമായിരുന്നവർ. അവരിൽ പലരും ഇന്ന് ജീവിത സായാഹ്നത്തിലായിരിക്കാം. നമ്മുടെ സ്വരം ഒന്നു കേൾക്കുവാൻ നമ്മെ ഒന്നു കാണുവാൻ കാത്തിരിക്കുന്നവരാണവർ. നേട്ടത്തിനുള്ള ഓട്ടത്തിൽ ഇവരുടെ പുഞ്ചിരിക്കുന്ന മുഖംപോലും നാം മറന്നുപോയിരിക്കാം. ഇവർക്കെല്ലാമുപരിയായി ഇക്കാലമത്രയും നമ്മെ കാത്തുപരിപാലിച്ച ദൈവത്തത്തന്നെ നാം മറക്കുന്ന അവസ്ഥയാണ് ഇന്നു നാം കാണുന്നത്. പ്രാർത്ഥനകളോടുള്ള വിരക്തി, കൂദാശകൾ പരികർമ്മം ചെയ്യുന്നതിലെവിമുഖത ഇതെല്ലാം ഇന്നിന്റെ കാഴ്ചകളാണ്. നാം ദൈവസ്നേഹം അനുഭവിച്ചറിഞ്ഞവരാണ്. ആ നമുക്ക് എങ്ങിനെ ദൈവത്തെ മറന്ന് ജീവിക്കുവാൻ കഴിയും. നമുക്കോരോരുത്തർക്കും ദൈവം ഓരോ കടമകൾ ഏല്പ്പിച്ചു തന്നിട്ടുണ്ട്. നാം വിൻസെൻഷ്യൻ പ്രവർത്തകർക്ക് ദൈവം നല്കിയ കടമ വലുതാണ്. പ്രവർത്തനവും, പ്രാർത്ഥനയും അതാണ് നമ്മുടെ മുദ്രാവാക്യം. ദൈവത്തിന്റെ കരങ്ങളായി പ്രവർത്തിക്കുക, ദൈവത്തോട് പ്രാർത്ഥിക്കുക. നമ്മുടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് നാം വിചിന്തനം ചെയ്യേണ്ടസമയമായിരിക്കുന്നു. നമ്മുടെ കർത്താവിന് സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത് (2 തിമോ.1.8) വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലൂടെ നാം ദൈവത്തിന് സാക്ഷ്യം നല്കുകയാണ്. മറ്റുള്ളവരെ സഹായിക്കുന്നതിൽ, ഭവനസന്ദർശനങ്ങൾ നടത്തുന്നതിൽ മറ്റുള്ളവരെ സഹായിക്കുന്നതിൽ നാം വിമുഖരാണോ. ഒരിക്കലും സഹായം നിരസിക്കരുത് (നിയമാവർത്തനം 22.3) ഈ ബൈബിൾ വാക്യം മുറുകെ പിടിച്ചു കൊണ്ടായിരിക്കണം ഓരോ വിൻസെൻഷ്യന്റെയും പ്രവർത്തനങ്ങൾ.

**മാനന്തവാടി സി.സി.ക്ക് പുതിയ നേതൃത്വം**

സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗണസിലിന് പുതിയ നേതൃത്വമായി. സി.സി. പ്രസിഡണ്ടായി ബ്രദർ ബാബു നമ്പുടാകം (പുൽപ്പള്ളി) തെരഞ്ഞെടുക്കപ്പെട്ടു. ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന ചടങ്ങിൽ മാനന്തവാടി രൂപതാധ്യക്ഷൻ (സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി സി.സി. രക്ഷാധികാരി) മാർ. ജോസ് പൊരുന്നേടം പിതാവ്, പുതിയ പ്രസിഡണ്ട്, ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി (ബത്തേരി) എന്നിവർക്ക് സത്യപ്രതിജ്ഞ വാചകങ്ങൾ ചൊല്ലിക്കൊടുത്തു, സന്ദേശം നല്കി. സി.സി.ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജോ കുടക്കച്ചിറ, മരകാവ് സെന്റ് തോമസ് ഇടവക വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മുൻപ്രസിഡണ്ട് ബ്ര. എ. വി. ജോർജ്ജ് അധ്യക്ഷത വഹിച്ചു. ബ്ര. എൻ. യു. ജോൺ സ്വാഗതവും, ബ്ര. മാത്യു കന്നുകെട്ടിയിൽ നന്ദിയും പറഞ്ഞു.

**ദേശീയ സമ്മേളനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 68-ാം മത് ദേശീയ സമ്മേളനം സെപ്തംബർ 15,16,17,18 തിയതികളിൽ കൊല്ലം ക്രിസ്തു ജ്യോതിസ് അനിമേഷൻ സെന്ററിൽ നടന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 150ലേറെ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. മാനന്തവാടി സി.സി.യെ പ്രതിനിധീകരിച്ച് സി. സി. പ്രസിഡണ്ട് ബ്രദർ ബാബു നമ്പുടാകം സമ്മേളനത്തിൽ പങ്കെടുത്തു. ദേശീയ പ്രസിഡണ്ട് ബ്രദർ ജൂഡ് മംഗൾരാജ് പതാക ഉയർത്തി സമ്മേളനത്തിന് തുടക്കംകുറിച്ചു. തുടർന്നു നടന്ന ദിവ്യബലിയിൽ കൊല്ലം രൂപതാധ്യക്ഷൻ മാർ. പോൾ ആന്റണി മുല്ലശ്ശേരി മുഖ്യകാർമ്മികത്വം വഹിച്ചു. സമ്മേളനം വികാരി ജനറാൾ മോൺ. വിൻസെന്റ് മച്ചാഡൊ ഉദ്ഘാടനം ചെയ്തു. ദക്ഷിണാഫ്രിക്കൻ നാഷണൽ പ്രസിഡണ്ട് ബ്രദർ പീറ്റർ കോഷാർ മുഖ്യപ്രഭാഷണം നടത്തി. നാഷണൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോസഫ് ആരോഗ്യ ജയകുമാർ, കൊല്ലം സി.സി ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. സേവ്യർ ലാസർ, റവ. സിസ്റ്റർ സെൽസിമേരി എഫ്. ഐ. എച്ച്, എസ്. മിൽട്ടൺ (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി), ബ്രദർ സെബാസ്റ്റ്യൻ തോമസ് (ദേശീയ സീനിയർ വൈസ് പ്രസിഡണ്ട്), ബ്രദർ സന്ധ്യാഗു മാണിക്യം (ദേശീയ സെക്രട്ടറി) എന്നിവർ

ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്നു നടന്ന സെമിനാറുകൾ, ചർച്ചകൾ എന്നിവയിൽ ബ്ര. ജോസഫ് സ്വോറസ് (ദേശീയ ട്രഷറർ), റവ. ഫാ. ഫ്രാൻസീസ് പുത്തൻതയ്യിൽ (വിൻഫാം ദേശീയ സെക്രട്ടറി), ബ്ര. ജോർജ്ജ് ജോസഫ്, ബ്രദർ സ്റ്റാൻലി മിഖായേൽ തുടങ്ങിയവർ നേതൃത്വം നല്കി. മാർ. തോമാശ്ലീഹ സ്ഥാപിച്ച പോർട്ട് കൊല്ലം പരിശുദ്ധ ശുദ്ധീകരണമാതാ ദൈവാലയത്തിൽ സമ്മേളന പ്രതിനിധികൾക്കായി പ്രത്യേക പ്രാർത്ഥനകളും, വചസന്ദേശവും നടത്തി. അടുത്ത ദേശീയസമ്മേളനം 2023 സെപ്തംബറിൽ മംഗലാപുരത്ത് നടത്തുവാൻ തീരുമാനിച്ചു.

**ഗൂഡല്ലൂർ എ.സി.സമ്മേളനം**

ഗൂഡല്ലൂർ എ.സി.യുടെ പ്രത്യേക സമ്മേളനം ഗൂഡല്ലൂർ അരുൾ നിലയം സേക്രട്ട് ഹാർട്ട് പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. എ. സി. പ്രസിഡണ്ട് സിസ്റ്റർ വത്സമ്മ പീറ്റർ ഇളയച്ചാനിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം എ.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ചാക്കോ ഇല്ലിപ്പറമ്പിൽ. സി. എം. ഐ. ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡണ്ട് ബ്രദർ ബാബു നമ്പുടാകം മുഖ്യപ്രഭാഷണം നടത്തി. സംഘടനയിൽ കഴിഞ്ഞ 25വർഷങ്ങളായി സേവനമനുഷ്ഠിക്കുന്ന 20 വിൻസെൻഷ്യൻ സഹോദരരെ ചടങ്ങിൽ ആദരിച്ചു. സിസ്റ്റർ ഷേർളി എസ്.കെ.ഡി, ബ്രദർ ബിജു കിഴക്കെമാളിയേക്കൽ, ബ്രദർ റോയ്ളൂയീസ് തുരുത്തിയിൽ, ബ്രദർ ജോയ് തറപ്പേൽ, സിസ്റ്റർ മേഴ്സി പാട്ടശ്ശേരി, സിസ്റ്റർ ക്രിസ്റ്റീന ജോർജ്ജ് അറയ്ക്കൽ, സിസ്റ്റർ ലിജി വിനീഷ്, ബ്രദർ തങ്കച്ചൻ പാറേക്കാട്ടിൽ തുടങ്ങിയവർ ആശംസകളർപ്പിച്ചു.

**തരിയോട് എ.സി.**

തരിയോട് എ.സി.യിലെ രണ്ട് കോൺഫ്രൻസുകളുടെ യോഗം ചെന്നലോട് സെന്റ് സെബാസ്റ്റ്യൻ പള്ളി ഹാളിൽ നടന്നു. എ.സി. പ്രസിഡണ്ട് ബ്രദർ ബെന്നി മാങ്കോട്ട് അധ്യക്ഷത വഹിച്ചു. മുൻ എ.സി. പ്രസിഡണ്ട് സി. റോസമ്മ അയ്യങ്കുഴയ്ക്കൽ, സി. സൂസി തെങ്ങുംപള്ളിൽ, സി. ഏലിയാമ്മ വെട്ടിക്കുഴി, ബ്ര. ഫ്രാൻസീസ് എടപ്പാട്ട്, സി. മോളി ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു.

**നന്ദി**

കഴിഞ്ഞ ആറ് വർഷങ്ങളിൽ മാനന്തവാടി സെൻട്രൽ കൗൺസിലിനെ നയിക്കുകയും സ്തുത്യർഹമായ സേവനമനുഷ്ഠിക്കുകയും ചെയ്ത മുൻ സി.സി.പ്രസിഡണ്ട് ബ്രദർ ജോർജ്ജ് ആക്കാന്തിരിക്കും സഹപ്രവർത്തകർക്കും സി.സി.യുടെ നന്ദി അറിയി

ക്കുന്നു. ഇക്കാലയളവിൽ സംഘടന ഏറെ വളരുകയും ഒട്ടേറെ നന്മ പ്രവർത്തികൾ ചെയ്യുന്നതിനും സാധിച്ചു. അദ്ദേഹത്തിനും സഹപ്രവർത്തകർക്കും അവർ ചെയ്ത പ്രവർത്തികൾക്ക് ദൈവം പ്രതിഫലം നല്കട്ടെ. എല്ലാവിധ പ്രർത്ഥനാശംസകളും അർപ്പി ക്കുന്നു.

പ്രാർത്ഥനാശംസകളോടെ,
**റവ. ഫാ. ജോജോ കുടക്കച്ചിറ**
(സി.സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്ര. ബാബു നമ്പുടാകം**
(സി.സി. പ്രസിഡണ്ട്)

# സാമൂഹ്യ സേവനരംഗം (WSSS)

## വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓണാഘോഷം നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഈ വർഷത്തെ ഓണാഘോഷം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ക്യാമ്പസിൽ വിവിധങ്ങളായ പരിപാടികളോടെ നടത്തി. ഔപചാരികമായ ഉദ്ഘാടനം നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ജിഷ വി നിർവ്വഹിച്ചു. പൂക്കളമത്സരം, വടംവലി, ഓണപ്പാട്ട് മത്സരം, ലളിതഗാനം, കുപ്പിയിൽ വെള്ളം നിറയ്ക്കൽ, സ്പൂൺ റെയ്സിങ് തുടങ്ങി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സോഷ്യൽ വെൽഫയർ സൊസൈറ്റി, സ്വാശ്രയ സംഘങ്ങൾ, തുല്യ ബാദ്ധ്യത സംഘങ്ങൾ എന്നിവയിലെ അംഗങ്ങൾ ഓണാഘോഷ പരിപാടിയിൽ പങ്കെടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, റീജിയണൽ കോർഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT) കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഓണാഘോഷം നടത്തി. പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ യുടെ അദ്ധ്യക്ഷതയിൽ അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. DDU-GKY പ്രോഗ്രാം കോർഡിനേറ്റർ റോബിൻ ജോസഫ്, സെന്റർ ഇൻ ചാർജ്ജ് ജാൻസി ജിജോ, ഏലിയാമ്മ ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. ആഘോഷ പരിപാടികളുടെ ഭാഗമായി വിവിധ മത്സരങ്ങൾ, കലാപരിപാടികൾ എന്നിവ നടത്തി. ഓണസദ്യയോടു കൂടി പരിപാടികൾ അവസാനിച്ചു. അദ്ധ്യാപികമാരായ ചിഞ്ചു മരിയ, ശ്രുതി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**പരിശീലന പരിപാടികൾ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ജലം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവ കൃഷി, ഡ്രൈ ഫ്ളവർ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തേനീച്ച വളർത്തൽ, പഴങ്ങളുടെ സംസ്ക്കരണം, സോപ്പുൽപ്പന്നങ്ങളുടെ നിർമ്മാണം, കർഷക ഉത്പാദക സംഘങ്ങൾ, ജല സാക്ഷരത, ജൈവ പച്ചക്കറി കൃഷി തുടങ്ങിയ വിഷയങ്ങളിൽ മട്ടിലയം, പൊർലോം, എന്നീ നീർത്തടങ്ങളിൽ പരിശീലന പരിപാടികൾ നടത്തി.

**സാമ്പത്തിക സഹായം അനുവദിച്ചു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ മട്ടിലയം, പൊർലോം എന്നീ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പരിപാടിയുടെ ഭാഗമായി നെൽകൃഷി, ജൈവ വേലി നിർമ്മാണം, നീർക്കുഴി, കല്ല് കയ്യാല നിർമ്മാണം, പച്ചക്കറി കൃഷി എന്നിവയ്ക്ക് സാമ്പത്തിക സഹായം അനുവദിച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT) കോഴ്സിലേക്ക് 2022-2024 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ WSSS ഓഫീസുമായി നേരിട്ടു ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

**(ശനിയാഴ്ച്ച ദിവസങ്ങളിൽ)**

കട്ടിംഗ്& ടെയ്ലറിംഗ് (6മാസം)കട്ടിംഗ്& ടെയ്ലറിംഗ് (3മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU-GKY പദ്ധതിയിൽ ബ്യൂട്ടീഷൻ ബാച്ചിലെ വിദ്യാർത്ഥികൾ ഓണാഘോഷം നടത്തുകയും അതുപോലെ ഓണത്തോട് അനുബന്ധിച്ച് വിവിധങ്ങളായ കലാപരിപാടികൾ നടത്തുകയും ചെയ്തു. അന്നേ ദിവസം നടന്ന പൊതുപരിപാടിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. ബാബു ചക്കിയത്ത്, ജോസ് പി. എ, റോബിൻ ജോസഫ് എന്നിവരും കൂടാതെ വിശിഷ്ട അതിഥിയായി ശ്രീ. ലുക് (ജർമ്മനി) പങ്കെടുക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം, കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000, 2000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. 2023 മാർച്ച് വരെയുള്ള എല്ലാ ബാച്ചുകളിലേക്കും അഡ്മിഷൻ പൂർത്തിയായി കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9526476596 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

## SWS സോഷ്യൽ വെൽഫയർ സൊസൈറ്റി

### സോഷ്യൽ വെൽഫയർ സൊസൈറ്റി മീറ്റിംഗ്

WSSSന്റെ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആറാട്ടുത്തറ, ചെറുകാട്ടൂർ, പടമല, പയ്യംമ്പള്ളി, കല്ലോടി, തവിഞ്ഞാൽ, അമരക്കുനി തുടങ്ങിയ വിവിധ യൂണിറ്റുകളിലായി മീറ്റിംഗുകൾ സംഘടിപ്പിച്ചു. ഫാ. ജോസ് കൊച്ചറയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ഫാ. സുനിൽ വട്ടുക്കു

ന്നേൽ, ഫാ. ജെയിംസ് മാങ്കോട്ടിൽ, ഫാ. ജിതിൻ പൊയ്കയിൽ, എന്നിവർ സംസാരിച്ചു.

**യൂണിറ്റ്തല ഓണാഘോഷം**

ചെറുകാട്ടൂർ, ആറാട്ടുത്തറ, പയ്യംപള്ളി, നടവയൽ, കല്ലോടി എന്നീ യൂണിറ്റുകളിൽ ഓണാഘോഷ പരിപാടികളും ഓണസദ്യയും സംഘടിപ്പിച്ചു.

**SSLC, Plus Two കുട്ടികളെ ആദരിക്കൽ**

കണിയാമ്പറ്റ, ചെറുകാട്ടൂർ എന്നീ യൂണിറ്റുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ 27 കുട്ടികളെ മൊമന്റോ നൽകി ആദരിച്ചു. ഫാ. സെബാസ്റ്റ്യൻ പുത്തേൻ കണിയാമ്പറ്റ യൂണിറ്റിലും ഫാ. ജോസ് കൊച്ചറയ്ക്കൽ ചെറുകാട്ടൂർ യൂണിറ്റിലും നേതൃത്വം നൽകി. SWS കോഡിനേറ്റർ ആലീസ് സിസിൽ, സെക്രട്ടറി ആന്റണി വെള്ളാക്കുഴി തുടങ്ങിയവർ പങ്കെടുത്തു

**ഡ്രസ്സ് കളക്ഷൻ**

ആശാകിരണം പദ്ധതിയുടെ ഭാഗമായി എടയൂർക്കുന്ന്, ഒണ്ടയങ്ങാടി, തവിഞ്ഞാൽ യൂണിറ്റുകളിൽ വസ്ത്രശേഖരണം നടത്തി. ഒണ്ടയങ്ങാടി യൂണിറ്റിൽ ഫാ. സജി പുതുകുളങ്ങര നേതൃത്വം നൽകി.

**ആട് വിതരണം നടത്തി**

പോരൂർ യൂണിറ്റിൽ SWS ഡയറക്ടർ ഫാ. ജെയിംസ് കുന്നത്തേട്ടിന്റെ നേതൃത്വത്തിൽ പാവപ്പെട്ട ഒരു കുടുംബത്തിന് ആടുവിതരണം നടത്തി.

**സോപ്പ് ട്രെയിനിംഗ്**

ഒണ്ടയങ്ങാടി, വരടിമൂല, പൊർലോം, ചണ്ണോത്തുകൊല്ലി, അമരക്കുനി, പാറക്കടവ്, ഏരിയപ്പള്ളി, മട്ടിലയം, കുറുക്കന്മൂല എന്നീ സ്ഥലങ്ങളിൽ സോപ്പ് ട്രെയിനിംഗ് സംഘടിപ്പിച്ചു. ഹാർപിക്, പ്രിൽ, സോപ്പുപ്പൊടി, ഫിനോയിൽ, ഷാംപൂ, ഹാൻഡ് വാഷ്, തുടങ്ങിയ ഇനങ്ങൾക്ക് പരിശീലനം നൽകി. കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, സുജ മാത്യു എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

പഴൂർ, മഞ്ഞൂറ എന്നിവിടങ്ങളിൽ 10 പേർ ചേർന്ന് പുതിയ ഗ്രൂപ്പുകൾ രൂപീകരിച്ചു.

**ലീഡേഴ്സ് മീറ്റ് നടത്തി**

പുൽപ്പള്ളി, മാനന്തവാടി, കൽപ്പറ്റ, കൊട്ടിയൂർ റീജിയണുകളുടെ ലീഡേഴ്സ് മീറ്റ് നടത്തി. യൂണിറ്റ്തല പ്രവർത്തനങ്ങളെ

കുറിച്ചും പുതിയ പ്രൊജക്റ്റുകളെ കുറിച്ചും കോഡിനേറ്റർമാരായ ആലീസ് സിസിൽ, സുജ മാത്യു, ഷീന ആന്റണി എന്നിവർ സംസാരിച്ചു.

**കേരള ലേബർ മൂവ്മെന്റ്**

ഭിന്നശേഷിയുള്ള കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം നടത്തി.

കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും പരിശീലന പരിപാടി സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി നിർമ്മൽ ജ്യോതി ഭവനിൽ സംഘടിപ്പിച്ച പരിപാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ജെസി മാങ്കോട്ടിൽ സ്വാഗതം ആശംസിക്കുകയും സിസ്റ്റർ ഡെയ്സി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇത്തരം കുട്ടികളെ വളർത്തികൊണ്ട് വരിക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ ക്ലാസിന് സിസ്റ്റർ ടീന നേതൃത്വം നൽകി. ഭിന്നശേഷിക്കാരായ മക്കളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി മാതാപിതാക്കൾക്ക് വേണ്ടി നടത്തിയ പരിശീലനത്തിന് സ്പെഷ്യൽ എഡ്യുക്കേഷൻ അദ്ധ്യാപിക ശ്രീമതി. ടെസി നേതൃത്വം നൽകി. സി. ക്ലെയർ, സി. മേബിൾ, KLM കോ-ഓർഡിനേറ്റർ മിനി എന്നിവർ നേതൃത്വം നൽകി.

KLM പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് ഇടവക തല പാരീഷ് കൗൺസിൽ മീറ്റിംഗിൽ ബോധവത്ക്കരണം നടത്തി വരുന്നു.

**ആനുകൂല്യം**

വിവാഹധനസഹായമായി 02 പേർക്കും പ്രസവധനസഹായമായി 03 പേർക്കും ഈ മാസം ആനുകൂല്യം ലഭിച്ചു.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഈ സാമ്പത്തിക വർഷം 1250 കുടുംബങ്ങൾ അംഗത്വമെടുത്തു. ഇതുവരെ 49 ക്ലെയിമുകളിൽ നിന്നായി 382156 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി അംഗങ്ങൾക്ക് ലഭിച്ചു.

**ഫാ. പോൾ കൂട്ടാല**

ഡയറക്ടർ, WSSS

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**മെഡിസെപ്പ് ഇൻഷുറൻസ്**

ഗവൺമന്റ് ജോലിക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള മെഡിസെപ്പ് ഇൻഷുറൻസ് സ്വീകരിച്ചു തുടങ്ങി. ഇതിനുപുറമേ കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയായ KASP ഉം മറ്റ് പ്രമുഖ പ്രൈവറ്റ് കമ്പനികളുടെ ആരോഗ്യ ഇൻഷുറൻസുകളും ഹോസ്പിറ്റലിൽ സ്വീകരിക്കുന്നു.

**രക്തനിർണയ ക്യാമ്പ് സംഘടിപ്പിച്ചു**

14/8/22 ന് അമ്പായത്തോട് സെന്റ് ജോർജ് പള്ളിയിൽ വെച്ച് രക്ത നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

**മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

21/8/22 ന് മുള്ളൻകൊല്ലി സെന്റ്. മേരിസ് പാരിഷ് ഹാളിൽ വെച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ, പീഡിയാട്രീക്സ്, ഓർത്തോപീഡിക്, നേത്രരോഗം എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി. ക്യാമ്പിൽ പ്രദേശവാസികളായ നൂറിൽപരം ആളുകൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി.

**സി.റ്റി സ്കാൻ, മാമോഗ്രാം യൂണിറ്റുകൾ ആരംഭിച്ചു**

സി.റ്റി സ്കാൻ, മാമോഗ്രഫി എന്നിവയുടെ പുതിയ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് 15/9/ 22 ന് വെഞ്ചിരിപ്പ് കർമ്മം നടത്തി.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും , ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**NPOP ഓഡിറ്റ് ക്രമീകരണങ്ങൾ**

7 ICS കളിൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ സോക്കയിൽ നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ ജോബി വർഗീസിന്റെ

നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ ശ്രീ. പ്രകാശ് റായ്, ശ്രീ. ദിലീപ് ലാമേച്ചി എന്നിവർ നേതൃത്വം നൽകി.

**ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തി**

ഫീൽഡ് കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലായി ഇന്റെണൽ ഇൻസ്പെക്ഷൻ നടന്നുവരുന്നു. കർഷകർ നൽകിയ വിവരങ്ങൾ കൃത്യമാണോ എന്ന് അപഗ്രഥിക്കുകയും കൃഷിയിടത്തിൽ നിലവാരം പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുമാണ് ഇന്റെണൽ ഇൻസ്പെക്ഷനിലൂടെ ലക്ഷ്യമിടുന്നത്. ആഗസ്റ്റ് മാസം 7 പഞ്ചായത്തുകളിലായി 1300 കൃഷിയിടങ്ങളിൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു.

**കാലാവസ്ഥ വ്യതിയാന പഠനം**

ജൂലൈ മാസം ഒൻപതാം തീയതി മീനങ്ങാടിയിൽ വച്ച് ചേർന്ന നെറ്റ്‌വർക്ക് ഓഫ് ഏഷ്യ പസഫിക്കിന്റെ നേതൃത്വത്തിൽ നടന്ന കാലാവസ്ഥ വ്യതിയാന പഠനം വർക്ക്ഷോപ്പിന്റെ തുടർച്ചയായി പ്രതിനിധികളായ ശ്രീ.ടി ജെ ജെയിൻസ്. ശ്രീ. ബെവിൻ ടോണി എന്നിവർ ബയോവിൻ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. യോഗത്തിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. നിതിൻ പാലക്കാട്ട് , കഫെ കോർഡിനേറ്റർ ശ്രീ. ബിബിൻ ജോയ് എന്നിവർ പങ്കെടുത്തു.

**ഭരണസമിതി പുതുക്കൽ**

കഫെ , വോഫെ സംഘടനകളുടെ 2022-2023 വർഷത്തെ ഭരണ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുകയും റെജിസ്ട്രേഷൻ പുതുക്കൽ പൂർത്തീകരിക്കുകയും ചെയ്തു.

**മാർക്കറ്റിങ്**

ആഗസ്റ്റ് മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, ചുക്ക്, ഏലക്ക, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, കാനഡ, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ആസ്ട്രേലിയ, നെതർലാൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**സംഭരണം**

പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ആഗസ്റ്റ് മാസം, 2549 കിലോ കാപ്പി 103 രൂപ നിരക്കിലും, 1912 കിലോ കുരുമുളക് 560 രൂപ നിരക്കിലും സംഭരിച്ചു.

ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം) കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ്

വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ആഗസ്റ്റ് മാസത്തിലും ഇഞ്ചി, വാഴപ്പഴം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

## റേഡിയോ മാറ്റൊലി 90.4 mhz

**സന്ദർശനം**

തെലങ്കാനയിലെ അഡിലാബാദ് രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ പ്രിൻസ് ആന്റണി മാറ്റൊലി സന്ദർശിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ആഗസ്റ്റ് 30 ചെറുകിട വ്യവസായ ദിനത്തോടനുബന്ധിച്ച് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ ലിസിയാമ്മ സാമുവൽ പരിപാടിയിൽ പങ്കെടുത്തു

**ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി**

സെപ്റ്റംബർ 8 ന് തിരുവോണദിനത്തിൽ പ്രത്യേക സംഗീത സല്ലാപം സംഘടിപ്പിച്ചു. പി ബി ഭാനുമോൻ മക്കളായ ബി. ഉണ്ണികൃഷ്ണൻ, ബി. കൃഷ് ണപ്രിയ, ബി.വിഷ്ണുപ്രിയ എന്നിവർ സംഗീത സല്ലാപം പരിപാടിയിൽ പങ്കെടുത്തു.

**പങ്കാളിത്തം**

ആഗസ്റ്റ് 23 ന് കല്പറ്റയിൽ വെച്ച് നടന്ന വയനാട് ഡിജിറ്റലിലേക്ക് എന്ന പരിപാടിയിൽ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു. തിരുവനന്തപുരം ആർ. ബി. ഐ ജനറൽ മാനേജർ ഡോ. സെഡറിക് ലോറൻസ്മായി ഫാ. ബിജോ കൂടിക്കാഴ്ച നടത്തി.

**ഇന്റേൺഷിപ്പ്**

കാലിക്കറ്റ് ് യൂണിവേഴ്സിറ്റി കാംപസിൽ അവസാനവർഷ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥികളായ ഷഹാന ഷെറിൻ, സഫാന കെ.വി എന്നിവർ സെപ്റ്റംബർ 6 മുതൽ 15 ദിവസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

മൈസൂർ സെന്റ് ഫിലോമിനാസ് കോളേജിൽ അവസാനവർഷ മാസ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിദ്യാർത്ഥി ആദർശ് ബെന്നി സെപ്റ്റംബർ 12 ന് ഒരു മാസത്തെ ഇന്റേൺഷിപ്പിനായി ചേർന്നു.

**സെമിനാർ**

അമ്പലവയൽ കാർഷിക കോളേജിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി ക്ളാസ്സ് എടുത്തു. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിറ്റി റേഡിയോ ഫാം ജേർണലിസം, റേഡിയോ പ്രോഗ്രാം മേക്കിംഗ് എന്നീ വിഷയങ്ങളിലായിരുന്നു ക്ളാസ്സ്.

**ഗ്രാമമാറ്റൊലി**

കല്ലോടി എള്ളുമന്ദം പ്രദേശത്ത് സെപ്തംബർ 17ന് ഗ്രാമ മാറ്റൊലി സംഘടിപ്പിച്ചു. പ്രോഗ്രാം ഡയറക്ടർ ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ, റെനീഷ് ജോർജ് എന്നിവർ നേതൃത്വം നൽകി. പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, വോളിയേഴ്സ് എന്നിവർ വിവിധ പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. സെപ്റ്റംബർ 6 ന് മാറ്റൊലി ടീം ഓണാഘോഷം നടത്തി. നിരവിൽപുഴ സ്വദേശി ശ്രീലക്ഷ്മി രാജീവ് വോളണ്ടിയറായി ആഗസ്റ്റ് 24 ന് ജോയിൻ ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

## ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**LEDP Entrepreneurship -Training @ മൺവയൽ**

തമിഴ്നാട് നബാർഡ് ധനസഹായത്തോടെ NDS ഉം നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP (Livelihood Enterprise & Development Program) സംരംഭകത്വ പരിശീലന പരിപാടി 18.08.2022 നു മൺവയൽ യൂണിറ്റ് ഡയറക്ടർ ഫാ. ബാബു കക്കാട്ടി കാലായിലിന്റെ അധ്യക്ഷതയിൽ NDS ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ തിരിതെളിച്ച് ഉദ്ഘാടനം നിർവഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ആടുവളർത്തൽ സംരംഭകത്വം, വിപണനം, രോഗപ്രതിരോധ നടപടികൾ എന്നീ വിഷയങ്ങളിൽ ഗൂഡല്ലൂർ വെറ്റിനറി ഹോസ്പിറ്റൽ സർജൻ ഡോക്ടർ കാവണ്യ ക്ലാസുകൾ നയിച്ചു. ആട് വളർത്തൽ സംരംഭക്ത്വ പരിശീലനത്തിനായി വിമലഗിരി, ബോസ്പാറ, ഗൂഡല്ലൂർ, മൺവയൽ എന്നിവിടങ്ങളിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 33 വനിതകൾക്ക് ആയിട്ടാണ് ഈ പരിശീലന പരിപാടി നടത്തപ്പെട്ടത്. അതോടൊപ്പം ആടുവളർത്തൽ പദ്ധതിയിൽ കുറഞ്ഞ പലിശ നിരക്കിൽ എങ്ങനെ ലോൺ സൗകര്യം നേടിയെടുക്കാം എന്ന വിഷയത്തിൽ കാനറാ ബാങ്ക് FLC കോഡിനേറ്റർ ശ്രീമതി പ്രേമ ജോയ് ക്ലാസുകൾ നയിച്ചു. ആടുവളർത്തലുമായി ബന്ധപ്പെട്ടു രോഗപ്രതിരോധത്തിനായി നമ്മുടെ ചുറ്റിലുമുള്ള പച്ചമരുന്നുകൾ എങ്ങനെ പ്രായോഗികമായി ഉപയോഗപ്പെടുത്താം എന്ന വിഷയത്തിൽ സിസ്റ്റർ ജ്യോതി SKD ക്ലാസ് നയിച്ചു.

ഇന്നത്തെ കാലഘട്ടത്തിൽ സമൂഹത്തിൽ വനിതകൾ എങ്ങനെ സംരംഭത്തിലൂടെ വിജയിക്കാം എന്ന വിഷയത്തിൽ ഫാദർ അനൂപ്കൊല്ലംകുന്നേൽ ക്ലാസുകൾ നയിച്ചു. സംരംഭത്തിന് ഇറങ്ങിത്തിരിക്കുന്ന വനിതാ സംരംഭകരുടെ സമൂഹവുമായുള്ള ഇടപെടൽ/ആശയവിനിമയം, പെരുമാറ്റം എന്ന വിഷയത്തിൽ മാസ്റ്റർ ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ ക്ലാസുകൾ നയിച്ചു. വളർത്തുമൃഗങ്ങളിൽ നിന്നും ആളുകൾക്കു പെട്ടെന്ന് വന്നേക്കാവുന്ന രോഗങ്ങൾ അതിനുള്ള പ്രതിവിധികൾ എന്ന വിഷയത്തിൽ മൺവയൽ FHC ഹെഡ് നഴ്സ് ശ്രീമതി. ഭുവനേശ്വരി ക്ലാസുകൾ നൽകി.

പരിശീലന പരിപാടികൾ സമാപനസമ്മേളനം 28. 08. 2022 നു തമിഴ് തായ് വാഴ്തോടു കൂടി NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിലിന്റെ അധ്യക്ഷതയിൽ നബാർഡ് AGM ശ്രീ. തിരുമല റാവു, ഊട്ടി ലീഡ് ബാങ്ക് മാനേജർ ശ്രീ. സത്യരാജാ, ശ്രീ. മധുരൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സുനിൽ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു പത്ത് ദിവസത്തെ സംരംഭകത്വ പരിശീലനം പൂർത്തിയാക്കിയ 33 വനിതാ സംരംഭകർ പരിപാടിയുടെ സമാപന സമ്മേളനത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു പങ്കെടുത്തു. നബാർഡ് AGM ശ്രീ. തിരുമല റാവു, ഊട്ടി ലീഡ് ബാങ്ക് മാനേജർ ശ്രീ. സത്യരാജാ, ശ്രീമധുരൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സുനിൽ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്തു. പരിശീലനപരിപാടിയുടെ തുടർച്ച എന്നോണം വിജയകരമായി നടന്നു വരുന്ന ഫാമുകൾ സന്ദർശിച്ചു പഠിക്കുന്നതിനുള്ള EXPOSURE VISIT നടത്തപ്പെടുന്നതോടൊപ്പം വിവിധ ബാങ്കുകളിൽ നിന്ന് ലോൺ സൗകര്യം ചെയ്തു തരുമെന്നും, NDS ഡയറക്ടർ FR. ബിനോയ് കാശാംകുറ്റിയിൽ അറിയിച്ചു. ദേശീയ ഗാനത്തോടെ സമാപന സമ്മേളനം അവസാനിച്ചു.

## IWST Sandal Training @ Banglore

കേന്ദ്ര ഗവൺമെന്റിന്റെ എൻവിയോൺമെന്റ് മന്ത്രാലയത്തിന് കീഴിൽ വരുന്ന ഐ ഡബ്ല്യു എസ് ടി (IWST) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസ് ആൻഡ് ടെക്നോളജി, Banglore, മല്ലേശ്വരം ക്യാമ്പസിൽ വച്ച് മൂന്നുദിവസത്തെ റസിഡൻഷ്യൽ ട്രെയിനിങ് പ്രോഗ്രാം 14.09.2022 Extention ഒലമറ ശ്രീ. ശിവകു

മാർ IFS ന്റെ അധ്യക്ഷതയിൽ IWST DIRECTOR DR. M.P. SINGH (IFS) ഉദ്ഘാടനം നിർവഹിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രൊഫസർസ്, കോളേജ് വിദ്യാർത്ഥികൾ, കർഷകർ, STAKE ഹോൾഡേഴ്സ് എന്നിവർ പങ്കെടുത്തു. നീലഗിരീസ് ഡെവലപ് മെന്റ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രോജക്റ്റ് കോർഡി നേറ്റർ ശ്രീ. സുബിൻ ജോസ്, മാസ്റ്റർ ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ, നീലഗിരി കർഷകരെ പ്രതിനിധീകരിച്ച് ശ്രീ.സുധാകരൻ എന്നിവർ പങ്കെടുത്തു.

ഉദ്ഘാടനത്തിനു ശേഷം വിവിധ വുഡ് സയൻസ് മേഖല യിലെ വിവിധ ശാസ്ത്രജ്ഞരുടെ ക്ലാസുകൾ നടന്നു. സാൻഡൽ വുഡ് കാർഷിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനെ കുറിച്ചും അതിന്റെ നടീൽ മുതൽ വിപണനം വരെയുള്ള കാലഘട്ടങ്ങളിൽ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നിയമവശം തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. 16.09.2022നു SANDAL WOOD വ്യാപകമായി വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന TUM-KUR ഏരിയയിൽ ഉള്ള കർഷകരുടെ വിവിധ കൃഷി സ്ഥലങ്ങൾ നേരിട്ട് കണ്ടു വിലയിരുത്തി. അതിനുശേഷം സമാപന സമ്മേ ളനവും സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

**ഓണം @ NDS**

NDS നു കീഴിലുള്ള വിവിധ യൂണിറ്റുകളായ കുന്നലാടി, കൽപ്ര, ധർമഗിരി, കയ്യൂന്നി, മൺവയൽ എന്നീ യൂണിറ്റുകളിൽ ഓണത്തോടനുബന്ധിച്ചു വിവിധ കല,കായിക പരിപാടികളും ഓണ സദ്യയും നടന്നു. പരിപാടികൾക്കു അതാത് യൂണിറ്റ് ഡയ റക്ടർമാർ, Animators, യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ധർമഗിരി യൂണിറ്റിന് കീഴിലുള്ള വിവിധ ഗ്രൂപ്പുകൾ ശ്രമ ദാനമായി റോഡ്, ഓട എന്നിവ വൃത്തിയാക്കി.

**ദേശീയ ജീവൻ മിഷൻ:**

ദേശീയ ജീവൻ മിഷൻ ISA പ്രവർത്തനങ്ങൾ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ വിജയകരമായി നടന്നു വരുന്നു പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അംഗൻവാടി തലത്തിൽ നടത്തുന്ന ബോധ വൽക്കരണ പരിപാടികൾ വിജയ കരമായി പൂർത്തീകരിച്ചു. രണ്ടുപഞ്ചായത്തിലും ഉള്ള സ്കൂൾ തലത്തിൽ നടത്തേണ്ടുന്ന വിദ്യാർത്ഥികൾക്കായുള്ള ജൽജീവൻ ചിത്ര രചന മത്സരങ്ങളും, അതോടൊപ്പം സമ്മാന ദാനവും നടത്ത

പ്പെട്ടു. നിലവിൽ നടത്തേണ്ടുന്ന ജല ഗുണനിലവാര പരിശോധ നയുമായി ബന്ധപ്പെട്ടുള്ള ഫീൽഡ് ടെസ്റ്റ് കിറ്റുകളുടെ അഭാ വത്താൽ ഫീൽഡ് ടെസ്റ്റ് കിറ്റ് കിട്ടുന്ന മുറയ്ക്ക് ഈ പ്രോഗ്രാ മുകൾ നടത്തുമെന്ന് അറിയിക്കുന്നു. ഗ്രാമപഞ്ചായത്തിനു കീഴി ലുള്ള 10 വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബ്ബുകളുടെ രൂപീകരണവു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പി ക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ആമുഖം**

കത്തോലിക്കാ സമുദായം വെല്ലുവിളികൾ നേരിടുന്ന സാഹചര്യങ്ങളിൽ കൂടിയാണ് ഇന്ന് കടന്നു പോകുന്നത്. മണ്ണിൽ പൊന്നു വിളയിച്ച മലയോര കർഷകരെ ആട്ടിയിറക്കുന്ന കരിനിയമങ്ങളും, കത്തോലിക്കാ കുടുംബങ്ങളുടെ നെഞ്ചകത്തിൽ തീ കോരിയിട്ട ചില പ്രണയ വിവാഹങ്ങളും, ലഹരിയുടെ വിൽപ്പനയ്ക്കായി ചിലർ നടത്തുന്ന സമുദായ പെൺകുട്ടികളെ ഉപയോഗപ്പെടുത്തലും, അഭ്യസ്തവിദ്യർക്ക് മാന്യമായ തൊഴിലും കൂലിയും ഇല്ലാത്ത ഭയാനകമായ അവസ്ഥയുമാണ് നാം കാണുന്നത്. സാമുദായിക ബോധത്തിന്റെ ചിന്തകളും ആശയങ്ങളും ഭാവനയും അങ്ങിങ്ങായി കണ്ടുതുടങ്ങി. പിറന്ന മണ്ണിൽ വേരുറപ്പോടെ ജീവിക്കും എന്ന ആശയം പലയിടങ്ങളിൽ നിന്നും കേൾക്കുന്നുണ്ട്.

മാനന്തവാടി രൂപതാ സുവർണ്ണ ജൂബിലിയുടെ നിറവിൽ ആണ്. അമ്പത് വർഷം ദൈവം നൽകിയ അനുഗ്രഹത്തിന് നന്ദി പറയുന്ന അവസരം. ജൂബിലി നിറവിൽ മാനന്തവാടി രൂപതയുടെ എല്ലാ പ്രവർത്തനത്തിലും കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി സജീവമായി പങ്കെടുക്കുന്നു. കത്തോലിക്കാ കോൺഗ്രസും നൂറ്റിയഞ്ചാം വർഷികത്തിനായി ഒരുങ്ങുകയാണ്. വാർഷിക ആഘോഷങ്ങൾക്ക് ആതിഥേയത്വം വഹിക്കുന്നത് മാനന്തവാടി രൂപതയാണ്. വിവിധ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തു മുമ്പോട്ട് പോകുന്നു രൂപതാ സമിതി.

**ദർശൻ 2022**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി ദർശൻ 2022 ഓൺലൈൻ സമ്മേളനം നടത്തി. ബത്തേരി, കൽപ്പറ്റ, നടവയൽ, പുൽപ്പള്ളി മേഖലയുടെ യൂണിറ്റ്, മേഖല സമിതി അംഗങ്ങൾ പങ്കെടുത്ത ഓൺലൈൻ കൂട്ടായ്മ രൂപതാ സമിതി പ്രസിഡന്റ് ശ്രീ. സാജു കെ. പി അധ്യക്ഷം വഹിച്ചു. കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സമിതി ജനറൽ സെക്രട്ടറി ശ്രീ. രാജീവ് കൊച്ചുപറമ്പിൽ മുഖ്യ പ്രഭാഷണം നടത്തി. കത്തോലിക്കാ സമു

ദായം  ഈ കാലഘട്ടത്തിൽ സർക്കാർ തലത്തിൽ നേരിടുന്ന അവഗണന തീർത്തും അപലപനീയം ആണ് എന്ന് യോഗം വിലയിരുത്തി. മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള പ്രവണതകൾ കേരള സമൂഹത്തിൽ ധാരാളമാണ്. ഈ ദിവസങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി നടക്കുന്ന ത്രിദിന പരിശീലനം കത്തോലിക്കരായ വിദ്യാർത്ഥികൾക്ക്  പള്ളിയിൽ പോകാനും, മതപരമായ ചടങ്ങുകളിൽ പങ്കെടുക്കാനും, വേദപഠന ക്ലാസ്സുകളിൽ പങ്കെടുക്കാനും ഉള്ള അവകാശത്തെ നിക്ഷേധിക്കുന്നതിൽ യോഗം പ്രമേയം അവതരിപ്പിച്ചു. ഇത്തരത്തിൽ മത മൗലിക അവകാശങ്ങൾ നേടിയെടുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നില്ലയെങ്കിൽ കൂടുതൽ സമര പരിപാടികളിലേക്കും പ്രതിക്ഷേധ പരിപാടികളിലേക്കും കത്തോലിക്കാ കോൺഗ്രസ് പോകുമെന്നും യോഗം തീരുമാനിച്ചു. കൂടാതെ ബന്ധപ്പെട്ട സംസ്ഥാന ജില്ലാ പോലീസ് മേധാവികൾക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവർക്ക് പരാതി നൽകാനും യോഗം തീരുമാനിച്ചു. യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ.ജോസ് മേച്ചേരിൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ശ്രീമതി ഗ്ലാഡിസ് ചെറിയാൻ, ശ്രീ. സജി ഫിലിപ്പ്, ശ്രീ. സജി ഇരട്ടമുണ്ടക്കൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ജോയ് പുളിക്കൽ എന്നിവർ സംസാരിച്ചു.

**സെന്റ് ആന്റണീസ് യൂണിറ്റ് കുഞ്ഞോം ശാക്തീകരണം**

സമകാലിക പാശ്ചാത്തലത്തിൽ വിശ്വാസ പരിശീലനം സമുദായ ബോധം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരിയും കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ ഡയറക്ടറും ആയ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ അധ്യക്ഷം വഹിച്ച യോഗത്തിൽ ഇടവകയിലെ മുതിർന്നവർ, യുവജനങ്ങൾ, കുട്ടികൾ എന്നിവർ പങ്കെടുത്തു. ശ്രീ സെബാസ്റ്റ്യൻ പുരക്കൽ സെമിനാർ നയിച്ചു.

**കല്ലോടി യുണിറ്റ് സംഗമവും തിരഞ്ഞെടുപ്പും**

കത്തോലിക്കാ കോൺഗ്രസ് കല്ലോടി യുണിറ്റ് വാർഷിക സമ്മേളനം സംഘടിപ്പിച്ചു. യുണിറ്റ് ഡയറക്ടർ ഫാ. ബിജു, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ സംസാരിച്ചു. യോഗത്തിൽ പുതിയ ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി.

**വേളാങ്കണ്ണി തീർത്ഥാടനം**

AKCC ബത്തേരി ഫെറോനയുടെ നേതൃത്വത്തിൽ 2022 സെപ്റ്റംബർ 23ന് ഉച്ചക്ക് യാത്ര തിരിച്ച് 24ന് വേളാങ്കണ്ണി മാതാവിന്റെ ദേവാലയത്തിൽ പ്രാർത്ഥനയിൽ ഒരു ദിവസം ചെലവഴിച്ച് 25ന് രാവിലെ തിരിച്ചെത്തുന്ന വിധത്തിൽ ഒരു തീർത്ഥാടനം സംഘടിപ്പിച്ചിട്ടുണ്ട്. യാത്ര, ഭക്ഷണം, വിശ്രമം അടക്കം 2750 രൂപയാണ് ചെലവ്.

**കത്തോലിക്കാ കോൺഗ്രസ് മുള്ളൻകൊല്ലി മേഖല**

തെരുവ് നായ ശല്യത്തിന് എതിരെ മുള്ളൻകൊല്ലി മേഖല പ്രതിക്ഷേധം സംഘടിപ്പിച്ചു. നായകൾ തെരുവ് കീഴടക്കുന്ന സാഹചര്യം കുട്ടികളെയും, സ്ത്രീകളെയും ബാധിക്കുന്നു എന്ന് യോഗം വിലയിരുത്തി.

**കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി- സ്കോളർഷിപ്പ് ഹെൽപ് ഡസ്ക് സഹായി**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച സഹായക രേഖ തയ്യാറാക്കി വിവിധ ഇടവകകളിൽ ഹെൽപ് ലൈൻ ആരംഭിക്കാൻ സഹായകമാകുന്ന വിധം പ്രവർത്തനം നടത്തി.

**കത്തോലിക്കാ കോൺഗ്രസ് നടവയൽ യൂണിറ്റ് ഹെൽപ് ലൈൻ**

യൂണിറ്റിൽ വിവിധ സർക്കാർ പദ്ധതികൾ പരിചയപ്പെടുത്തി വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ ഹെൽപ് ലൈൻ ആരംഭിച്ചു.

**July - August 2022**

- IV Semester August – September 2022
- Second semester PG examination and UG examination commenced on 23rd and 29thAugust 2022 respectively.
- First year degree classes began on 12th September 2022.
- Dr. Ramya Krishnan M: Attended a workshop on 26th August 2022 to finalize the regulations and syllabus of M.Com five year Integrated Programme (CBCSS) of Kannur University.
- Mr. Regi Francis: Published an article in the ISBN Book -Finance and Systems- A Catalyst Research Overview in the topic 'Social Responsibility Fulfilment of Corporate Sector Towards its Stakeholders'.
- Dr. Rajitha Xavior: Completed Ph.D. Open defense Viva Voce on 16-08-2022. Published an article in the ISBN Book -Finance and Systems- A Catalyst Research Overview in the topic 'Social Responsibility Fulfilment of Corporate Sector Towards its Stakeholders'.
- Dr. Sijo A. K: Attended 3-day workshop on 'UVIT DATA ANALYSIS ON GALAXIES' organized by IUCAA, Pune at The Cochin College, Eranakulam from 24th to 26th August 2022.
- Dr. Sanu V. F: Conducted a training programme for Dr Rukhsana K, Environmental Engineer, Nautica Environmental Associates LLC, Abudhabi, UAE on the topic Taxonomic identification of Zooplankton copepods along the Arabian Sea and Bay of Bengal from 3rd to 5th August 2022.
- Dr. Eldho K. J: Published a book on Computer Graphics by Notion Publications(Online) ISBN No: 979-88-8704-771-3. Published a Paper titled " Classification Of Class Imbalance

In Software Prediction Models Using Machine Learning Techniques" in the UGC Care Listed Journal of The Maharaja Sayajirao University of Baroda. ISSN 0025-0422.

- Dr. Bindhu K. Thomas and Mr. Binoy Joseph: Completed two weeks refresher course in Applicable Mathematics from 26th July to 8th August 2022 at Teaching Learning Center, Ramanujan College , University of Delhi.

**Dr Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

സെപ്റ്റംബർ 5 അധ്യാപകദിനം. അധ്യാപകർക്ക് ആത്മപരി ശോധന നടത്താനുള്ള അവസരമാണ് ഓരോ അധ്യാപകദിനവും. അക്ഷരങ്ങളിലൂടെയും ആശയങ്ങളിലൂടെയും തങ്ങളുടെ കഴിവിലൂ ടെയും വളർന്നു വരുന്ന നവജീവനുകൾക്ക് ജീവിത സാധ്യതക ളുടെ വാതായനങ്ങൾ തുറന്നുകൊടുക്കാൻ അധ്യാപക സമൂഹ ത്തിനു സാധിക്കണം. തന്റെ ശിഷ്യഗണങ്ങൾക്ക് ധാർമിക മൂല്യ ങ്ങൾ പകർന്നേകാൻ, പ്രതിസന്ധിഘട്ടങ്ങളിൽ അതിജീവന ത്തിന്റെ പാത തുറന്നുകൊടുക്കാൻ, ഒരുകൂട്ടം നല്ല വ്യക്തിക ളെയും അതുവഴി നല്ലൊരു സമൂഹത്തെയും സൃഷ്ടിച്ചെടുക്കാൻ കാലത്തിന്റെ ഗതിവേഗങ്ങൾക്കൊപ്പം ചലിക്കാൻ പുതുതലമു റകളുടെ ചിന്തകൾക്കൊപ്പം സഞ്ചരിച്ചുകൊണ്ട് ശിഷ്യഗണ ങ്ങളുടെ ഹൃദയത്തിൽ ഇടം നേടാൻ, മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽ സേവനമനു ഷ്ഠിക്കുന്ന അധ്യാപകസമൂഹത്തിന് സാധിക്കട്ടെ.

**വിദ്യാലയ വാർത്തകൾ**

**എൽ പി വിഭാഗം**

**I സെന്റ് ജോർജ് എൽ. പി സ്കൂൾ അമ്പായത്തോട്**

ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ വിവിധ പരിപാടി കളോടെ സമുചിതമായി ആചരിച്ചു. ഓഗസ്റ്റ് 15 ന് രാജ്യത്തിന്റെ എഴുപത്തിയഞ്ചാമത് സ്വാതന്ത്ര്യദിന ആഘോഷപരിപാടികൾ വിപുലമായി നടത്തി പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന റാലി എന്നിവ നടത്തുകയും ചെയ്തു. ഓഗസ്റ്റ് പതിമൂന്നിന് വിദ്യാലയ ത്തിൽ പതാക ഉയർത്തി വിവിധ മത്സരങ്ങൾ നടത്തി ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിച്ചു.

**1 സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാലയത്തിലെ സ്വാതന്ത്ര്യദിനാഘോഷത്തിന് സ്കൂൾ മാനേജർ വിദ്യാലയങ്കണത്തിൽ പതാക ഉയർത്തി. തുടർന്ന് നടന്ന ചടങ്ങിൽവെച്ച് പ്രദേശവാസികളായ എഴുപത്തിയഞ്ച് വയസ്സ് പിന്നിട്ടവരെയും വിവിധ സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച സൈനികരെയും ആദരിച്ചു വിദ്യാർത്ഥികളുടെ ഡിസ്പ്ലേ ദേശ ഭക്തിഗാനം, ദൃശ്യാവിഷ്കാരം എന്നിവ ചടങ്ങിന് മാറ്റുകൂട്ടി പ്രായാധിക്യത്താൽ വിദ്യാലയത്തിലെത്താൻ കഴിയാതിരുന്ന

മുതിർന്ന പൗരന്മാരെ നല്ലപാഠം പ്രവർത്തകരും അധ്യാപകരും വീടുകളിൽ നേരിട്ടെത്തി ആദരിച്ചു. വിദ്യാർത്ഥികൾക്ക് വായ നയ്ക്കും പൊതുവിജ്ഞാനം വളർത്തുന്നതിനുമായി അലീന സ്മാരക വായനശാല സ്പോൺസർ ചെയ്ത ദിനപത്രം സ്കൂൾ ലീഡർക്ക് നൽകിക്കൊണ്ട് വായനകളരിക്ക് തുടക്കം കുറിച്ചു. കർഷക ദിനത്തിൽ പ്രദേശത്തെ മികച്ച കർഷകനെ ആദരിക്കുക യും കൃഷിയിടവും ഫാമും സന്ദർശിക്കുകയും ചെയ്ത പൂവരങ്ങ് 2022 എന്നപേരിൽ ഓണാഘോഷം വിപുലമായി നടത്തി. അധ്യാപകരും രക്ഷിതാക്കളും ചേർന്ന തിരുവാതിരയും വിദ്യാർ ത്ഥികൾക്കും രക്ഷിതാക്കൾക്കുമായി നടത്തിയ വിവിധ മത്സര ങ്ങളും ഓണസത്യവും ഓണാഘോഷം കെങ്കേമമാക്കി. മത്സരത്തിൽ വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. അധ്യാപകദിനാചരണത്തിന്റെ ഭാഗമായി രക്ഷിതാക്കളും വിദ്യാർത്ഥികളും ചേർന്ന് അധ്യാപകരെ ആദരിച്ചു.

**II സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും അക്ഷരം ഉറപ്പിക്കുന്നതിന്റെ ഭാഗമായി സാക്ഷരതാ ചലഞ്ച് പദ്ധതി അക്ഷര ചങ്ങാത്തം ആരംഭിച്ചു. കുട്ടികൾക്ക് വിഷരഹിത പച്ചക്കറി വിള മ്പാനും അവരെ പരിസ്ഥിതിയോട് ആഭിമുഖ്യമുള്ളവരാക്കി വളർ ത്തുന്നതിന്റെയും ഭാഗമായി സ്കൂൾ പച്ചക്കറിത്തോട്ടം പി. ടി. എ യുടെ സഹായത്തോടെ വിപുലീകരിച്ചു. രക്ഷാകർതൃ ശാക്തീക രണത്തിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ച് പൂവിളിയും ആർപ്പുവിളികളുമായി ഓണാഘോഷം ഗംഭീരമായി വിഭവസമൃദ്ധമായ സദ്യയും വിവിധ ഓണക്കളികളും നടത്തപ്പെട്ടു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

ഓഗസ്റ്റ് 6-ാംതീയതി ഹിരോഷിമ ദിനാചരണം സംഘടിപ്പി ച്ചു.യുദ്ധവിരുദ്ധ പ്രതിജ്ഞ, റാലി, ക്വിസ് മത്സരം എന്നിവ നടത്തി. ഏലപ്പീടിക സെന്റ് സെബാസ്റ്റ്യൻസ് ദേവാലയവും വിവിധ സംഘ ടനകളും ചേർന്ന് സ്വാതന്ത്ര്യദിനാഘോഷത്തിൽ പതാക ഉയർ ത്തൽ, റാലി , കുട്ടികളുടെ കലാപരിപാടികൾ പായസവിതരണം എന്നിവ ആഘോഷത്തിന് നിറപ്പകിട്ടേകി.

**V എ. എൽ. പി സ്കൂൾ കണിയാരം**

കർഷകദിനത്തിൽ കൃഷിയുടെയും കർഷകരുടെയും മഹത്വം ഉൾക്കൊണ്ട് കർഷകദിന സന്ദേശം നൽകി. കൃഷിച്ചൊല്ലുക ളുടെ ശേഖരണം കൃഷിയിടങ്ങൾ സന്ദർശിക്കൽ എന്നീ പ്രവർ ത്തനങ്ങൾ നടത്തി സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർ ഷികം വിപുലമായി ആഘോഷിച്ചു. വർണാഭമായ സ്വാതന്ത്ര്യദിന റാലി കുട്ടികളുടെ വിവിധ കലാപരിപാടികൾ, സമ്മാനദാനം,

പായസവിതരണം എന്നിവ ആഘോഷത്തിന് നിറപ്പകിട്ടേകി.

**VI സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

ഓഗസ്റ്റ് പതിനഞ്ചിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തി. പ്രച്ഛന്ന വേഷമത്സരം വളരെ ശ്രദ്ധേയമായി വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഉണർവ് എന്ന പേരിൽ സാഹിത്യശില്പശാല നടത്തി. ഓണത്തോടനുബന്ധിച്ചു വിവിധ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ഇംഗ്ലീഷ് പഠനപുരോഗതിക്കായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ആരംഭിച്ചു. അധ്യാപകദിനത്തോടനുബന്ധിച്ച് ഡോക്യുമെന്ററി പ്രദർശനം നടത്തി.

**VII നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

പുത്തനുടുപ്പും പൂവിളിയുമായി ഓണം ആഘോഷിക്കുന്നതിനു വേണ്ടി നിർധനരായ വിദ്യാർത്ഥികൾക്ക് കുട്ടികൾ ശേഖരിച്ച വസ്ത്രങ്ങൾ വിതരണം ചെയ്തു. ഗോത്രവിഭാഗം കോളനികളിൽ ഓണം ആഘോഷിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി വിദ്യാലയ പരിസരത്തുള്ള മുതിർന്ന പൗരന്മാരെ ആദരിച്ചു. ഗോത്രവിഭാഗം കലകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തപ്പും തുടിയും എന്ന പേരിൽ പരിശീലനം ആരംഭിച്ചു. എല്ലാ മതങ്ങളും ഒന്നാണെന്ന ചിന്ത വിദ്യാർത്ഥികൾക്ക് പകർന്നേകാൻ കബ്ബ് ബുൾബുൾ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ സർവമത പ്രാർത്ഥനകൾ നടത്തി വരുന്നു.

**VIII സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

വിദ്യാലയം ജില്ലാതല ഗണിത പൂക്കള മത്സരത്തിൽ വിജയം കൈവരിച്ച കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയും മാനന്തവാടി രൂപതാ കോർപ്പറേറ്റ് ഏജൻസിയും ചേർന്ന് നടത്തിയ ലഹരിവിരുദ്ധ വാരാചരണ മത്സരത്തിൽ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി നിർധനരായ കുട്ടികൾക്ക് ഓണക്കോടി നൽകി. ഗോത്രവാരാചരണത്തിന്റെ ഭാഗമായി ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വീടുകളിൽ ഓണപ്പാട്ടും ഓണക്കളിയും സംഘടിപ്പിച്ച അധ്യാപകദിനാചരണത്തിൽ പി. ടി. എ യുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കുകയും മെമെന്റോ നൽകുകയും ചെയ്തു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

എല്ലാ കുട്ടികളെയും സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ അക്ഷയദീപകം രണ്ടാം ഘട്ടം ആരംഭിച്ചു. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി സ്കൂൾ കോഡിനേഷൻ കമ്മിറ്റി രൂപീകരിച്ച നിറപ്പകിട്ടാർന്ന വിവിധ പരിപാടികളോടെ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. റാലിയും വിദ്യാർത്ഥികളുടെ കലാപരിപാടികളും നടന്നു.

വിദ്യാലയത്തിൽ പുതിയതായി നിർമിച്ച കിച്ചൻ കം സ്റ്റോറിന്റെ ഉദ്ഘാടനം നടത്തി. സെപ്റ്റംബർ രണ്ടിന് വർണശബളമായ റാലി യോടെ ഓണാഘോഷപരിപാടികൾ നടത്തി. മാവേലി പുലികളി, ഗോത്രവിഭാഗം കലാരൂപങ്ങൾ എന്നിവയുടെ അകമ്പടിയോടെ നടത്തിയ റാലി വൃദ്ധമന്ദിരം സന്ദർശിച്ചു. വിഭവസമൃദ്ധമായ ഓണ സദ്യയും രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി വിവിധ മത്സര ങ്ങളും, സംഘടിപ്പിച്ചു.

**X സെന്റ് സെബാസ്റ്റ്യൻസ് എ. എൽ. പി സ്കൂൾ വാഴവറ്റ**

ഭാരതത്തിന്റെ എഴുപത്തിയഞ്ചാമത് സ്വാതന്ത്ര്യദിനം സമു ചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്ക് ദേശീയപതാകകളും ത്രിവർണ ബലൂണുകളും നൽകി. ജലസംരക്ഷണത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുന്ന പ്രമേയവുമായി വിദ്യാർത്ഥികൾ അഭിനയിച്ച ഹ്രസ്വചിത്രം 'ജീവജലം' സാമൂഹ്യമാധ്യമങ്ങളിൽ അവതരിപ്പിച്ചു.

**XI പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

സ്വാതന്ത്ര്യദിനാഘോഷം വിപുലമായി സംഘടിപ്പിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കും അധ്യാപ കർക്കും രക്ഷിതാക്കൾക്കും വിവിധ മത്സരങ്ങൾ നടത്തി.

**XII -ക്രൈസ്റ്റ് കിംഗ് എൽ. പി സ്കൂൾ മണിമൂളി**

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഔപചാരികമായ ഉദ്ഘാടനം നടത്തി. സ്വാതന്ത്ര്യദിനവും ഓണാഘോഷവും വിപു ലമായി നടത്തി.

**യു. പി വിഭാഗം**

**I സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

സ്വാതന്ത്ര്യത്തിന്റെ അമൃതവർഷ ആഘോഷങ്ങളുടെ ഭാഗ മായി സൈനികരെ ആദരിക്കൽ, റാലി, ദേശഭക്തിഗാനം, പതാക നിർമാണം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചു. 2022-23 വർ ഷത്തെ ആദ്യ സ്കൂൾ പാർലമെന്റ് സമ്മേളനം കൂടുകയും മന്ത്രി മാരെ തിരഞ്ഞെടുക്കലും വകുപ്പ് വിഭജനവും നടന്നു. നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ പാതയോരങ്ങളിൽ സൗന്ദര്യ വത്കരണത്തിന്റെ ഭാഗമായി മരത്തൈകൾ നട്ട് ഇവയുടെ സംര ക്ഷണവും പരിപാലനവും കുട്ടികൾ ഏറ്റെടുക്കുകയും ചെയ്തു. ഹിരോഷിമദിനം സംസ്കൃതദിനം എന്നിവ വിപുലമായ രീതി യിൽ ആഘോഷിച്ച ഗണിതപൂക്കള മത്സരം നടത്തി. കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് സ്കൂളിലേക്ക് ആവ ശ്യമായ പച്ചക്കറി ശേഖരണ പരിപാടി അക്ഷയപാത്രം പദ്ധതി തുടർന്ന് പോകുന്നു.

**II സെന്റ് മേരീസ് യു. പി സ്കൂൾ തരിയോട്**

നല്ലപാഠം ക്ലബ്ബിന്റെയും ഹെൽത്ത് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി കൗമാര ആരോഗ്യ വിദ്യാഭ്യാസം എന്ന വിഷയത്തിൽ സെമിനാർ നടത്തി. എന്റെ നാടും വിദ്യാലയവും പ്ലാസ്റ്റിക് വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിന് സമീപത്തുള്ള കടകളിൽ ക്ലബ്ബ് അംഗങ്ങൾ വീടുകളിൽ നിന്നും നിർമിച്ചുകൊണ്ടുവന്ന തുണി സഞ്ചികൾ വിതരണം ചെയ്തു.

**IIIസെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

ഓഗസ്റ്റ് 12 സംസ്കൃത ദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പ്രത്യേക അസംബ്ലിയും മീറ്റിങ്ങും വിപുലമായ കലാപരിപാടികളും സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തുകയും അന്നേ ദിവസം പതാക ഉയർത്തൽ കുട്ടികളുടെ മാർച്ച് പാസ്ററ് മനോഹരമായ റാലി എന്നിവ നടത്തുകയും പായസം വിതരണം ചെയ്യുകയും ചെയ്തു. ചിങ്ങം ഒന്നിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് അധ്യാപക പ്രതിനിധികൾ ആശംസകൾ നേർന്നു. അധ്യാപക ദിനത്തിന്റെ ഭാഗമായി വിദ്യാലയത്തിലെ അധ്യാപക അനധ്യാപകരെയും പൂർവ അധ്യാപകരെയും പി ടി എ യുടെ നേതൃത്വത്തിൽ ആദരിച്ചു. ഓണാഘോഷത്തോടനുബന്ധിച്ചു പൂക്കള മത്സരവും രക്ഷിതാക്കൾക്കും കുട്ടികൾക്കും ഓണക്കളികളും സംഘടിപ്പിച്ചു. പി. ടി. എ യുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ വിഭവസമൃദ്ധമായ സദ്യയൊരുക്കി വിളമ്പി. ഹിന്ദി ദിനത്തോടനുബന്ധിച്ചു രാഷ്ട്രഭാഷയിൽ വിദ്യാർത്ഥികൾ പരിപാടികൾ അവതരിപ്പിച്ചു. എൽ. പി., യു. പി വിദ്യാർത്ഥികൾക്കായി ഗണിത പൂക്കളം മത്സരം നടത്തി.

**IV അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

ഉപജില്ലാതലത്തിൽ നടത്തിയ ഗണിതപൂക്കള മത്സരത്തിൽ എൽ. പി വിഭാഗത്തിൽ ഒന്നാം സ്ഥാനവും യു. പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സ്കൂൾതല പ്രവൃത്തി പരിചയമേള സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനാചരണങ്ങൾ നടത്തി. എഴുപത്തിയഞ്ചാം ഇന്ത്യൻ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു മലനാട് ചാനൽ സംഘടിപ്പിച്ച ദേശഭക്തിഗാന മത്സരത്തിൽ വിദ്യാലയം രണ്ടാം സ്ഥാനം നേടി. ഓഗസ്റ്റ് പതിമൂന്നിന് കുട്ടികൾ വീടുകളിൽ പതാക ഉയർത്തി. അന്നേദിവസം രാജ്യസ്നേഹം വിളിച്ചോതുന്ന ചിത്രപ്രദർശനവും സന്ദേശങ്ങളും ഡിസ്പ്ലേയും നടത്തപ്പെട്ടു. കർഷകദിനത്തിൽ കുട്ടികർഷകരെ

പ്രധാനാധ്യാപകൻ ആദരിക്കുകയും വിഷരഹിത പച്ചക്കറിക്കൃഷിക്ക് തുടക്കം കുറിക്കുകയും ചെയ്തു. ശ്രുതിലയം 2022 സ്കൂൾ കലാമേള നടത്തപ്പെട്ടു. മദ്യവിരുദ്ധ ശ്രുതിലയം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ചേർന്ന് സംഘടിപ്പിച്ച ലഹരിവിരുദ്ധ വാരാചരണത്തിൽ നേട്ടങ്ങൾ കരസ്ഥമാക്കി എല്ലാ മാസവും ശേഖരിച്ചുവരുന്ന ചോക്ലേറ്റ് ഫണ്ട് ഉപയോഗിച്ച് ചോർന്നൊലിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് മേല്ക്കുരയ്ക്കായി ഷീറ്റ് വിതരണം ചെയ്തു. വിവിധ പരിപാടികളോടെ ഓണാഘോഷം സംഘടിപ്പിച്ചു ഓണപ്പൂക്കള മത്സരം ഓണസദ്യ അധ്യാപികമാർ അവതരിപ്പിച്ച തിരുവാതിര എന്നിവ ആഘോഷത്തിന് മാറ്റേകി. 45 ദിവസത്തോളം സ്കൂളിന്റെ പഠനപ്രവർത്തനങ്ങളിൽ പങ്കാളികളായ അധ്യാപക വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**V സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

ഓഗസ്റ്റ് 24 ന് കോർപ്പറേറ്റ് മാനേജർ അക്കാദമിക സന്ദർശനം നടത്തി. ഓണാഘോഷം വളരെ വിപുലമായി കൊണ്ടാടി. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും പി. ടി. എ. യുടെ സഹകരണത്തോടെ ഓണസദ്യ നൽകി. ഹിന്ദി ദിനം വിപുലമായി ആചരിച്ചു.

**VI എ. യു. പി. സ്കൂൾ ദ്വാരക**

വിദ്യാലയത്തിൽ സോഷ്യൽ ഫോറസ്റ്ററി ഡിവിഷൻ വയനാടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന അമൃതവനം പദ്ധതിയുടെ ഭാഗമായി ഔഷധതോട്ട നിർമാണം ആരംഭിച്ചു. ആയുർവേദവും ഔഷധച്ചെടികളും എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസ് നൽകി. കർഷകദിനത്തിൽ മഴമറ കൃഷി ആരംഭിച്ചു. ആയിരത്തി അഞ്ഞൂറോളം പച്ചക്കറികൾ വിദ്യാലയപരിസരത്ത് പുതുതലമുറയിൽ കാർഷികസംസ്കാരം വളർത്തിയെടുക്കുക കാർഷികവൃത്തിയുടെ ബാലപാഠങ്ങൾ പകർന്നു നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. എടവക പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായി വയനാട് ജില്ലാ ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗണിത പൂക്കളമത്സരത്തിൽ എൽ. പി., യു. പി. തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് വിദ്യാർത്ഥികൾ അർഹരായി വിദ്യാലയത്തിലെ പി. ടി. എ. യുടെ നേതൃത്വത്തിൽ ഓണാഘോഷം ഗംഭീരമാക്കി. അമ്മമാരും പൂർവ്വ വിദ്യാർത്ഥികളും അധ്യാപികമാരും ചേർന്നവതരിപ്പിച്ച തിരുവാതിരയും, കുട്ടികൾക്കായി സംഘടിപ്പിച്ച ഓണക്കളികളും, വിഭവസമൃദ്ധമായ സദ്യയും ഓണാഘോഷത്തെ മനോഹരമാക്കി. ഹിന്ദി

ദിനത്തിൽ ത്രിഭാഷയിൽ എഴുതിയ ചാർട്ട് പ്രദർശനം ശ്രദ്ധേയമായി. വിവിധ മത്സരവിജയികൾക്ക് സമ്മാനം നൽകി. അധ്യാപക ദിനം വിപുലമായി ആചരിച്ചു. രക്ഷിതാക്കൾ അധ്യാപകർക്കും അനധ്യാപകർക്കും മെമന്റോ നൽകി.

## VII സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ

2022-23 വർഷത്തെ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുകയും വിവിധ വകുപ്പ് മന്ത്രിമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. ഭാരതത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനാഘോഷം സമുചിതമായി ആചരിച്ചു. പഞ്ചായത്ത്തലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയികളായി.

## VIII അമ്പായത്തോട് യു. പി സ്കൂൾ

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം വർണാഭമായ പരിപാടികളോടെ ആഘോഷിച്ചു. വിവിധ സേനവിഭാഗങ്ങളിൽ നിന്നും വിരമിച്ച തദ്ദേശവാസികളെ ചടങ്ങിൽ ആദരിച്ചു. കുട്ടികളുടെ ദേശഭക്തിഗാനങ്ങളും വർണാഭമായ റാലിയും പരിപാടികൾക്ക് മാറ്റേകി. കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ഒത്തുചേർന്ന് ഒരുമയുടെ ഓളം തീർത്തു. ഓണം നല്ലോണം എന്ന പേരിൽ ഓണാഘോഷം സംഘടിപ്പിച്ച വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങളും പി. ടി. എ. യുടെ നേതൃത്വത്തിൽ ഓണസദ്യ നൽകുകയും ചെയ്തു.

## IX സെന്റ് ജോസഫ്സ് യൂ. പി സ്കൂൾ കല്ലോടി

ഹിരോഷിമ നാഗസാക്കി ദിനങ്ങളുടെ ഭാഗമായി യുദ്ധവിരുദ്ധ മുദ്രാവാക്യരചന, യുദ്ധവിരുദ്ധ കൈയൊപ്പ് ചാർത്തൽ, സഡാക്കോ കൊക്ക് നിർമാണം, ക്വിസ് മത്സരം എന്നിവ നടത്തി. ക്വിറ്റ് ഇന്ത്യ ദിനവും സ്വാതന്ത്ര്യദിനവും വിപുലമായി ആചരിച്ചു. പൂക്കൾ ചിരിക്കും പൊന്നോണം എന്ന പേരിൽ നടത്തിയ ഓണാഘോഷത്തിൽ ഓണപ്പൂക്കളം, ഓണക്കളികൾ വിവിധ മത്സരങ്ങൾ എന്നിവ നടത്തി. കർഷകദിനത്തിൽ കാർഷികോൽപ്പന്നങ്ങളുടെ പ്രദർശനവും കാർഷിക സെമിനാറും നടത്തി.

## X സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി

കലാക്കൂട്ട് 2022 എന്ന പേരിൽ ഡി എൽ എഡ് വിഭാഗം വിദ്യാർത്ഥികളുടെ കലോത്സവം നടത്തി. ഹിരോഷിമ നാഗസാക്കി ദിനങ്ങൾ വിപുലമായ പരിപാടികളോടെ ആചരിച്ചു. ത്രിവർണം 2022 എന്ന പേരിൽ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ ഭാഗമായി ഭാരതത്തിന്റെ ഉദ്ധരണികൾ ശേഖരിക്കൽ, ദേശഭക്തിഗാന മത്സരം, പ്രസംഗ മൽസരം, ക്വിസ് മത്സരം എന്നിവ നടത്തി. മാനന്തവാടി മുനിസിപ്പാലിറ്റി നടത്തിയ വിവിധ മത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. സ്വാതന്ത്യദിനത്തിൽ

സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾ സർവമത പ്രാർത്ഥന നടത്തി. വിദ്യാർത്ഥികളുടെ വേഷപ്പകർച്ച മനോഹരമായിരുന്നു. ഫാദർ ജി. കെ. എം. ഹയർസെക്കണ്ടറിയിലെ എൻ. എസ്. എസ്. വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ് മൊബ് ശ്രദ്ധേയമായി. കർഷക ദിനാചരണം നടത്തുകയും പച്ചക്കറിത്തോട്ടം നിർമിക്കുകയും ചെയ്തു. ഡ്രീം വയനാട് സംഘടിപ്പിച്ച ലഹരി കവരുന്ന യുവത്വം എന്ന വിഷയത്തിലുള്ള ഉപന്യാസമത്സരത്തിൽ വിദ്യാർത്ഥികൾ വിജയികളാവുകയും ക്യാഷ് പ്രൈസ് നേടുകയും ചെയ്തു. അധ്യാപകദിനാഘോഷത്തിന്റെ ഭാഗമായി കൽപ്പറ്റയിൽവെച്ച് നടന്ന സംഘഗാനത്തിൽ അധ്യാപകർ മൂന്നാം സ്ഥാനം കരസ്ഥമാക്കി ടി. ടി. ഐ. കലോത്സവത്തിൽ വിദ്യാർത്ഥികൾ അഭിമാനകരമായ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കി. കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയും മാനന്തവാടി രൂപതാ കോർപ്പറേറ്റ് ഏജൻസിയും ചേർന്ന് നടത്തിയ ലഹരിവിരുദ്ധ വാരാചരണ മത്സരത്തിൽ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരത്തിൽ വിജയങ്ങൾ കൈവരിക്കുകയും ചെയ്തു.

**XI സെന്റ് സെബാസ്റ്റ്യൻസ് എ. യു. പി. സ്കൂൾ പാടിച്ചിറ**

ഓണാഘോഷത്തോടനുബന്ധിച്ചു നിർധനരായ വിദ്യാർത്ഥികൾക്ക് നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ ഓണക്കോടി വിതരണം ചെയ്തു. പൂക്കളമത്സരവും, വിപുലമായ ഓണക്കളികളും, ഓണസദ്യയും, സമ്മാനവിതരണവും നടന്നു. അധ്യാപകദിനത്തിൽ ആശംസകൾ നൽകിയും പൂച്ചെണ്ട് നൽകി അധ്യാപകരെ സ്വീകരിച്ചും സമുചിതമായി ആഘോഷിച്ചു. ഹിന്ദിദിനം സമുചിതമായി ആചരിച്ചു.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിദ്യാലയത്തിലെ ഓണാഘോഷം ആശയം കൊണ്ടും സമീപനം കൊണ്ടും വ്യത്യസ്തമായി. പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കുക എന്ന സന്ദേശം പകർന്നു നൽകുന്നതായിരുന്നു ഈ വർഷത്തെ ഓണാഘോഷം. ജില്ലാ ഭരണകൂടത്തിന്റെ പ്ലാസ്റ്റിക് വിമുക്ത ജില്ല എന്ന സ്വപ്നം യാഥാർഥ്യമാക്കുന്നതിന് GOOMJ എന്ന സന്നദ്ധ സംഘടനയുമായി ചേർന്ന് മുഴുവൻ വിദ്യാർത്ഥികൾക്കും തുണി കൊണ്ട് നിർമിച്ച സ്കൂൾ ബാഗുകളും തുണി സഞ്ചികളും നൽകി. വിദ്യാർത്ഥികളിൽ പഠനവിടവ് നികത്തുന്നതിനായി തയ്യാറാക്കിയ വർക്ക് ബുക്കിന്റെയും മൊഡ്യൂളുകളുടെയും പ്രകാശനകർമം നടന്നു.

**XII സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

വിദ്യാലയത്തിലെ ഈ വർഷത്തെ ഓണാഘോഷം വിപുല

മായ രീതിയിൽ ആഘോഷിച്ചു. പൂക്കള മത്സരം മലയാളി മങ്ക കേരള പുരുഷൻ എന്നീ മത്സരങ്ങളും വിവിധ ഓണക്കളികളും ആഘോഷത്തിന് മാറ്റേകി. അധ്യാപകദിനത്തിന്റെ ഭാഗമായി പി. ടി. എ. ഭാരവാഹികളുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു. ഹിന്ദി ദിനത്തിൽ പ്രത്യേക അസംബ്ലി കൂടുകയും ഹിന്ദി ഭാഷയിൽ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഓസോൺ ദിനത്തിൽ സ്കൂൾ റേഡിയോവഴി ഓസോൺ ദിനത്തിന്റെ പ്രാധാന്യം വിവരിക്കുകയും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

പനമരം ബ്ലോക്കിന്റെ ആഭിമുഖ്യത്തിലും ജില്ലാതലത്തിലും നേത്രദാന പക്ഷാചരണത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സരത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിലെ നവീകരിച്ച സയൻസ് ലാബിന്റെയും നല്ലപാഠം സീഡ് ക്ലബുകളുടെയും ഉദ്ഘാടനവും നടത്തി. കർഷകദിനത്തോടനുബന്ധിച്ചു കണിയാമ്പറ്റ പഞ്ചായത്തു നടത്തിയ ക്വിസ് മത്സരത്തിൽ വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സമൂഹ തിരുവാതിരയും ഓണസദ്യയും നടത്തി സെപ്റ്റംബർ പതിനാലിന് കലാമേള ആരംഭിക്കുകയും ഹിന്ദിദിനം വിപുലമായ പരിപാടികളോടെ ആചരിക്കുകയും ചെയ്തു.

**II നിർമല ഹൈസ്കൂൾ കബനിഗിരി**

കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനായി KP-SHA തയ്യാറാക്കിയ ചോദ്യപേപ്പറുകളുടെ സഹായത്തോടെ പരീക്ഷ നടത്തി. ഓഗസ്റ്റ് 1, 2 തീയതികളിൽ സ്കൂൾ കലോത്സവം നടത്തി. കർണാടക സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും എം. എസ്. സി. സൈക്കോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പൂർവ വിദ്യാർത്ഥിയെ ആദരിച്ചു. ഗണിതപൂക്കള മത്സരം നടത്തി. സംസ്ഥാന കോർഫ് ബോൾ ചാമ്പ്യൻഷിപ്പിൽ വയനാട് ജില്ലയെ പ്രതിനിധീകരിച്ചു. ദേശീയ മത്സരത്തിനുള്ള സംസ്ഥാന ടീമിലേക്ക് വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. സ്വാതന്ത്ര്യദിനാഘോഷം വിപുലമായി നടത്തി. ഹർഘർ തിരംഗയുടെ ഭാഗമായി വിദ്യാർത്ഥികൾ വീടുകളിൽ പതാകകൾ ഉയർത്തി. വിദ്യാലയത്തിൽ പതാക ഉയർത്തുകയും റാലി നടത്തുകയും വിവിധ മത്സരങ്ങൾ നടത്തുകയും ചെയ്തു. 2022 അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ വിജയിച്ച ഗോത്രവർഗ വിദ്യാർത്ഥികൾക്കായി ഏകദിന വിനോദയാത്ര സംഘടിപ്പിച്ച കർഷകദിനം വിപുലമായി ആച

രിക്കുകയും അധ്യാപകർ വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

സ്വാതന്ത്ര്യദിനാഘോഷ പരിപാടിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ സൈക്കിൾ റാലി, ടാബ്ലോ എന്നിവ നടത്തി ഓണപ്പാട്ട് ഓണപ്പൂക്കളം, ഓണക്കളികൾ, എന്നിവയോടെ ഓണപരിപാടികൾ ആഘോഷമാക്കി അധ്യാപകദിനത്തിൽ സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു.

**IV ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയും മാനന്തവാടി രൂപതാ  കോർപ്പറേറ്റ് ഏജൻസിയും ചേർന്ന് നടത്തിയ ലഹരി വിരുദ്ധ വാരാചരണ മത്സരത്തിൽ വിദ്യാലയം ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഭാരതത്തിന്റെ എഴുപത്തിയഞ്ചാമത് സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ച മാനന്തവാടി മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സ്വാതന്ത്ര ദിനാഘോഷറാലിയിൽ വിദ്യാലയം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ത്രിവർണ കുടകളും നിശ്ചല ദൃശ്യങ്ങളും വാദ്യമേളങ്ങളും റാലിയെ ആകർഷകമാക്കി. സംസ്കൃത ദിനാചരണത്തിന്റെ ഭാഗമായി യോഗ പരിശീലനം ആയുർവേദ മെസിക്കൽ ക്യാമ്പ് എന്നിവ നടത്തി. സ്കൂൾതല ശാസ്ത്രമേള സ്കൂൾ ഇലക്ഷൻ എന്നിവ നടത്തി.

**V അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

സംസ്ഥാനത്തെ പതിനയ്യായിരത്തിലും വിദ്യാലയങ്ങളെ കോർത്തിണക്കി കൈറ്റ് തയ്യാറാക്കിയ സ്കൂൾ വിക്കി പോർട്ടലിൽ വയനാട് ജില്ലയിലെ ഏറ്റവും മികച്ച പോർട്ടലിനുള്ള പുരസ്കാരം വിദ്യാലയത്തിന് ലഭിച്ചു. സൈക്കിൾ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ ആദ്യമായി സംഘടിപ്പിച്ച യു. സി. ഐ., എം. ടി. ബി. എലിമിനേറ്റർ സൈക്കിൾ വേൾഡ് കപ്പിൽ വിദ്യാലയത്തിലെ കായികാധ്യാപകൻ ഇന്ത്യയെ പ്രതിനിധീകരിച്ചു മത്സരത്തിൽ പങ്കെടുത്തു. ഈ വർഷത്തെ ഓണാഘോഷവും അധ്യാപകദിനവും പി. ടി. എ. യുടെയും സ്കൂൾ പാർലമെന്റിന്റെയും സഹകരണത്തോടെ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. ബത്തേരി മുനിസിപ്പാലിറ്റി നടത്തി വരുന്ന ഹാപ്പി ബത്തേരി പദ്ധതിയുടെ ഭാഗമായി മികച്ച SSLC റിസൾട്ടും അക്കാദമികേതര മേഖലയിലെ മികവും പരിഗണിച്ച ജില്ലയിലെ മറ്റ് സ്കൂളുകൾക്ക് മാതൃകയായി വിദ്യാലയത്തെ തിരഞ്ഞെടുത്തു.

സ്നേഹപൂർവ്വം

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

**October 2022**

*01 Saturday....................... Morning Kuttiyamvayal:*
*Jubilee Celebration*
*Afternoon: Dwaraka:*
*Jesus Youth Convention*

*03 Monday :........................Visitors' Day*
*Afternoon: Mananthavady Jacobite Church: Reception to new Bishop of Malabar diocese*

*04 Tuesday......................... Engaged*

*05 Wednesday.....................Visitors' Day*

*06 Thursday........................Engaged*

*07 Friday............................Chalakkudy*

*09 Sunday...........................Shamshabad: Episcopal Ordination of Msgr. Thomas Padiyath & Msgr Joseph Kollamparambil*

*10 Monday - 22 Saturday... Bangkok, FABC Meeting*

*23 Sunday - 31 Monday......Engaged*

***November***

*1 Tuesday............................Episcopal Ordination: Bishop-Elect Rev Dr Alex Tharanangalam*

*2 Wednesday.......................Engaged*

*3 Thursday..........................Kodencherry*

*4 Friday........................... Out of station*

*5 Bathery...........................MSMI Vestition*

*6 Sunday - 12 Saturday.....CBCI Bangalore*

*13 Sunday..........................MMC Benefactors' Day*

*14 Monday.........................Kayyunny: School anniversary*

*16 Wednesday....................Chundakkara Ordination: Bro. Christin Vallattuparambil Ofm.Cap.*

*17 Thursday......................Kallody: FCC Vestition*

*18 Friday...........................Out of station*

*19 Saturday.......................Thavinjal: Ordination: Dn. Living Kizhakkekudiyil Ofm.Cap.*

*21 Monday.........................Adikolly: Ordination: Dn. Amal Kottukappilly Ofm.Cap.*

*23 Wednesday....................Visitors' Day.*
*Evening: MMC Home day*

*25 Friday..........................Out of station*

*26 Saturday.......................Thalanji: School Anniversary*

*27 Sunday..........................Manimooly: Pastoral Visit*

*28 Monday........................Out of station*

*30 Tuesday........................Engaged*